REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

2nd DHANU 1110

17th DECEMBER 1934.



മിസ്സ് മാധുരി — 'കാശ്മീരം' എന്ന കഥയിൽ.

VOL. VII. NO. 15

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

# വൈദ്യഗ്രന്ഥങ്ങൾ.

## അഷ്ടാംഗഹൃദയം.

**"അരുണോദയം"** എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

സംസ്കൃതശ്ലോകങ്ങളോടും, പദംതിരിച്ചു് അത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാത്ഥികൾക്കും വൈദ്യന്മാക്കും ഒന്നുപോലെ ഉപയോഗപ്രദമായ രീതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുർഗ്രഹവിഷയത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. |
|---|---|---|
| സൂത്രസ്ഥാനം 1-ാംഭാഗം | 1 | 4 |
| ടി 2-ാംഭാഗം | 1 | 4 |
| ശരീരസ്ഥാനം | 1 | 0 |
| നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം ഒന്നാംഭാഗം | 1 | 8 |

ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു.

## രസരാജതരംഗിണി.

ഇത്ര വിശിഷ്ടമായ ഒരു വൈദ്യഗ്രന്ഥം മലയാളത്തിലുണ്ടായിട്ടില്ല. രസരത്നസമുച്ചയം, രസേന്ദ്രസാരസംഗ്രഹം മുതലായി സംസ്കൃതഭാഷയിലെ സമസ്തഗ്രന്ഥങ്ങളേയും, അഗസ്ത്യൻ മുതലായ സിദ്ധന്മാർ എഴുതിയിട്ടുള്ള അഗസ്ത്യർ ചരക്കവെപ്പു്, അഗസ്ത്യർതങ്കദ്രാവകം മുതലായ വിശിഷ്ടങ്ങളായ ചിന്താമണിസമ്പ്രദായങ്ങളെയും, ലാടസമ്പ്രദായങ്ങളെയും പരിശോധിച്ചു കെട്ടു്, മെഴുകു്, ജയനീർ, പൂനീർ, ദ്രുതി, സത്വം, ലവണക്രിയകൾ, സിന്ദൂരം, ഭസ്മം മുതലായ മുറകൾ അടങ്ങിയ അനവധി വിധാനങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന ഒരു മഹാഗ്രന്ഥമത്രേ രസരാജതരംഗിണി. ഇതിലെ പ്രയോഗങ്ങൾ സിദ്ധഫലങ്ങളും പരീക്ഷിച്ചറിഞ്ഞിട്ടുള്ളവയുമാണു്.

ഒന്നാംഭാഗം വില രൂ 1
രണ്ടാംഭാഗം വില രൂ 1 ണ 8.

## രസവൈദ്യഗ്രന്ഥമാല.

ഈ അത്ഭുതഗ്രന്ഥമാല വൈദ്യലോകത്തിനാകമാനം ഒരു അനുഗ്രഹമാണെന്നു് ചുരുക്കത്തിൽ പറയാം. രസം, ഗന്ധകം ആദിയായ ധാതുദ്രവ്യങ്ങളെ രണ്ടുമണിക്കൂർകൊണ്ടു സംസ്കരിച്ചെടുക്കുന്നതിനുള്ള സമ്പ്രദായങ്ങളേയും വിധികളേയും സമഷ്ടിയായി വിവരിക്കുകയാണു് ഈ ഗ്രന്ഥമാല ചെയ്യുന്നതു്.

ഒന്നാംപുസ്തകം വില അണ 4
രണ്ടാംപുസ്തകം വില അണ 4.
മൂന്നാംപുസ്തകം വില അണ 4.

## ബ്രഹ്മരഹസ്യം.

(ഒറ്റമൂലിപ്രയോഗങ്ങൾ)

അനേകം ഒറ്റമൂലിപ്രയോഗങ്ങളേയും അനുഭവവൈദ്യസംഗ്രഹങ്ങളേയും ക്രോഡീകരിച്ചു രചിച്ചിട്ടുള്ള ഒന്നാംതരം വൈദ്യഗ്രന്ഥം. എല്ലാവിധ രോഗങ്ങൾക്കുമുള്ള ചികിത്സാവിധികളെ ഇതിൽ സുസ്പഷ്ടമായി വിവരിച്ചു വിശദമാക്കിയിട്ടുണ്ടു്. വില അണ 4

## നാഡീദർപ്പണം

ശാസ്ത്രരീത്യാ ചികിത്സനടത്തുന്നതിനു ഏററവും ഉപകാരപ്രദമായ ഒരു പുസ്തകമാണു് ഇതു്.

വില അണ 6.

## ആരോഗ്യരക്ഷാശാസ്ത്രം.

മൂലഗ്രന്ഥകത്താ, മഹാത്മാഗാന്ധി.

ലൂയിക്കൂണി, അഡോൾഫ്ജൂസ്ററു, തുടങ്ങിയ പ്രകൃതിചികിത്സകന്മാരുടെ സമ്പ്രദായങ്ങൾ പഠിച്ച മഹാത്മാഗാന്ധി തദനുസരണമായി 20-കൊല്ലം ജീവിച്ചതിന്റെ ഫലങ്ങളാണു് ഈ വിശിഷ്ടഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. വില അണ 8.

## വിഷവൈദ്യതരംഗിണി.

ഭിഷഗ്വരന്മാരും വൈദ്യന്മാരും എന്നു മാത്രമല്ല സകലരും വായിച്ചു പഠിച്ചിരിക്കേണ്ട ഒരു വിശിഷ്ടഗ്രന്ഥം- വില അണ 8.

## ആരോഗ്യരക്ഷാവിധികൾ.

മൂന്നു ഭാഗങ്ങൾ.

ഗ്രന്ഥകത്താ, ഡാക്ടർ എൽ. ഏ. രവിവമ്മ
എം. ബി. സി. എം. ഡി ഓ. എം. എസ്സ്.

ആരോഗ്യം എന്ന അക്ഷരങ്ങൾക്കു എന്തെങ്കിലും വിലകല്പിക്കുന്നവർ, ഐഹികജീവിതത്തിലെ സുഖമെന്തെന്നറിയണമെന്നുള്ളവർ, വൈദ്യന്മാക്കു അനാവശ്യമായി പണം കൊടുത്തു നഷ്ടപ്പെടരുതെന്നുള്ളവർ, ഏററവും ലളിതമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്ന ഈ ഗ്രന്ഥാവലി വായിച്ചറിഞ്ഞിരിക്കേണ്ടതാണു്. പാശ്ചാത്യപൌരസ്ത്യശാസ്ത്രങ്ങളിലെ അപാരപാണ്ഡിത്യംനിമിത്തം ഈ ഗ്രന്ഥകത്താവിന്റെ അഭിപ്രായങ്ങൾ ഈ രാജ്യത്തിലെ ശീതോഷ്ണസ്ഥിതി മുതലായവയ്ക്കു ഏററവും അനുയോജ്യമായിട്ടുള്ളവയാണെന്നു പറയേണ്ടതില്ലല്ലോ. വിദ്യാത്ഥികൾക്കു ഏററവും ഉപയോഗപ്രദം. ചിത്രങ്ങൾ അനവധി ചേത്തു വിവരണങ്ങളെ പൂരിപ്പിച്ചിരിക്കുന്നു.

ഒന്നാംഭാഗം വില അണ 8.
രണ്ടാംഭാഗം വില അണ 12
മൂന്നാംഭാഗം വില അണ 8

## ആരോഗ്യസോപാനം

ആരോഗ്യരക്ഷയെസംബന്ധിച്ചു യുക്തിപൂവ്വങ്ങളായ ചില ഉപദേശങ്ങൾ. വില അണ 4

## വിഷചികിത്സാതന്ത്രം.

(ഗ്രന്ഥകത്താ, സ്വാമി ബാലാനന്ദ)

സപ്പവിഷത്തെ ഭയപ്പെടേണ്ടാ! രഹസ്യൌഷധികൾ, രഹസ്യമന്ത്രങ്ങൾ, രഹസ്യയന്ത്രങ്ങൾ, എല്ലാം ഇതാ പുറത്തായിരിക്കുന്നു. പാമ്പിനെ വരുത്തുകയും, പിടിക്കുകയും ചെയ്യാനുള്ള എല്ലാ ക്രിയാവിധാനങ്ങളും ഈ ഗ്രന്ഥത്തിൽനിന്നും ഗ്രഹിക്കാവുന്നതാണു്. വിഷവൈദ്യന്മാക്കും വിദ്യാത്ഥികൾക്കും, അല്ലാത്തവക്കും ഈ ഗ്രന്ഥം ഒരുത്തമബന്ധുവാകുന്നു. കുറച്ചുപ്രതികൾ മാത്രമേ തയാറുള്ളു. ഉടനേ അപേക്ഷിക്കുക. വില അണ 6-മാത്രം.

കൂടാതെ ഭാഗവതം, ഭാരതം, രാമായണം ആദിയായ കിളിപ്പാട്ടുകൾ, പലമാതിരിയിലുള്ള ഗദ്യപുസ്തകങ്ങൾ, സംഗീതനാടകങ്ങൾ, ഊഞ്ഞാൽപ്പാട്ടുകൾ, തുള്ളക്കഥകൾ ആട്ടക്കഥകൾ മുതലായ എല്ലാപുസ്തകങ്ങളും വില്പനയ്ക്കു എപ്പോഴും തയാറുണ്ടു്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ക്യാററ്ലാഗിനു് അപേക്ഷിക്കുക.

# മലയാളരാജ്യം

## ചിത്രവാരിക.

| പുസ്തകം ൬ | ൧൧൧൦ ധനു ൨-ാംനു- തിങ്കളാഴ്ച. | ലക്കം ൧൫. |
|---|---|---|


### പ്രിൻസസ്സ് പാൾ



യൂഗോസ്ലേവിയായിലെ ബാലരാജാവായ പീററിൻെറ പ്രായപൂർത്തിവരെ റീജൻസിഭരണം നടത്തുന്ന മൂന്നംഗങ്ങളിൽ ഒരാളായ പ്രിൻസ്പാളിൻെറ പത്നി പ്രിൻസസ്സ് പാൾ യൂറോപ്പിലെ രാഷ്ട്റിയ ചക്രവാളത്തിൽ പ്രകാശമാനയായി തീൎന്നുതുടങ്ങിയിരിക്കുന്നു.

U. P. S.

# യാചകവൃത്തി.

## അതു് ഇല്ലായ്മചെയ്യുന്നതിനുള്ള മാർഗ്ഗം എന്തു്?

പി. കെ. രാജരാജവർമ്മ എം. എ.

യാചകവൃത്തി എന്നതു് സമുദായത്തിനു പിടിപെട്ടിരിക്കുന്ന ഒരു രോഗമാണെന്നും അതിനെ ഉച്ചാടനംചെയ്യേണ്ടതു് അഭിലഷണീയവും അവശ്യവും ആണെന്നും എല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാണു്. രാജ്യമാസകലം പടർന്നുപിടിച്ചിട്ടുള്ള ഇതിനെ സാരമായ വിധത്തിൽ സ്പർശിക്കുന്നതിനു്, അങ്ങും ഇങ്ങും ഇരുന്നുകൊണ്ടു് ചില്ലറ ഒറ്റവിദ്യകൾ പ്രയോഗിച്ചാൽ മതിയാവുകയില്ലെന്നും, ഒരു അഖിലേന്ത്യാപ്രശ്നമായി കരുതി ഇതിനോടു യുദ്ധംതുടങ്ങേണ്ടതാണെന്നും ഉള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകുവാൻ ഇടയില്ല. എന്നാൽ അതിനുള്ള മാർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കുമ്പോളാണു് വലിയ അഭിപ്രായവ്യത്യാസങ്ങൾ പ്രത്യക്ഷപ്പെടുന്നതു്.

യാചനയുടെ ഉത്ഭവം ദാരിദ്ര്യത്തിൽനിന്നും ആകുന്നു. അതുകൊണ്ടു്, യാചനക്കു എതിരായുള്ള ശ്രമങ്ങൾ പ്രായേണ ദാരിദ്ര്യനിവാരണത്തിനുള്ള ശ്രമങ്ങൾ ആയിരിക്കുന്നതാണു്. രോഗംകൊണ്ടും വാർദ്ധക്യംകൊണ്ടും മററും വേലചെയ്യാൻ സാധിക്കാത്ത അഗതികളെ സർക്കാരും പൊതുജനങ്ങളും ചേർന്നു സംരക്ഷിക്കേണ്ടതാണെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. എന്നാൽ, അരോഗദൃഢഗാത്രന്മാരായ ഭിക്ഷക്കാരെ എന്താണുചെയ്യേണ്ടതു് എന്നതിനു് സുസമ്മതമായ ഒരു തീരുമാനവും ഉണ്ടായിട്ടുള്ളതായി അറിവില്ല.

അരോഗദൃഢഗാത്രന്മാരുടെ യാചനയേ നിയമംമൂലം ശിക്ഷാർഹമാക്കണമെന്നു പല പ്രാസംഗികന്മാരും പത്രാധിപന്മാരും അഭിപ്രായപ്പെടുന്നുണ്ടു്. ഇങ്ങനെ ഒരു നിയമം വന്നാൽ, ഭിക്ഷക്കാരെല്ലാം ഏതെങ്കിലും ഒരു വേലയിൽ പ്രവേശിക്കുന്നതിനു ശ്രമിക്കും എന്നതു ശരിയാണു്. എന്നാൽ, രാജ്യത്തിന്റെ ഇന്നത്തേനിലയിൽ അവരിൽ 95 ശതമാനവും വേല ലഭിക്കാതെ നിരാശരായി മടങ്ങേണ്ടിവരുമെന്നതു് ഭയങ്കരമായ ഒരു വാസ്തവമത്രെ. പിന്നെ അവരുടെ സ്ഥിതി എന്തായിരിക്കും? പട്ടിണികിടന്നു മരിക്കുകയോ? അവർ തീർച്ചയായും നിയമത്തെ ലംഘിച്ചു ജയിലിൽ പോയി പട്ടിണികൂടാതെ കഴിക്കും. സർക്കാരിനു നഷ്ടംകൂടാതെ ഇരിക്കണമെങ്കിൽ, ഇവർക്കെല്ലാം ജയിലിനുള്ളിൽ വേലയുണ്ടാക്കി കൊടുക്കണം. ഇതു സാദ്ധ്യമാണെങ്കിൽ, ഈ വേലതന്നെ ഗവമെൻറു് ജയിലിനു വെളിയിൽ ഉണ്ടാക്കിക്കൊടുത്താൽ ഈ ദുരിതങ്ങൾ കൂടാതെ കഴിക്കാമല്ലോ. അപ്പോൾ മൌലികമായി ഉള്ള പ്രശ്നം, തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുക എന്നതാണെന്നു വ്യക്തമാകുന്നു.

രാജ്യത്തെ വ്യവസായികരിക്കണമെന്നും, രാജ്യമാസകലം യന്ത്രശാലകൾ സ്ഥാപിച്ചു അവയിൽ തൊഴിലില്ലാത്തവർക്കെല്ലാം വേലകൊടുക്കണമെന്നും പല രാഷ്ട്രതന്ത്രജ്ഞന്മാരും പൊതുകാര്യപ്രസക്തന്മാരും അഭിപ്രായപ്പെടുന്നുണ്ടു്. ഈ അഭിപ്രായം പ്രബലപ്പെട്ടുവരുകയും അതനുസരിച്ചു ചില ശ്രമങ്ങൾ പലയിടങ്ങളിലും ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്. ഈ പദ്ധതി എത്രയും ആപൽക്കരമാണെന്നും, അതു് തൊഴിലില്ലായ്മയേയും യാചനയേയും ഇല്ലായ്മചെയ്യുന്നതിനു പകരം അവയേ നൂറുമടങ്ങു വർദ്ധിപ്പിക്കുമെന്നും, സ്വല്പം ആലോചിച്ചാൽ തെളിയുന്നതാണു്.

വിദേശങ്ങളിൽനിന്നു ഇറക്കുമതിചെയ്യപ്പെടുന്ന സാധനങ്ങൾ മാത്രം നിർമ്മിക്കുന്നതിനുള്ള യന്ത്രശാലകൾ ഇന്ത്യയിൽ സ്ഥാപിച്ചാൽ, ഈ രാജ്യത്തിൽ ഇപ്പോൾ ഉള്ള തൊഴിലില്ലായ്മയ്ക്കു സ്വല്പം കുറവുവരുത്തും എന്നതു് നിസ്സന്ദേഹമാകുന്നു. എന്നാൽ, ആനവായിൽ അമ്പഴങ്ങാ എന്നപോലെ, ഭീമമായ ഈ പ്രശ്നത്തിന്റെ എത്രയോ തുച്ഛമായ ഒരുഭാഗം മാത്രമേ അതു പരിഹരിക്കുന്നുള്ളു. വ്യവസായീകരണം വേണമെന്നു ശഠിക്കുന്നവർ ഇതുകൊണ്ടു തൃപ്തിപ്പെടുന്നില്ല. നമുക്കു് ആവശ്യമുള്ളതും ഇല്ലാത്തതും ആയ സകലസാധനങ്ങളും യന്ത്രങ്ങളിൽ നിർമ്മിക്കപ്പെടണം എന്നാണു് അവരുടെ മതം. ഇന്നു് ഗൃഹങ്ങളിലും ഗ്രാമങ്ങളിലും നടപ്പിലിരിക്കുന്ന ചെറുവ്യവസായങ്ങൾ മിക്കവാറും നശിപ്പിച്ചു് അവയ്ക്കു പകരം പട്ടണങ്ങളിലേ വ്യവസായശാലകളേ വർദ്ധിപ്പിക്കുക എന്നതായിരിക്കും പദ്ധതിയുടെ അവസാനം. മഹാത്മാഗാന്ധി ചൂണ്ടിക്കാണിക്കുന്നതുപോലെ യന്ത്രവ്യവസായശാലകളിൽ ജോലിചെയ്യുന്ന ഓരോരുത്തനും, അവൻ അറിയാതെതന്നെ, മുപ്പതിൽപരം സാധുക്കളായ ഗ്രാമീണരുടെ പരമ്പരയായുള്ള തൊഴിലിനേ അപഹരിച്ചെടുത്തു അവരുടെ വായിൽ മണ്ണടിക്കുകയാകുന്നുചെയ്യുന്നതു്. യന്ത്രവ്യവസായശാലകൾ ധാരാളം സ്ഥാപിച്ചാൽ ഇന്നു തൊഴിലില്ലാതെ നടക്കുന്നവർക്കെല്ലാം വേലകൊടുക്കുവാൻ സാധിച്ചേക്കാം. എന്നാൽ അവരുടെ മുപ്പതു ഇരട്ടി ജനങ്ങൾ, ഇന്നു സ്വഗൃഹങ്ങളിൽ ഇരുന്നു പണിയെടുത്തു 'കഷ്ടിച്ചുകഷ്ടിച്ചു്' കാലയാപനംചെയ്യുന്ന ലക്ഷോപലക്ഷം സാധുക്കൾ, അതോടുകൂടി ഘോരമായ പട്ടിണിയേയോ നീചമായ യാചകവൃത്തിയേയോ സ്വയം വരിക്കേണ്ടതായിവരുന്നതാണു്. വ്യവസായികരണത്തിന്റെ മൂർദ്ധന്യം പ്രാപിച്ചിട്ടുള്ള ഒരു രാജ്യമാണല്ലോ ഇംഗ്ലണ്ടു്. അവിടുത്തെ വ്യവസായോല്പന്നങ്ങളേ ചെലവാക്കുന്നതിനു് ഇംഗ്ലണ്ടിനെ അപേക്ഷിച്ചു് അനവധി മടങ്ങു വലിപ്പമുള്ള ഒരു സാമ്രാജ്യവും മററുരാജ്യങ്ങളും ഉണ്ടു്. എന്നിട്ടും, ഇംഗ്ലണ്ടിലേ തൊഴിലില്ലായ്മ ഭയങ്കരമായിതന്നേ ഇപ്പോഴും ഇരിക്കുന്നു. ഈ കണക്കിനു, ലോകം മുഴുവൻ തന്റെ അധീനതയിൽ ആയാൽ മാത്രമേ, വ്യവസായികരിക്കപ്പെട്ട ഒരു ഇന്ത്യക്കു്, തൊഴിലില്ലായ്മയേ ഇംഗ്ലണ്ടിലേ നിരക്കിൽ കവിയാതെ സൂക്ഷിക്കുന്നതിനു സാധിക്കുകയുള്ളു. ഇതു സാദ്ധ്യമാണോ? ആണെങ്കിൽതന്നെ, അപ്പോഴും അവശേഷിക്കുന്ന തൊഴിലില്ലാത്തവരുടെ സംഖ്യ എത്ര ഭീമമായിരിക്കും? വ്യവസായീകരണംകൊണ്ടു് സാമാന്യജനങ്ങൾക്കു ഗുണംലഭിക്കുന്നതു പൂർണ്ണമായ കമ്മ്യൂണിസം നടപ്പുള്ള ഇടങ്ങളിൽ മാത്രമാകുന്നു. കമ്മ്യൂണിസം സ്വീകരിക്കുന്നതിനു ഇന്ത്യ ഇന്നു തയാറാണോ? വ്യവസായീകരണപ്രസ്ഥാനക്കാർക്കു് കമ്മ്യൂണിസം സ്വീകാര്യമാണോ?

ഇന്ത്യയുടെ ഇന്നത്തെ പരിതസ്ഥിതികളിൽ കാര്യക്ഷമവും പ്രായോഗികവുമായ ഏകപ്രവൃത്തിപദ്ധതി മഹാത്മാഗാന്ധിയുടെ ഗ്രാമീണവ്യവസായ പുനരുദ്ധാരണസംരംഭം മാത്രമാകുന്നു. രാജ്യംമാത്രമല്ല, ഓരോ ഗ്രാമവും പരാശ്രയംകൂടാതെ ജീവിക്കാൻ ശ്രമിക്കട്ടെ. ഒരു ഗ്രാമത്തിലേക്കാവശ്യമുള്ള സാധനങ്ങൾ ആ ഗ്രാമത്തിലെ ജനങ്ങൾ നിർമ്മിക്കട്ടെ. ഓരോരുത്തരും അവരവരുടെ ഗ്രാമത്തിൽ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങിഉപയോഗിക്കട്ടെ. അപ്പോൾ നാട്ടിൻപുറങ്ങളിലുള്ള തൊഴിലില്ലായ്മ മിക്കവാറും പരിഹരിക്കപ്പെടും. നാട്ടിൻപുറങ്ങളിൽ ജീവിക്കുന്നതിനു നിവൃത്തിയില്ലാതെവന്നിട്ടാണു അനവധി ആളുകൾ പട്ടണങ്ങളെ അഭയം പ്രാപിക്കുന്നതു്. ഗ്രാമങ്ങളിൽ മാനമായി ജീവിക്കാൻ സാധിക്കുമെന്നുവന്നാൽ അവർ വൃഥാ പട്ടണങ്ങളിൽ പോയി തെണ്ടുകയില്ല. ഗ്രാമീണവ്യവസായങ്ങളുടെ പുനർജീവനം ഗ്രാമങ്ങളിലെമാത്രമല്ല, പട്ടണങ്ങളിലേയും തൊഴിലില്ലായ്മ, ദാരിദ്ര്യം, യാചകവൃത്തി ഇവയെ ലഘൂകരിക്കുന്നതാണു്.

ഭാരതത്തിലേ യാചകരേ അവരുടെ ദയനീയസ്ഥിതിയിൽനിന്നും മോചിപ്പിച്ചു. അവർക്കു സ്ഥായിയായ എന്തെങ്കിലും ഉപകാരം ചെയ്യണമെന്നു ആഗ്രഹിക്കുന്നവർ (ഇങ്ങനെ ആഗ്രഹിക്കാത്തതു ആരാണു്?) മഹാത്മജിയുടെ ഈ പദ്ധതിയെ സർവ്വാത്മനാ സഹായിക്കേണ്ടതാകുന്നു. യന്ത്രനിർമ്മിതങ്ങളായ സാധനങ്ങളുടെ മോടിയും വിദേശീയഫാഷൻസും കണ്ടു ഭ്രമിച്ചു മതിമറക്കാതെ, ഗ്രാമീണവ്യവസായോല്പന്നങ്ങളെ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി വാങ്ങി ഉപയോഗിക്കുക എന്നതു് എത്ര എളിയവനും ചെയ്യാവുന്നതും ചെയ്യേണ്ടതും ആയ ഒരു സഹായമാകുന്നു. നാം ചിലവാക്കുന്ന ഓരോ കാശും ലങ്കാഷയറിലോ ജപ്പാനിലോ ബാംബയിലോ ഉള്ള ലക്ഷപ്രഭുക്കന്മാരുടെ വീർത്ത കീശയെ കൂടുതൽ വീർപ്പിക്കാതെ ഒരു ഗ്രാമീണനേയും ആയാളുടെ കുടുംബത്തേയും ദാരിദ്ര്യപിശാചിൽനിന്നും രക്ഷിക്കുന്നതിനു സഹായകമായിത്തീരട്ടെ.

കുടിൽവ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതോടുകൂടി യാചനയുടെ നീചത്വവും വേലയുടെ മാഹാത്മ്യവും യാചകരേ മനസ്സിലാക്കുന്നതിനു പ്രചരണവേലയും ചെയ്യേണ്ടതാണു്. രോഗംകൊണ്ടും വാർദ്ധക്യംകൊണ്ടും വേലചെയ്യാൻ കഴിയാത്തവർക്കു സർക്കാരിന്റെ ആഭിമുഖ്യത്തിലും പൊതുജനങ്ങളുടെ സഹകരണത്തോടുകൂടിയും അഗതിമന്ദിരങ്ങൾസ്ഥാപിക്കണം. ഇത്രയുംകൊണ്ടു, യാചകവൃത്തിക്കു ഉന്മൂലനാശം വന്നില്ലെങ്കിലും, അതിന്റെ വങ്കത്വവും ഭയങ്കരതയും മിക്കവാറും നശിക്കുന്നതാണു്.

# ഒരു സായാഹ്നം.

വി. ഗോപാലപിള്ള ബി. എ. എൽ റ്റി.

അതേ, കുംഭമാസത്തിലാണ്. വിദ്യാൎത്ഥിവൎഗ്ഗത്തിന്റെ നിരുവാങ്ങുന്ന പരീക്ഷാഭ്രതം വായും തുറന്ന് വൎത്തമാനത്തിലേക്കു നീങ്ങിത്തുടങ്ങിയകാലം. കാളേജു വിദ്യാൎത്ഥികൾ കാഴ്ചബംഗ്ലാവു് തോട്ടങ്ങളിലും നക്ഷത്രബംഗ്ലാവുബാൻഡുപുരയിലും മററും മററും പുസ്തകങ്ങളുമായി ഓടിനടന്നു പഠിച്ചു പരീക്ഷയ്ക്കു തയാറാകുന്ന കാലം. മിസ്റ്റർ പരമേശ്വരമേനവൻ കോവളംകാണുന്നതിനുള്ള അത്യൎത്ഥകണ്ടു ഇതാ! വീണ്ടും പ്രകടിപ്പിക്കുന്നു അദ്ദേഹത്തിനു ഈ തെക്കൻദിക്കുകളിൽ എന്തിനോടെങ്കിലും ഒരനുഭാവമുണ്ടെങ്കിൽ അതു വൻപിച്ച പാറക്കൂട്ടങ്ങളോടാണ്. സ്നേഹിതൻ മിസ്റ്റർ ശിവശങ്കരപ്പിള്ളയുടെ വസതിക്കു സമീപമുള്ള തുങ്ങാൻപാറക്കു ഒരവസരത്തിൽ ഞങ്ങൾ ഒരു വിനോദയാത്ര പുറപ്പെട്ടപ്പോഴാണ് മി: മേനവന്റെ ഈ ഭ്രാന്തിന്റെ യഥാൎത്ഥസ്വരൂപം മനസ്സിലായതു്. അന്നു കുറിച്ച കോവളംയാത്ര മാസം ആറുകഴിഞ്ഞിട്ടും കഴിഞ്ഞിട്ടില്ല. അതുകൊണ്ടു മേനവൻ നെററിചുളിപ്പപ്പോൾ ഞങ്ങൾ പോകാൻതന്നെ തീൎച്ചപ്പെടുത്തി.

കോവളത്തെത്തിയപ്പോൾ മണി എട്ടുകഴിഞ്ഞതേഉള്ളു. നല്ല പ്രഭാതം. കറുത്തിരുണ്ട ഗഗനതലത്തെ ആശ്ലേഷിച്ചു വിസ്താരത്തിൽ കിടക്കുന്ന പാരാവാരം അലഞ്ഞുകയറി പാറക്കൂട്ടങ്ങളിൽ സംഘട്ടനംചെയ്തു മുഴക്കുന്ന ഗംഭീരധ്വനി ഒരു നിതാന്തശ്രുതിയാണ്. നിത്യസംഘട്ടനം പാറകളിൽ തുരന്നുകയറി സൃഷ്ടിച്ചിട്ടുള്ള ഗുഹകൾ, അലയടിച്ചു കയറുമ്പോൾ പുറപ്പെടുവിക്കുന്ന പ്രതിധ്വനി സിംഹഗൎജ്ജനങ്ങളാണെന്നു തോന്നിപ്പോകും. കാററ് ഊററമായി തുടങ്ങിയിരുന്നില്ല. അതുകൊണ്ടു ഒന്നു ചുററിത്തിരിഞ്ഞിട്ടു മിസ്റ്റർ പിള്ളയുടെ നിൎദ്ദേശമനുസരിച്ച് അവ്വാട്ടുതുറ അയ്യിപ്പിള്ള ആശാനവൎകളുടെ പാവനക്ഷേത്രം സന്ദൎശിക്കുന്നതിനു പുറപ്പെട്ടു. ഹാ! കഷ്ടം! അവിടെ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു ഒരു കാലത്തു ആ മഹാത്മാവിന്റെ പദദാസ്യം വഹിച്ച മഹാലക്ഷ്മി ഇന്നിതാ 'അക്കാളെ പരിത്യജിച്ചിട്ടു, സ്ഥിരമായി പിരിഞ്ഞിരിക്കുന്നു. ലക്ഷ്മിയും, സരസ്വതിയും ഇന്നിവിടെ കുടിയിരിപ്പില്ല സാഹിത്യരസികന്മാരുടെ തീൎത്ഥയാത്രാസ്ഥലമായിരിക്കേണ്ട ആ പുണ്യസ്ഥലം പട്ടണവാസികളുടെ വല്ലപ്പോഴുമുള്ള സന്ദൎശനത്തിന്റെപോലും വിധേയമായിരുന്നില്ല. ഭവനം ഭരദേവതാലയം, ആശാന്റെ സമാധിസ്ഥലം ഇതൊക്കെ ഞങ്ങൾ നടന്നുകണ്ടു. ഒരുനല്ല സംഗീതരസികനായ ശിവശങ്കരപ്പിള്ള ആശാന്റെ രാമകഥപ്പാട്ടിന്റെ ചിലഭാഗങ്ങൾ ആ പാവനക്ഷേത്രത്തിൽ കൈകൂപ്പിനിന്നു കീൎത്തിച്ചു.

കടൽ ഉള്ളിലേയ്ക്കു കടന്നുകയറി വിസ്തൃതമാക്കിത്തീൎത്തിട്ടുള്ള ഒരു നീൎചാലു കോവളദേശചരിത്രത്തിൽ ഒരു പ്രധാനസ്ഥാനത്തിനു അൎഹതയുള്ളതാണ്. പണ്ടൊരുസാഹസികനായ വെള്ളക്കാരൻ അതിന്റെ ആഴം കാണുന്നതിനു തുനിഞ്ഞു എന്നും അയാളെ പിന്നീടു കണ്ടിട്ടില്ലെന്നും മററും ഫലിതസമ്മിശ്രമായ ചില പൊടിക്കൈകൾ മി: പിള്ള തട്ടിവിട്ട് മേനവനെ അത്ഭുതപ്പെടുത്തി. ഒടുവിൽ ഒരു മണിയോടുകൂടി ഞങ്ങൾ വടക്കുമാറി സൂൎയ്യരശ്മിയുടെ ചൂടുതട്ടാത്ത ഒരു ഭാഗത്തു വിശ്രമിക്കാൻ തുടങ്ങി. കരുതിക്കൊണ്ടുവന്നിരുന്ന ആഹാരസാധനങ്ങൾ നിരത്തി വട്ടമിട്ടിരുന്നപ്പോൾ ഞങ്ങളുടെ വനഭോജനത്തെ വിഘാതപ്പെടുത്തുവാൻ ഒർലാൻഡോവിന്റെ പുറപ്പാടുണ്ടാകുന്നോ എന്നു ചുററുപാടു ഒന്നു നോക്കിപ്പോയി. വിഭവങ്ങളോടുകൂടിയ വിട്ടിലെ ഭക്ഷണങ്ങൾ ഭിക്ഷവാങ്ങേണ്ടസുഭിക്ഷത അന്നത്തെ വനഭോജനത്തിനുണ്ടായിരുന്നു. എന്നാൽ അന്നത്തെ യാത്രയെ ശശ്വത്താക്കിയ ഒരു സംഭവം തീൻ കഴിഞ്ഞു നടന്ന ഒരു വാദകോലാഹലമായിരുന്നു

സംഭാഷണത്തിന്റെ ഒരു പ്രത്യേകത ശാഖാചംക്രമണം ചെയ്ത് എങ്ങോട്ടെന്നില്ലാതെ 'ഗതി'ക്കുന്നതിനുള്ള ഒരു വിശേഷതയിലാണ് സ്ഥിതിചെയ്യുന്നതു്. അന്നും ആശാന്റെ ഭവനസ്മരണ സാഹിത്യവിഷയത്തിലേയ്ക്കും, വടക്കനും തെക്കനുമായ സാഹിത്യങ്ങളിലേയ്ക്കും സംഭാഷണത്തെ നയിച്ചു ഒടുവിൽ മി: എം. പി. പോളിന്റെ നോവൽസാഹിത്യത്തിൽ അവസാനിപ്പിച്ചു. പരീക്ഷയോടടുത്തകാലമായിരുന്നതിനാലും, പ്രേമാമൃതം പാഠ്യപുസ്തകമായിരുന്നതിനാലും മി: പോളിന്റെ അഭിപ്രായങ്ങളുടെ ഒരു സാമാന്യജ്ഞാനം ഞങ്ങളുടെ ശ്രദ്ധയ്ക്കു ഗുരുനാഥൻ വിഷയമാക്കിയിരുന്നു. അപ്പോൾതന്നെ സാമാന്യത്തിലധികം ക്ഷോഭിച്ചിരുന്ന മി: പിള്ള പോളെന്ന നാമശ്രവണത്തിൽ ഇങ്ങിനെ അട്ടഹസിച്ചു

ശി: ശ: "എൻറിഷ്ടാ! ഞാൻ പോളിന്റെ പുസ്തകം വായിക്കുന്നില്ല എനിക്കയാളുടെ ഔദ്ധത്യം സഹിക്കുക പ്രയാസം. സി. വി യെപ്പററി നിരൂപണം ചെയ്യുന്നതിന് ഈ മനുഷ്യന് എന്തുയോഗ്യതയുണ്ടു ഹേ! സീ. വി യുടെ കഥാരംഗമായിത്തീൎന്നിട്ടുള്ള തെക്കൻദിക്കുമായി ഇയാൾക്കു എന്തുപരിചയമുണ്ടു് എന്തനുഭവമുണ്ടു. ആട്ടെ മി: മേനവൻ നിങ്ങളുടെ ദൈവമാണല്ലോ അയാൾ. എന്തൊക്കെയാണു് അയാൾ പ്രേമാമൃതത്തെപ്പററിപ്പറയുന്നതു."

മേനവൻ—"മി: പിള്ളേ! നിങ്ങളുടെ ദേശാഭിമാനത്തിനു ആരും കമ്പിടണം. എങ്കിലും ഉള്ളതു പറഞ്ഞാലുറിയും ചിരിക്കും. സീ. വി. ഒരു പുതിയ സാഹിത്യരീതി ഭാഷയ്ക്കു പ്രദാനംചെയ്തിട്ടുണ്ടു്. ചില നല്ല ഗ്രന്ഥങ്ങളും എഴുതീട്ടുണ്ടു്. എന്നാലും ദോഷം ദോഷമല്ലെന്നു വരുന്നതല്ല. അദ്ദേഹം പ്രേമാമൃതം എഴുതണ്ടായിരുന്നു എന്നാണു എനിക്കുള്ള അഭിപ്രായം ഈ വിഷയത്തിൽ ഞാൻ മി: പോളിനോടു പൂൎണ്ണമായി യോജിക്കുന്നു. നിങ്ങൾ ക്ഷോഭിക്കാതെ കേൾക്കുമെങ്കിൽ പറയാം"

ശി: ശ – "നിങ്ങൾ പ്രേമാമൃതം എത്ര പ്രാവശ്യം വായിച്ചിട്ടുണ്ടു്."

മേനവൻ—"അതാണിഷ്ടാ! അതിനുള്ള പ്രധാനദൂഷ്യം ഒരു നോവൽ ന്യൂറൊന്നാവൎത്തിക്കാൻ ജീവിതത്തിനു ദൈൎഘ്യം പോരാ ഹേ! ക്ഷമിച്ചുകേൾക്കു

പ്രേമാമൃതം ഒരു സാമുദായികാഖ്യായികയെന്നു മുദ്രണംചെയ്തു കാണുന്നുണ്ടെങ്കിലും ആഖ്യായിക എന്നും നോവൽ എന്നും പറഞ്ഞുകാണുന്നതിൽ പ്രത്യേകിച്ച് അൎത്ഥവ്യത്യാസം ഇല്ലാത്ത കാലത്തോളം അതും ഒരു സാമുദായികനോവൽ എന്നേ വരുന്നുള്ളു. ഒരു സാമുദായികനോവൽ സമുദായത്തിന്റെ ഒരു ചിത്രമായിരിക്കണം. എന്തെങ്കിലും ഒരു സമുദായാനാചാരത്തെ പരിഹരിക്കാൻ പൎയ്യാപ്തമായാൽ അതു ഉത്തമമായി. ഇന്ദുലേഖ ഈ ആവശ്യങ്ങളെ എത്ര യുംഭംഗിയായി നിൎവഹിക്കുന്നുണ്ടു്. നിങ്ങളുടെപ്രേമാമൃതംജാലവിദ്യക്കാരന്റെ മോടിപ്പുകിട്ടുകാട്ടി ആൎക്കും നിരക്കാത്ത പാത്രങ്ങളെ സൃഷ്ടിച്ച് അവരെക്കൊണ്ടു അത്ഭുതകൎമ്മങ്ങൾ ചെയ്യിച്ച് 'സ്മാരം സ്മാരം സമസ്തപ്രതിഭടപടലീ' എന്നു ചടചടായമാനമായി അട്ടഹസിച്ചാൽ എന്താണ് പ്രയോജനം. വെൻഡററയിൽ ഒരു ദുൎവൃത്ത, ഭൎത്തൃവഞ്ചനയും സ്നേഹിതൻ മിത്രദ്രോഹവും ചെയ്തു എന്നുള്ള തത്വത്തെയാണല്ലോ ഇവരുടെ ഖണ്ഡിക്കുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിനു വേണ്ടി ചെയ്തിട്ടുള്ള സൃഷ്ടിയായ മണികണ്ഠൻ എത്രമാത്രം പററിയിട്ടുണ്ടെന്നു ഞാൻ പറയണമെന്നില്ല. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന പ്രമാണത്തെ സമൎത്ഥിക്കുവാൻ ചെയ്യുന്ന സാഹസങ്ങൾ വളരെയാണ്. മണികണ്ഠനെ ദുഷ്ടതകളുടെ മൂൎത്തിയാക്കി സൃഷ്ടിച്ചതും പോരാതെ ഗ്രന്ഥകാരൻ ഇടക്കിടെ അയാളുടെ പ്രവൃത്തികളെ വ്യാഖ്യാനിച്ച് സംഗതികളെ കൂടുതൽ വഷളാക്കുന്നുമുണ്ടു്. സ്വഭാവത്തോടു സാദൃശ്യമില്ലാത്ത ഈ പാത്രം ഒരു ദുൎയ്യോധനനോ രാവണനോ ആണെന്നാണ് കൂടുതൽ തോന്നിപ്പോകുന്നതു്

അടുത്ത കഥാപാത്രം പങ്കിപ്പണിക്കരാണ്. ഇയാൾ സ്വയം ആംക്രോത്തുകൃഷ്ണമേനവനാണെന്ന് വീരവാദം ചെയ്യുന്ന സ്ഥിതിക്കു കണ്ടവന്റെ ആട്ടും കിഴുക്കും കൊണ്ടു് എന്തിനു തെണ്ടിത്തിരിഞ്ഞു? ഇയാൾ യാതൊരുവേഷവിധാനങ്ങളും കൂടാതെ എല്ലാവരുടെ കണ്ണിലും മണ്ണിട്ടു വിനയം കൈക്കൊണ്ടു അത്ഭുതകൎമ്മങ്ങൾ സാധിക്കുന്നതു് എത്രപേക്ഷ നിരൎത്ഥമെന്നു ഒന്നാലോചിക്കുക. മണികണ്ഠൻ ദുഷ്ടനും ഭയങ്കരനും ആണെന്നിരുന്നിട്ടും പാറുവമ്മയെ പാട്ടിലാക്കി മണികണ്ഠനുമായി കൂട്ടിയണക്കി വേണ്ടാത്ത അനൎത്ഥത്തിൽ ചാടിച്ചിട്ടു് മണ്ടികളെന്തതനേക്കാൾ ആദ്യത്തെ സംഭാവനയെത്തുടൎന്നു എന്തെങ്കിലും നട

ത്തി പാറുവമ്മയെ രക്ഷിച്ചുകൊണ്ടെങ്കിൽ എത്രയോഗ്യമായിരുന്നു. അവസാനഘട്ടത്തിൽ താൻ കൃഷ്ണമേനവനാണെന്ന് സ്വയംചെയ്യുന്ന വീരവാദം ഏതുജന്തുവിനും ആക്ഷേപാർഹമല്ലേ?

നായകനായ കർത്താവിനെപ്പററിപ്പറകയാണെങ്കിൽ നിങ്ങളും ലജ്ജിച്ചുതലതാഴ്ത്തും. ഇയാൾ ഒരു വിടപ്രഭുവാണ്. ശുകബ്രഹ്മർഷിയാണെന്നു സ്വയം അഭിമാനിക്കുന്ന ഈവങ്കൻ സ്കൂളിൽപോകുന്ന ഒരു സാധുപെൺകുട്ടിയുടെ പുറം കണ്ട് കാമിച്ചുപോകുന്നതും അതിനു യോജിച്ച തുള്ളൽ തുള്ളുന്നതും കെട്ടിക്കേറി പെണ്ണുകാണാൻ പുറപ്പെട്ടു പ്രിയേ എന്നുഅഭിസംബോധനം ചെയ്തുഅവളെ ആശ്ലേഷിക്കുന്നതും മററും മററുംഎന്തുക്രത്താട്ടങ്ങളാണ്. ഇയ്യാൾ സൂരിനമ്പൂരിയെക്കാൾവിഡ്ഢിയല്ലേ. ഇയ്യാൾ പാറുവമ്മയെക്കണ്ടിട്ടില്ലെന്നു പറയുന്നതും, മണികണ്ഠനു, തന്റെ ഭാര്യയുമായുള്ള ബന്ധം അറിഞ്ഞില്ലെന്നു നടിക്കുന്നതും ആക്ഷേബോധ്യമാവും ഇത്രയും ചപലനായ ഒരു പാത്രത്തെ നായകനാക്കിയതു് വലിയ പരാജയമായിപ്പോയി. വിക്രമൻ, അനന്തപത്മനാഭൻ തുടങ്ങിയ വീരസന്താനങ്ങളെ സൃഷ്ടിച്ച കവിയായതുകൊണ്ടു കൂടുതൽ ഒന്നും പറയാതെ അടങ്ങുന്നു അല്പമെങ്കിലും ഭേദമായ ഒരു പാത്രസൃഷ്ടി എരവുള്ളാരാണ്. ഈ ഒരു കഥാപാത്രത്തെ വിചാരിച്ചു പ്രേമാമൃതത്തെ ഒരു നോവലായി എണ്ണാം."

മി: മേനവൻ വിമർശനം ആരംഭിച്ചുകഴിഞ്ഞപ്പോഴേക്കും മദ്ധ്യവയസ്കനായ ഒരു അന്യൻ ഞങ്ങളുടെ സമീപത്തേക്കു വരുന്നുണ്ടായിരുന്നു. ഞങ്ങളാരുംതന്നെ അദ്ദേഹത്തെ ഗണ്യമാക്കിയില്ല മി: ശിവശങ്കരപ്പിള്ള മേനവന്റെ ഓരോ വാദമുഖങ്ങളും ഖണ്ഡിക്കുന്നതിനുള്ള ഉൽകണ്ഠകൊണ്ടു് പരിസരങ്ങളെ മറന്നതുപോലെ ബദ്ധശ്രദ്ധനായിക്കാണപ്പെട്ടു

ശിവശങ്കരപ്പിള്ള ഹേ മി: മേനവൻ! നിങ്ങളും നിങ്ങളുടെപോലും പ്രേമാമൃതത്തോടു കാണിച്ചിട്ടുള്ള ദ്രോഹത്തിനു ഞാൻ എന്തുപറയട്ടേ. പണ്ടു സായ്പന്മാർ ഇവിടെ വന്നുതുടങ്ങിയകാലത്തു ഒരു നാടൻപ്രഭു പഴുത്ത ഒരു വരിയ്ക്കച്ചക്ക സായ്പിനുസമ്മാനിച്ചു കുശിനിക്കാരൻ നാടനായിരുന്നതിനാൽ ചുളമാത്രം എടുത്തു് തീൻപണ്ടങ്ങളുടെ കൂട്ടത്തിൽ മേശപ്പുറത്തു വച്ചിരുന്നു. ചുളയുടെ നിറം കണ്ടു പഴത്തിന്റെ തൊലിയാണെന്നു ഭ്രമിച്ചുമണ്ടൻ, ചുളമാററി അകത്തെ കുരു അറുത്തുതിന്നു. ഏതുസാഹസത്തിനും മടിക്കാത്ത വർഗ്ഗമായതിനാൽ രണ്ടുമൂന്നുകഷണം കഷ്ടിച്ച് അകത്താക്കി. തീൻകഴിഞ്ഞഉടനെ അതിന്റെ അരോചകതയെപ്പററിയും പപ്പയ്ക്കായോടു താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ നിസ്സാരതയെപ്പററിയും ഒരു നല്ല ലേഖനം എഴുതി. സായ്പ് പണ്ഡിതനും, സമ്പന്നനും ആയിരുന്നതിനാൽ സായിപ്പിന്റെ അഭിപ്രായങ്ങളെ ചക്കതിന്നിട്ടില്ലാത്ത പലരും വിലവച്ചു നിങ്ങളുടെ പോളിന്റെ പ്രേമാമൃതപഠനവും വിമർശനവും നിങ്ങളുടെ ആരാധനയുംകൂടി കാണുമ്പോൾ "മണിശ്രേഷ്ഠമാഴ് കൊല്ലനിന്നുള്ളകാണ്മാൻ പണിപ്പെട്ടയ്യോഞത്തേ നിന്റെഭാഗ്യം" എന്നു പറയാനെ തോന്നുന്നുള്ളു.

ഇംഗ്ലീഷുഭാഷയിൽ എല്ലാഗ്രന്ഥങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ഒട്ടുവളരെ നിരൂപണങ്ങളുണ്ട്. അവയൊക്കെ വായിച്ചു മലയാളത്തിലാക്കി ഒരു പുസ്തകമെഴുതിയാൽ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പാവങ്ങൾ വായുംതുറന്ന് "പാളേ ഗതിനമുക്ക്" എന്ന് പറഞ്ഞുപോകുന്നതിൽ അത്ഭുതമില്ല. എന്നാൽ നിരൂപണഗ്രന്ഥങ്ങളുടെ അഭാവത്താൽ സ്വയം നിരൂപണം ചെയ്യേണ്ടിവരുന്ന ഭാഷാഗ്രന്ഥങ്ങൾ "കഷ്ടം പാളപിടിച്ചുനമ്മെവെറുതേ മാന്തിപ്പൊളിക്കുന്നിതാ" എന്ന് വിലപിച്ചുപോകുന്നെങ്കിൽ അതും അത്ഭുതമല്ല. എന്റെ സ്നേഹിതാ! നാമൊക്കെ ഒരു നിരൂപകന്റെ അഭിപ്രായങ്ങളെ വേദവാക്കാക്കാൻപുറപ്പെടുന്നതു് വലിയ സാഹസമാണ്. നിങ്ങളുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതിനു തുനിയുന്നതു് അതിലും സാഹസം എന്നാൽ കുത്തുമ്പു ദൂരത്താക്കിക്കേൾക്കാമെങ്കിൽഇതിനൊക്കെ സമാധാനം പറയാൻ ശ്രമിക്കാം.

ഒരു നോവൽ സമുദായത്തെപ്പകർത്തുകയും അനാചാരങ്ങളെ ഉച്ചാടനംചെയ്കയും ചെയ്യണം. നിങ്ങൾ മാതൃകയായിക്കാണിക്കുന്ന ഇന്ദുലേഖയെത്തന്നെ പരിശോധിക്കാം. നായർകുടുംബങ്ങളിലെ നമ്പൂതിരിവിവാഹവും, ഇംഗ്ലീഷുപഠിപ്പിക്കുന്നതിനുള്ള അനാസ്ഥയും ആണ് അതിൽ പരിഹരിക്കണമെന്നു വിചാരിക്കുന്നതു്. പ്രഭാവം വഹിക്കുന്ന ഒന്നുരണ്ടുഭവനങ്ങൾമാത്രം പങ്കെടുക്കുന്ന സങ്കുചിതമായ ഒരു രംഗമാണു അതിലെ കഥാരംഗമെന്നു നിങ്ങളും സമ്മതിച്ചേക്കും ഇതിൽ സൂരിനമ്പൂരിയെ ഗ്രന്ഥകാരൻ ഇതിലധികം ഇനി വഷളാക്കാനില്ല. രാത്രി ക്ഷൌരംചെയ്യുകുന്നതു കഥകളി ഭ്രാന്തും മററും തെക്കരായ ഞങ്ങൾക്കു തീരെ പരിചയമില്ല. ഒരു മണികണ്ഠനു സാദ്ധ്യമാണോ എന്നു നിങ്ങൾ ഭ്രമിക്കുന്നതുപോലെ കൂപമണ്ഡൂകങ്ങളല്ലാത്ത ഞങ്ങൾ നമ്പൂരിയുടെ സാദ്ധ്യതാസാദ്ധ്യതകളെപ്പററി ചിന്തിക്കുന്നില്ല എന്നേ ഉള്ളു. ഇംഗ്ലീഷുപഠിപ്പിന്റെ ദോഷത്തെപ്പററിയാണെങ്കിൽ പഞ്ചുമേനവനോടു പൂർണ്ണമായി യോജിക്കയാണു വേണ്ടതു്. മാധവനും ഇന്ദുലേഖയും ഇംഗ്ലീഷുപഠിച്ചു. എന്നിട്ട് എപ്പോഴും മാളികമുകളിൽ പ്രായം ജാതിയിട്ടുള്ള വ്യത്യാസങ്ങളേയുംമറന്നു കളിയും സൈ്വരസംഭാഷണവും ദീർഘശ്വാസങ്ങളുമായികഴിയാനേ ഇവർക്കു സമയമുള്ളു. ചിന്നനും മററുകുട്ടികളുംകൂടി ഇംഗ്ലീഷുപഠിച്ചു ഓരോ ഇന്ദുലേഖമാരുടെ മുഖശ്രീ തുറിച്ചുനോക്കി ദീർഘശ്വാസവും വിട്ടു മച്ചുകളിൽ കതകടച്ചിരുന്നാൽ വാർദ്ധക്യകാലത്തു തന്റെ കഥ എന്താകുമെന്നു വൃദ്ധൻ പഞ്ചുമേനവൻ വിചാരിച്ചെങ്കിൽ പരമാർത്ഥമല്ലേ? ഇംഗ്ലീഷ് പഠിച്ചു ബി. എൽ. ജയിച്ചപ്പോൾ മാധവനു ഈശ്വരനില്ലെന്നും മററും തോന്നിപ്പോയി. ഒരു കഷ്ടതയിൽപെട്ടു ദേശസഞ്ചാരവും കഴിച്ച മാധവന് ഈ സംശയം ഉണ്ടായതു് കയ്യൻചൊരയ്ക്ക കാശിക്കുപോയ കഥയെ സ്മരിപ്പിക്കുന്നു. ഇതാണു നിങ്ങളുടെ ആദർശനോവൽ സാധിക്കുന്ന പരിഷ്കാരം പ്രേമാമൃതത്തിൽ ഗ്രന്ഥകാരൻ ഉദ്ദേശപ്രസ്താവന ചെയ്യുന്നുണ്ടു്. അതു എത്രമാത്രം സഫലമാകുന്നുണ്ടെന്നു നോക്കുകയാണ് നിരൂപകൻ ചെയ്യേണ്ടതു്. ഇന്ദുലേഖയിലെ ബി എൽ മാധവനും, സൂരിനമ്പൂരിയും ഒരുകാലത്തു രസിച്ചു എന്നാൽ ഏതുകാലത്തും മണികണ്ഠന്മാരും കർത്താക്കന്മാരും ഭൂമുഖത്തുണ്ടാകാതെ തരമില്ല വേഷഭാഷാദികൾക്കു അല്പാല്പം വ്യത്യാസമുണ്ടായെന്നുവരാം. "പാത്രങ്ങളും അവരുടെ പ്രവൃത്തികളും മനുഷ്യസ്വഭാവങ്ങളുടേയും ലോകഗതികളുടേയും വിവിധതയ്ക്കു ദൃഷ്ടാന്തങ്ങളായി സങ്കല്പിക്കപ്പെട്ടവയാണെന്നും ആ സ്ഥിതിയിൽ അവയെ അവലോകനം ചെയ്യേണ്ടതാണെന്നും" കൂടി ഗ്രന്ഥകാരൻ നമുക്കു മുന്നറിവുതരുന്നു.

സ്വാർത്ഥതല്പരന്മാരായ പുരുഷന്മാർ അവരുടെ വികാരത്തിന്റെ പൂർത്തിക്കായി സ്ത്രീകളോടു കാട്ടിക്കൂട്ടുന്ന കഠിനതകൾ സമുദായത്തെ അധഃപതിപ്പിക്കുന്നു എന്നുള്ളതാണ് പ്രേമാമൃതത്തിനു പറയാനുള്ളതു്. അതു സഫലമായോ എന്ന് പാടമൂടിയ കണ്ണിനു കാണാൻകഴികയില്ല. തിമിരം പരക്കാത്തവരോടു പറയേണ്ടതുമില്ല. മണികണ്ഠനെപ്പോലെ ഒരു സൃഷ്ടിസാദ്ധ്യമാണോ എന്നു നിങ്ങൾ സംശയിക്കുന്നു. പ്രേമാമൃതം പുറത്തായകാലത്തു് എത്ര വലിയവരാണ്, മണികണ്ഠനായി ചിത്രീകരിച്ചിരിക്കുന്നതു് അവരവരെയാണെന്നു പ്രമാദിച്ചതു്. അതിലൊരാൾ പരസ്യമായി ഗ്രന്ഥകാരനെ ചീത്തപറഞ്ഞു. ആ മഹാനുഭാവൻ അതിനു നൽകിയ ഉത്തരം ഇതാണ്. "ഞാൻ ഏതാനും തൊപ്പികൾ വാരി മുകളിലേയ്ക്കെറിഞ്ഞു. ചിലരെല്ലാം തലകാണിച്ചു ഇതെനിക്കുഴകാണെന്ന് ഓരോന്നു സ്വീകരിച്ചിട്ടു എന്തിനുവഴക്കുപറയുന്നു? പോരെ തിരുവനന്തപുരത്തുകാരായ ഞങ്ങൾക്ക് മണികണ്ഠൻ എത്രയുംസജീവമായ ഒരുചിത്രമായിട്ടാണ് തോന്നുന്നതു്. കവി പല സമീക്ഷകളേയും മണികണ്ഠസൃഷ്ടിക്കു ഉപകരണമാക്കിയിട്ടുണ്ടെന്നു സമ്മതിക്കാതെ അതുകൂടാതെ കഴികയുമില്ല. പക്ഷെ ഈ മണികണ്ഠന്മാരെക്കണ്ടു' അവരുടെ വ്യക്തത്വം മനസ്സിലാക്കാൻ വെറും പുസ്തകം തിററിപോര പരമധാർമ്മികനായ വിശാഖം തിരുനാൾ തിരുമേനികൂടി മണികണ്ഠന്റെ കാപട്യങ്ങളെ കുറെക്കാലം അറിഞ്ഞില്ല. ഖലത്വത്തിൽ ഇയാഗോവിനെ ജയിച്ച ഒരു അഭിനയചതുരനാണ് മണികണ്ഠൻ. 'ഡസ്ഡിമോണാ' തന്റെ ഭർത്താവിന്റെ അവിശ്വാസഹേതുക്കളെപ്പററി ആരോടാണു പരാതിപ്പെടുന്നതു. എന്നിട്ടും ഇയാഗോവിനെ അവൾക്കു മനസ്സിലാക്കാൻ കഴിഞ്ഞോ. അതുകൊണ്ടുതന്നെ മണികണ്ഠന്റെ പല രംഗങ്ങളും നമുക്കു പ്രത്യക്ഷമാക്കാനും, സൗകര്യംപോലെ അയാളുടെ വിചാരഗതികളെ വ്യാഖ്യാനിക്കുവാനും ഗ്രന്ഥകാരൻ തുനിഞ്ഞിട്ടുള്ളതു്. മണികണ്ഠനെ മനസ്സിലാക്കാൻ കഴിയാത്ത മി: പാൾ രാവണനേയും ദുര്യോധനനേയും മനസ്സിലാക്കിവച്ചതിൽ അത്ഭുതപ്പെടുന്നു. മണികണ്ഠൻ ഈ രണ്ടുകൂട്ടരേക്കാളും ഭയങ്കരസൃഷ്ടിയാണ്. ഇന്നും രാവണന്മാരും ദുര്യോധനന്മാരും പല സ്ഥലത്തും കണ്ടു എന്നുവരാം. ഇവർ പുരാണപുരുഷന്മാരായിപ്പോയതിനാൽ ഇവരുടെ ഗുണദോഷങ്ങൾ ആരിലും അനന്തരകാലത്തു കണ്ടുകൂടെന്നില്ല.

ഇനി പങ്കിപ്പണിക്കരാണ് നിങ്ങളുടെ നിർദ്ദയമായ വീക്ഷണത്തിനു വിഷയമായിട്ടുള്ളതു്. പണിക്കരുടെ സൃഷ്ടിയിൽ നിങ്ങൾ ആരോപിക്കുന്ന കുററങ്ങൾ ഉപകരണങ്ങളുടെ സഹായം കൂടാതെ വേഷം മാററം സാധ്യമല്ലെന്നും പാറുവമ്മയെ സ്വയം രക്ഷിച്ചുകൊള്ളാതെ മണികണ്ഠനെക്കൊണ്ടു വേൾപിച്ചതു പാതകമായിപ്പോയെന്നും തിരുവനന്തപുരത്തു തെണ്ടിത്തിരിഞ്ഞതു എന്തിനാണെന്നും മററുമാണു്. വേഷം മാററുക എന്നു പറയുമ്പോൾ നിത്യവും ധരിക്കാറുള്ള വേഷത്തിന് വ്യത്യാസം വരുത്തുക എന്നത്ഥമാകുന്നുണ്ടല്ലോ. നാടൻ സായിപ്പായ മാത്രം കാണാറുള്ള പല പരിഷ്ക്കാരികളും വെറും കച്ചമുണ്ടും തോത്ത്മായി ഒരുദിവസം പുറത്തിറങ്ങിയാൽ അവരെ മനസ്സിലാക്കാൻ ശ്രമംനേരിടും. അതുപോലെതന്നെ മറിച്ചും. ആംക്രോത്തു കൃഷ്ണമേനവൻ കുലമഹിമകൊണ്ടും, വിദ്യാധനംകൊണ്ടും, മഹാമനസ്കതകൊണ്ടും ഭാരതമൊട്ടുക്ക് പ്രഖ്യാതനായിത്തീന്ന ഒരു പ്രമാണിയായിട്ടാണ് ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്നതു്. തിരുവിതാംകൂർ സന്ദർശിക്കുന്നെങ്കിൽതന്നെ മഹാരാജാവുതിരുമനസ്സിലെ അതിഥിയായിട്ടു മതി അത്രയ്ക്കുള്ള സ്ഥാനവലിപ്പം അദ്ദേഹത്തിനുണ്ടു്. ഈ ഗംഭീരപുരുഷൻ മദ്രാസിൽ സ്ഥിരവാസക്കാരനുമാണ്. മദ്രാസിൽ പഠിച്ചുതാമസിച്ചവരായി നമ്മുടെ കഥാപാത്രങ്ങളിൽ കത്താവുമാത്രമേഉള്ളു. അദ്ദേഹമോ ഒരു ദാത്യംകൊണ്ടു് കൺപട്ടകെട്ടിയ അശ്വത്തെപ്പോലെയാണ് നടക്കുന്നതെന്നു ഗ്രന്ഥകാരൻ പറഞ്ഞിട്ടുമുണ്ടു്. കത്താവിൻെറ ദൃഷ്ടിയിൽപെട്ടിട്ടുള്ളതു കൃഷ്ണമേനവൻ സ്ഥാനത്തിനു ചേന്ന വസ്ത്രങ്ങളും ധരിച്ചു തെളുതെളെ തിളങ്ങുന്ന കുതിരവണ്ടിയിൽ സവാരിചെയ്യുന്നതായിട്ടാണ്. കച്ചമുണ്ടും തോത്തുമായി വികൃതച്ചിരിയും സൌജന്യത്തലചായ്പും വിനയഭാവവും ചേന്ന് ഒരാൾ തിരുവനന്തപുരത്തു സേവനംകൊണ്ടു കാലംകഴിക്കുന്നതായിട്ടു പരിചയപ്പെട്ടപ്പോൾ കൃഷ്ണമേനവനാണോ എന്നു ചോദിപ്പാൻ കത്താവും ഒരുങ്ങിയില്ലെങ്കിൽ അതു കൂടുതൽ സ്വാഭാവികതയാകുന്നതേഉള്ളു. മീശയും താടിയും കൊണ്ടു വേഷം മാറുന്ന ബാലിശമായ സമ്പ്രദായത്തോടു് നിങ്ങളുടെ പോലും കാണിക്കുന്ന കൗതുകം സി. വി യുടെ ഗ്രന്ഥങ്ങളെ വിമർശിക്കുവാൻ അല്പംകൂടി അദ്ദേഹം വളരേണ്ടതാണെന്നു് കാണിക്കുന്നു. അതു അത്രയ്ക്കു ബാലിശമാണ്. താൻ ആംക്രോത്തുകൃഷ്ണമേനവനാണെന്നു് ആ പങ്കിപ്പണിക്കർ വീരവാദം വദിച്ചപ്പോൾ അദ്ദേഹത്തിൻെറ ഭാവവും മാറി എന്നു പറയുന്നതിൽ നങ്ങൾക്കു വളരെ വിനോദം തോന്നുന്നു. മുഖഭാവത്തിനു എന്തെല്ലാംചെയ്യാൻകഴിയുമെന്നു സൂരിനമ്പൂരിക്കു ദക്ഷിണ കൊടുത്തു പഠിക്കുക. നിങ്ങൾക്കെങ്കിലും അയാൾ ഗുരുസ്ഥാനം വഹിക്കട്ടെ. ഇനി അനുഭവത്തെ ആശ്രയിച്ചുകൂടി ഈ അഭിപ്രായത്തെപ്പററി ചിന്തിക്കാം. ഈ പ്രദേശങ്ങളിൽ ഉദ്യോഗവേഷം കളഞ്ഞ് നാടൻ വേഷത്തിൽ ചന്തകളിലും ഉത്സവസ്ഥലങ്ങളിലും സഞ്ചരിച്ച് അക്രമികളെ ദണ്ഡിച്ച് ന്യായംപാലിച്ച ഉദ്യോഗസ്ഥന്മാർ ഈ അടുത്തകാലത്തും ഒന്നുരണ്ടായിരുന്നില്ല. സ്ഥാനത്തിനും സാധാരണ സ്വീകരിച്ചിരുന്നവേഷത്തിനും ഉള്ള വ്യത്യാസംമാത്രമാണ് ഈ സംഭവങ്ങളെ സാധമാക്കിയതു് അല്ലാതെ കിരീടവും മുടിയും ഇവരാരും ധരിച്ചിരുന്നില്ല. കൃഷ്ണമേനവൻ പാറുവമ്മയെ സംരക്ഷിക്കാതെ ദുഷ്ടനാണെന്നറിഞ്ഞിരുന്നിട്ടും മണികണ്ഠനേക്കൊണ്ടുവേൾപിച്ചതുംനിങ്ങൾ സഹിക്കുന്നില്ല. സുഭദ്രയെകൊല്ലിക്കാതെമാത്താണ്ഡവമ്മമഹാരാജാവു തിരുമേനിയെക്കൊണ്ടു പട്ടംകച്ചയുമിടീക്കാഞ്ഞതിൽ ചില പെണ്ണുങ്ങൾ പരിഭവിച്ച് ഞാൻ കേട്ടിട്ടുണ്ടു്. അതുകഴിഞ്ഞിട്ടു ഇതാണ് ആ സ്വരത്തിൽഉണ്ടായ പരിഭവം ഇന്ദുലേഖയിൽ രണ്ടുകൊല്ലം മാധവനെ വഷമിപ്പിക്കാതെ നേരത്തെ “പ്രാണനാഥാ!”പ്രസംഗംചെയ്യവേട്ട, ചിന്നൻെറ സംഗതിയിൽ പഞ്ചുമേനവൻ പിണങ്ങുന്നതിനുമുമ്പ് കായ്യം കലാശിച്ചുകൂടായിരുന്നോ. ശാരദയിൽ കല്യാണിക്കുട്ടി നാട്ടിലെത്തി എടത്തിലെ അവകാശം സ്ഥാപിച്ചിട്ടു മരിച്ചുകൂടായിരുന്നോ? എന്നൊക്കെയല്ലാതെ എന്തുപറയട്ടെ. സ്വന്തഭാര്യയോടും മൃഗീയമായ നിലയിൽ പെരുമാറുന്നതാണ് മണികണ്ഠൻെറ അസുരത രാവണനേയും,ദുര്യോധനനേയുംജയിച്ച കൗടില്യം. അതിനു ഗ്രന്ഥകാരൻ ഉണ്ടാക്കുന്ന സൗകര്യങ്ങളുടെനേക്കും കൊഞ്ഞണംകാട്ടുന്ന നിങ്ങളോടു എന്തുപറയാനാണ്. ഗ്രന്ഥത്തിൽ ഈ സന്ദേഹങ്ങളെ പ്രതീക്ഷിച്ചു ട്ടെന്നപോലെഗ്രന്ഥകാരൻ എല്ലാററിനും പ്രതിവിധി കാണുന്നുണ്ടു്. സൂക്ഷിച്ചു പഠിച്ചാൽമാത്രം മതി. അല്ലാതെ പരമുപിള്ളഗുമസ്തൻെറ പ്രണയിനിആയിരിക്കുന്നകാലത്തു തന്നെ കാംക്ഷിച്ച്, കുളക്കടവിൽവച്ചുകണ്ടു തൻെറ മൃഗീയതൃഷ്ണയ്ക്കു വിജൃംഭണമുക്കാക്കി, ചാരിത്രഭംഗം വരുത്താൻ ഉറച്ചുകഴിഞ്ഞനിലയ്ക്കു ഈ സാധുസ്ത്രീക്കു ചിലവിനുകൊടുത്താൽ എല്ലാമായെന്നു നിങ്ങൾ വിചാരിക്കുന്നോ! അപ്പോൾ കൃഷ്ണമേനവൻ പാറുവമ്മയെക്കൂടി മദ്രാസലേയ്ക്കു കൊണ്ടുപോയാലെ അവരെ രക്ഷിക്കാൻ സാധിക്കയുള്ളു. നിങ്ങൾ പ്രേമാമൃതത്തെ അങ്ങനെമാററി എന്നു വയ്ക്കുക. എന്താ അഭിപ്രായത്തിൻെറ വഷളത്വം മനസ്സിലായോ.

അമ്മായിഅമ്മയെ കത്താവു് അമ്മായിഅമ്മയാണെന്നറിഞ്ഞു കണ്ടിട്ടില്ലാത്തതും മണികണ്ഠൻ അവരുടെ ഭത്താവാണെന്നു് കത്താവറിയാത്തതും അസംഭാവ്യമെന്നുതോന്നാം. എന്നാൽ ഗ്രന്ഥകാരനും അതിൻെറ അസാധാരണത മനസ്സിലാക്കിയിട്ടു കഥാഗതിക്കുവേണ്ടി ഈ സംഭവങ്ങളെ സാധൂകരിക്കുന്നതിനു സമത്ഥനായ ഒരു ആർട്ടിസ്റ്റിൻെറ മനോധമ്മത്തോടെ പ്രവത്തിക്കുന്നുമുണ്ടു്.

അനന്തപത്മനാഭനേയും ത്രിവിക്രമനേയുംവിചാരിച്ചു കട്ടംകൈയ് ഒന്നും പ്രവത്തിക്കാതെവിട്ടിരിക്കുന്ന കത്താവിനെപ്പററിയാണ് അടുത്തതായി ആലോചിക്കേണ്ടതു്. പ്രേമാമൃതത്തിലെ കത്താവു് കുലീനനും, വിദ്യാസമ്പന്നനും സ്വാത്ഥനുംനാസ്തികനും ഉദ്ധതനുംആയിരുന്നു. എന്നാൽ നിങ്ങളുടെ ദൈവംപറയുന്നതു് അദ്ദേഹം വിടപ്രഭുവാണെന്നാണ്. അതായതു സൂരിനമ്പൂരിയെപ്പോലെവിടനാണെന്നാണ്. ഈ അഭിപ്രായത്തെ സാധൂകരിക്കത്തക്ക ന്യായവാദത്തിനും അദ്ദേഹം ഒരുങ്ങുന്നില്ല എങ്കിലുംഅമ്മിണിക്കുട്ടി പുറംതിരിഞ്ഞുപോകുമ്പോഴാണ് അദ്ദേഹംകണ്ടു അവളിൽ അനുരക്തനായതു്- അല്ലെങ്കിൽ നിങ്ങളും പാളും പറയുംപോലെ പുറംകണ്ടുകാമിച്ചതു്. യഥാത്ഥത്തിൽ വേണ്ടിയിരുന്നതു് മുഖംകണ്ടു കരാറുപേശി കാമിക്കുകയായിരുന്നിരിക്കണം. എന്നാൽ കത്താവു മറെറാരുസ്ത്രീയെ അവസാനംവരെ മനസാകൂടി ആഗ്രഹിക്കാത്ത സ്ഥിതിക്കു അദ്ദേഹത്തെ വിടൻ എന്നു കരുതുന്ന നിങ്ങളുടെ നിരൂപകൻ—എന്തിനു പറയുന്നു ‘ബഹുനാംബഹു വിധാം’. അമ്മിണിക്കുട്ടിയെ മനഃസാവരിച്ചശേഷം അവളെ ഗ്രഹിച്ച് ‘പ്രിയേ’എന്നഭിസംബോധനംചെയ്തു മാറോടുചേത്തുകൊണ്ടു കത്താവു നടക്കുന്നതിൽ നിങ്ങൾക്കു തീരെ പിടിത്തമില്ല. “പ്രാണനാഥാ! രണ്ടുകൊല്ലത്തിനുമുൻപു അങ്ങയെ ഞാൻ എൻെറ ഭത്താവായി സ്വീകരിച്ചല്ലോ” എന്നു പറഞ്ഞു മാധവനെ ആശ്ലേഷിച്ചു ചുംബിക്കുന്ന ഇന്ദുലേഖ, വനിതാജനമധ്യമുത്തു്. മാധവൻമഹാന്മാരിലുത്തംസം. എൻെറ മേന്നേ,'മനുഷ്യർക്കു നാണം തൊട്ടുതേയ്ക്കാത്തതു ചിന്തിച്ചു എൻെറ ഹൃദയം ചലിച്ചുപോകുന്നു. കത്താവിനുണ്ടാകുന്ന സംശയങ്ങളും അതിനെത്തുടന്നുള്ള പ്രവൃത്തിയുംകൊണ്ടു നിങ്ങൾ അദ്ദേഹത്തെ ചപലനെന്നു പറയുന്നു. പ്രേമാമൃതം വായിക്കാതെ പറയുന്നതെല്ലാം കേൾക്കാം. എന്നാൽ മൃഗയാവിനോദാർത്ഥം ഒരു സ്ഥലത്തു സന്ധിക്കാമെന്നു കൂട്ടരോടു വാക്കുപറഞ്ഞു പുറപ്പെടുന്ന മാധവൻ ഇന്ദുലേഖയുടെ മാളികത്താഴത്തു ചെന്നു ഇന്ദുലേഖയുടെ ആവശ്യപ്രകാരം തോക്കുമുകളിലേയ്ക്കു കൊടുത്തയച്ചിട്ട് ഇന്ദുലേഖ കുളികഴിഞ്ഞുവരുന്നതുവരെ കാത്തുനിന്നു്, “ഇന്നു നിപോകേണ്ട”ന്നുള്ള അവളുടെ ആജ്ഞയ്ക്കു റാൻ മൂളി കരാറുലംഘിക്കുന്ന സംഭവം മാധവനെ ചപലനാക്കി, നിങ്ങൾക്കു കാണിക്കാത്തതാണ് എട്ടാമത്തെഅത്ഭുതം. മാധവൻെറ അച്ഛൻ കൊട്ടത്തകൂട്ടക്കനെംകൊണ്ടു് ഇന്ദുലേഖയെ നോക്കിത്തിരിച്ച് അവൾ കുളിക്കടവുമുറിയിൽ എണ്ണതേച്ചുകൊണ്ടുനില്ക്കുന്നു എന്നറിഞ്ഞു് അതിനകത്തു വലിഞ്ഞുകയറി അവളുടെ കൈകൊണ്ടു കടുക്കൻ കാതിൽ അണിയിക്കുന്ന രംഗം ആസ്വദിക്കാൻകെൽപ്പുള്ള നിങ്ങൾ കത്താവിനെ വിടനാക്കിയതിൽ അദ്ദേഹത്തിനു യോഗ്യത കൂട്ടുന്നതേഉള്ളു.

ഹെ ചക്കക്കുരു തിന്നു് വിഷണ്ണനായ സായിപ്പിൻെറ പുറകെ പോകാതെ പഴത്തെ ആസ്വദിക്കൂ അതാണ് വേണ്ടതു്. അദ്ദേഹത്തിൻെറ സ്റ്റൈലിനെപ്പററി അന്നു ക്ലാസ്സിൽവായിച്ച മി. കെ എം. പണിക്കരുടെ ലേഖനഭാഗം നിങ്ങൾ ഓക്കുന്നുണ്ടോ? അദ്ദേഹത്തിൻെറ പ്രൗഢഗാംഭീര്യം മറെറാരിടത്തും കാണുക സാദ്ധ്യമല്ല.

മിസ്റ്റർ മേനവൻ എന്തോ അഭിപ്രായം പ്രകടിപ്പിക്കാൻ തിടുക്കംകൂട്ടി. എന്നാൽ ക്ഷണംകൂടാതെ ഞങ്ങളുടെ സംഘത്തിൽചേന്നിരുന്ന അന്യൻ അദ്ദേഹത്തെ തടഞ്ഞു് ഇപ്രകാരം പറഞ്ഞു—“നിങ്ങൾ വിദ്യാത്ഥികളാണെന്നു് ഞാൻ ഊഹിക്കുന്നു. നിങ്ങളുടെ അഭിപ്രായസ്ഥാപനത്തിനായി നിങ്ങൾ ചെയ്യുന്ന സാഹസങ്ങളാണ് എൻെറ ഊഹത്തിനു നിദാനം. മി. പാൾ

എൻെറ ഒരു സ്നേഹിതനാണു്. എന്നുവച്ചാൽ ഞാൻ അദ്ദേഹത്തെ നല്ലപോലെ പഠിച്ചിട്ടുണ്ടു്. മലയാളസാഹിത്യത്തിൽ നോവലുകളെ ഇത്രമാത്രമെങ്കിലും ചർച്ചചെയ്തു പ്രതിപാദിക്കുന്ന മറെറാരു ഗ്രന്ഥവും ഇന്നില്ല. ആ സ്ഥിതിക്കു അദ്ദേഹത്തോടു നമുക്കു വിശേഷിച്ചു് വിദ്യാർത്ഥികളായ നിങ്ങൾക്കു് ഉണ്ടായിരിക്കേണ്ട ആദരവു് ഈ വാദപ്രതിവാദം ഖണ്ഡിച്ചിട്ടുണ്ടു്.

സി. വി. യുടെ കൃതികളെ സ്വതന്ത്രമായ ഒരു നിരൂപണം ചെയ്യുന്നതു് ശ്രമസാദ്ധ്യമായ ഒരു സംഗതിയാണു്. ആരാൻേറയും നിർദ്ദേശങ്ങളെ അനുഗ്രഹീതകവികളുടെ കവിതകളെ അളക്കുന്നതിനു് ഉപയോഗിക്കുന്നതു് മഹാപരാധമാണു്. ഇന്ദുലേഖയുടെ കുററങ്ങളും കുറവുകളും അദ്ദേഹം പൊതിഞ്ഞുകാണുന്ന പ്രേമാമൃതത്തിനില്ലാത്ത കുററങ്ങൾ ഉണ്ടാക്കിയും അദ്ദേഹത്തിൻെറ നിരൂപണത്തിലെ ചില ഭാഗങ്ങൾ അലങ്കോലപ്പെടുത്തിയിട്ടുണ്ടു് എന്നാൽ അദ്ദേഹം ചെറുപ്പമാണെന്നും പ്രേമാമൃതത്തെ ആസ്വദിക്കുന്നതിനുള്ള യാതൊരു കരുക്കളും അദ്ദേഹത്തിനില്ലെന്നും സ്മരിച്ചു സമാധാനപ്പെടണം.

രസികശിരോമണിയായ രാമക്കുറുപ്പവർകൾ ഇന്ദുലേഖയെപ്പററി പരോക്ഷമായി ചക്കീചങ്കരത്തിൽ ചെയ്തിട്ടുള്ള നിരൂപണം നിങ്ങളും കണ്ടിരിക്കാം. മി. പാളിനു പററിയ വലിയ തകരാറു് ഇന്ദുലേഖയെ തോല്പിക്കി മററുഗ്രന്ഥങ്ങളെ നിരൂപണംചെയ്തതാണു്. ഇവിടെ മി. പിള്ള പറയുന്നതുപോലെതന്നെ ചിലപ്പോഴെല്ലാം മി. പോളും, താണു് ദുർബലമായ നിലയിൽ നിരൂപണം ചെയ്തിട്ടുണ്ടു്. ഏതായാലും വിദ്യാർത്ഥികളായ നിങ്ങൾ ഇപ്രകാരമുള്ള വാദവിഷയങ്ങൾക്കു പുറപ്പെടുന്നതും, നിഷ്പക്ഷനിലയിൽ സാഹിത്യഗ്രന്ഥങ്ങളെ വിമർശിക്കാൻ ഒരുമ്പെടുന്നതും ഭാഗ്യംതന്നെ. എൻെറ ഒരു മാന്യസ്നേഹിതനും സാഹിത്യരസികനുമായ ഒരാൾ പ്രേമാമൃതത്തെ സി. വി. യുടെ മറെറല്ലാകൃതികളേക്കാളും ഇഷ്ടപ്പെടുന്നു. അതു ഹൃദയത്തിൻെറ മാർദ്ദവാംശത്തെ വല്ലാതെ ബാധിക്കുന്ന ഒരു സാഹിത്യരത്നമാണെന്നാണു് അദ്ദേഹം പറയുന്നതു് നാം അപരിചിതന്മാരായി ഇങ്ങനെ സന്ധിച്ച സ്ഥിതിക്കു ഞാൻ നിങ്ങളെ എൻെറ വസതിക്കു ക്ഷണിക്കുന്നു.

ഞങ്ങൾ ക്ഷണം സ്വീകരിച്ചു് ആ മാന്യസ്നേഹിതൻ കൂലിക്കെടുത്തിരുന്ന ബങ്ക്ളാവിൽ എത്തി അദ്ദേഹത്തിൻെറ സൽക്കാരവും ഉപദേശവും കൈക്കൊണ്ടു് അഞ്ചുമണിയോടുകൂടി തിരുവനന്തപുരത്തേക്കു തിരിച്ചു.

---


നഷ്ടപ്പെട്ട ലോകം.

സർ. ആർതർ കോണൻഡോയിലിൻെറ

**THE LOST WORLD**

എന്ന നോവലിൻെറ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം.


# ടൈപ്പ്റൈട്ടർ.

മാത്യു എം. കുഴിവേലി.

പരിഷ്കാരം വർദ്ധിച്ചുവരുന്നതോടുകൂടി മനുഷ്യരുടെ പല വ്യാപാരങ്ങളും പരിഷ്കൃതരീതിയിലായിത്തീരുന്നുണ്ടു്. ആയുസ്സ് സംഭവബഹുലവും ജീവിതമത്സരം ഉഗ്രവും ആയിവരുന്നതനുസരിച്ചു മനുഷ്യരുടെ സകല പ്രവൃത്തികൾക്കും പ്രത്യേകമായ ഒരു ശീഘ്രഗതി അഥവാ വേഗത അനുപേക്ഷണീയമായിത്തീർന്നു. മുൻകാലങ്ങളിലെ ജനങ്ങൾക്കു കമ്പിത്തപാലോ, മോട്ടോർകാറുകളോ, വിമാനങ്ങളോ കൂടാതെ സൈ്വരമായി ജീവിതം നയിക്കുന്നതിനു സാധിക്കുമായിരുന്നു. എന്നാൽ ഇദാനീന്തനലോകത്തിനു ഈദൃശ കണ്ടുപിടിത്തങ്ങൾ അനുദിനാവശ്യങ്ങളായ ഉപകരണങ്ങളാണു്.

ഇന്നത്തെ ഭൌതികപരിഷ്കാരത്തിൽ ലീനമായിരിക്കുന്ന പ്രധാന ഉപാധി വേഗതയാണെന്നു പ്രസ്താവിച്ചുവല്ലോ. ആലക്തികശക്തിയുടെ ആവിർഭാവത്തോടും അഭിവൃദ്ധിയോടുംകൂടെ മനുഷ്യൻെറ ശാരീരികമായ ചില വ്യാപാരവിശേഷങ്ങളൊഴിച്ചു ഇതരസംഗതികളിൽ എല്ലാംതന്നെ യന്ത്രങ്ങളും തദ്വാരാ വേഗതയും പ്രവേശിച്ചുകഴിഞ്ഞു. വേഗത്തിൽ യാത്രചെയ്യുന്നതിനു പര്യാപ്തമായ വാഹനങ്ങളും, വേഗത്തിൽ സന്ദേശങ്ങൾ അയക്കുന്നതിനു ഉപയുക്തമായ ഉപകരണങ്ങളും വേഗത്തിൽ വെളിച്ചമുണ്ടാക്കുന്നതിനുള്ള വിളക്കുകളും വേഗത്തിൽ ചിത്രലേഖനം ചെയ്യുന്നതിനുള്ള യന്ത്രസാമഗ്രികളും വേഗത്തിൽ ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിനുള്ള മുദ്രണസമ്പ്രദായങ്ങളും എല്ലാം ഇപ്പോൾ സുലഭങ്ങളാണല്ലോ.

വില്യം കാക്സ്ററനോ ഗുട്ടൻബർഗ്ഗോ കണ്ടുപിടിച്ചഅച്ചടിസൂത്രം വിശ്വസാഹിത്യപോഷണത്തിനും വിജ്ഞാനപോഷണത്തിനും സഹായകമായിത്തീർന്നു. ഏതെങ്കിലും ഒരു പുസ്തകത്തിൻെറ അനേകം പ്രതികൾ കുറഞ്ഞസമയംകൊണ്ടു മുദ്രണംചെയ്തു പ്രചരിപ്പിക്കുകയെന്നുള്ളതു സുകരമായി. പക്ഷേ, ഒരേസമയത്തു് അനേകം പ്രതികൾ ആവശ്യമില്ലാത്ത എഴുത്തുകുത്തുകൾ വേഗത്തിൽ ചെയ്യുന്നതിനു നിവൃത്തിയില്ലാതെ കുറെനാൾ വിഷമിച്ചു. സ്നേഹിതന്മാർക്കു സ്വകാര്യക്കത്തുകൾ അയക്കുക, പ്രേമഭാജനങ്ങൾക്കു മധുരലേഖനങ്ങൾ അയക്കുക, സാമാനങ്ങൾ വരുത്തുന്നതിനു കമ്പനികൾക്കു എഴുതുക, മുതലായ ആവശ്യങ്ങൾക്കു അച്ചടി കണ്ടുപിടിച്ചതിനുശേഷവും കയ്യെഴുത്തുതന്നെ ഉപയോഗിക്കേണ്ടതായി വന്നുകൂടി. വൃത്തിയായും വിശദമായും എഴുതുന്നതിനു സമയനഷ്ടം ആവശ്യമായിരുന്നതുകൊണ്ടും ചിലരുടെ കയ്യെഴുത്തു തലയിലെഴുത്തിനെക്കാൾ വായനയ്ക്കുപ്രയാസമായിരുന്നതുകൊണ്ടും അനേകവിധ വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. സരസന്മാരും, കോമളന്മാരും 'സ്റ്റൈല'ന്മാരുമായ പല യുവപരിഷ്കാരികളുടേയും അംഗുലിസീമകളിൽനിന്നു നിർഗ്ഗമിച്ച പ്രണയലേഖനങ്ങൾ എട്ടുകാലിയെ മഷിയിൽ മുക്കിയിട്ടു് കടലാസിലേക്കു വിട്ടതുപോലെ വിചിത്രതരമായിരുന്നു. ഈമാതിരിക്കത്തുകൾ ചിലരുടെ പ്രണയധാമങ്ങളിൽ പരിഹാസചിന്തയും, വെറുപ്പും, നൈരാശ്യവും ഉളവാക്കി. കയ്യെഴുത്തും കയ്യൊപ്പും മോശമായതുകൊണ്ടു് എത്രയെത്രപരിഷ്കൃതാശയകൾ അവരുടെ പ്രണയപ്രാർത്ഥികളെ തിരസ്കരിക്കപോലും ചെയ്തിട്ടുണ്ടെന്നു് ആർക്കറിയാം? അതോ പോകട്ടെ. വലിയ ഉദ്യോഗങ്ങളിലിരിക്കുന്ന ചില 'എട്ടുകാലികയ്യട'ക്കാരുടെ എഴുത്തുകൊണ്ടു് എത്രയെത്ര കീഴുദ്യോഗസ്ഥന്മാർ കഷ്ടപ്പെട്ടിട്ടുണ്ടു്. ജഡ്ജിയോ മുൻസിഫോ അവരുടെ അങ്ങേയററത്തെ രായസത്തിൽ ഒരു ജഡ്ജിമെൻെറഴുതിത്തള്ളും. സാധു 'കോപ്പിസ്റ്റ്' ചിലയവസരങ്ങളിൽ കച്ചേരിയിലുള്ള പ്യൂൺവരെ ചോദിച്ചു് സംശയംതീർത്താണു് അതിൻെറ പകർപ്പു് എഴുതുന്നതു്. എഴുത്തുകൂട്ടിൻെറ പുറത്തു ചിലർ പ്രയോഗിക്കുന്ന രായസത്തിൻെറ ഫലമായി എത്ര അഞ്ചൽപ്യൂണന്മാരാണു് വഴിയേപോകുന്നയാളുകളെ 'സാറെ! ഈ മേൽവിലാസം ഒന്നു വായിച്ചുതരണേ!' എന്നഭ്യർത്ഥിച്ചു ശകുനംമുടക്കുന്നതു്? ചുരുക്കിപറഞ്ഞാൽ കയ്യെഴുത്തിൻെറ മോശംകൊണ്ടു് ഉണ്ടായിട്ടുള്ള വൈഷമ്യങ്ങൾ ചില്ലറയൊന്നുമല്ല. ഈദൃശമായ ക്ലേശങ്ങളെ തികച്ചും വിപാടനംചെയ്യുന്നതിനും എഴുത്തുകൾ മനോഹരങ്ങളും, ആകർഷകങ്ങളും ആക്കിത്തീർക്കുന്നതിനും പര്യാപ്തമായ ഒരു ഉപകരണമാണു് ടൈപ്പ്റൈട്ടർ അഥവാ എഴുത്തുയന്ത്രം ഇതിൻെറ ജനയിതാവിനെപ്പററിയും, ഇതു കണ്ടുപിടിക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ചും സംക്ഷിപ്തമായി പ്രതിപാദിക്കാം.

ടൈപ്പ്റൈട്ടർയന്ത്രം കണ്ടുപിടിച്ചതു് അമേരിക്കയിൽ പെൻസിൽവേനിയാ എന്ന സ്ഥലത്തുകാരനായ ക്രിസ്റേറാഫർ ഷോൾസ എന്ന മഹാനാണു്. ഇദ്ദേഹം അവിടത്തെ ഒരു സാധുകുടുംബത്തിലാണു് ജനിച്ചതു്. ബാല്യകാലത്തുതന്നെ ഉപജീവനമാർഗ്ഗം അന്വേഷിക്കാൻ നിർബന്ധിതനായിരുന്നതുകൊണ്ടു കാലാനുസൃതമായ വിദ്യാഭ്യാസം ചെയ്യുന്നതിനു സൌകര്യപ്പെട്ടില്ല. പതിന്നാലുവയസ്സായപ്പോൾതന്നെ ഒരു പ്രസിദ്ധീകരണശാലയോടനുബന്ധിച്ചിരുന്ന പ്രസ്സിൽ കമ്പോസിറററായി ജോലിയിലേപ്പെട്ടു. ഈ ഉദ്യോഗത്തിലിരുന്നുകൊണ്ടു് അദ്ദേഹം പ്രസ്സിനെപ്പററിയും, അച്ചടിവിദ്യയെപ്പററിയും, നന്നായി മനസ്സിലാക്കിയതുകൂടാതെ വിദ്യാഭ്യാസസംബന്ധമായും കുറെ പുരോഗതിസമ്പാദിച്ചു.

ധിഷണാശാലിയും, അന്വേഷണബുദ്ധിയുമായിരുന്ന ഷോൾസ് ക്രമാനുഗതമായി

ഉയൎന്നയൻ കമ്പോസിററർസ്ഥാനത്തുനിന്നും പ്രൂഫ്റീഡറായും, പിന്നീടു സഹപത്രാധിപരായും, അനന്തരം പ്രധാനപത്രാധിപരായുംതീൎന്നു. ഇങ്ങനെ സ്വന്തംചുമതലയിൽ പത്രം നടത്തിക്കൊണ്ടിരിക്കുന്ന കാലത്തു് പ്രസ്സിൽ ധാരാളം ഇതരജോലികൾ ചെയ്തുകൊടുക്കുന്നുണ്ടായിരുന്നു. ബാങ്കുകാൎക്കും കച്ചവടക്കാൎക്കും ആവശ്യമുള്ള നാൾവഴി പേരേട് മുതലായകണക്കുപുസ്തകങ്ങൾ ഉണ്ടാക്കിവില്ക്കുന്നതു അദ്ദേഹത്തിന്റെ ഒരു പ്രധാനഉപതൊഴിലായിരുന്നു കണക്കുപുസ്തകങ്ങൾ ഉണ്ടാക്കുന്നതിൽ അവയ്ക്കു പേജുനമ്പരുകൾഇടുന്നതു വിഷമമേറിയഒരു ജോലിയായിരുന്നു. ഇതു പ്രസ്സിൽവെച്ചടിക്കുന്നതിനു സാദ്ധ്യമല്ലാതിരുന്നതിനാൽ ഓരോ പേജിലും പ്രത്യേകംപ്രത്യേകമായി അക്കങ്ങൾ ഇടേണ്ടതായി വന്നുകൂടി. ഇതു് അനാവശ്യമായ സമയവ്യയത്തിനും ബുദ്ധിമുട്ടിനു കാരണമാക്കി. ഒരിക്കൽ കുറെയധികം പുസ്തകങ്ങൾക്കു ആർഡർ ലഭിച്ചപ്പോൾ അവയെ ക്ലിപ്തതീയതികളിൽ ആവശ്യക്കാൎക്കു കൊടുക്കുന്നതിനു സാധിച്ചില്ല. ഈ സംഗതി ഷോളിന്റെ മനസ്സിനെ അപാരമായി ക്ലേശിപ്പിച്ചു. പ്രസ്സിലെ ജോലിക്കാരെ ക്രമാതീതമായി അധിക്ഷേപിച്ചതിന്റെശേഷം തിരിയെ സ്വഗൃഹത്തിൽവന്നു പതിവുപോലെ പത്രജോലികളിൽ ഏൎപ്പെടുന്നതിനു ശ്രമിച്ചു. രാഷ്ട്രീയകാൎയ്യങ്ങളെപ്പററിയുള്ള വിചിന്തനങ്ങളൊ, ലേഖനങ്ങൾ എഴുതാനുള്ള സന്നദ്ധതയോ ആ ദ്ദേഹത്തിനു തീരെ ഉണ്ടായില്ല. കണക്കുപുസ്തകങ്ങൾക്കു എളുപ്പത്തിൽ പേജുനമ്പരിടാൻ എന്താണു മാൎഗ്ഗം? ഓരോ ഭാഗങ്ങളും മറിച്ചു ഓരോ അക്കങ്ങൾ എടുത്തു കുത്തുന്നതു എത്രയോ ശ്രമസാദ്ധ്യമായ ഏൎപ്പാടാണു്? ഇതിനു സൌകൎയ്യപ്രദമായ ഒരു ഉപായം എന്തെങ്കിലും കണ്ടുപിടിക്കണം. വ്യഥാ ജോലിക്കാരെ കുററംപറഞ്ഞതുകൊണ്ടു കാൎയ്യമായില്ല. എന്നിങ്ങനെയുള്ള ചിന്തകൾക്കു വിധേയനായി രാത്രി മുഴുവൻ കഴിച്ചുകൂട്ടി അടുത്തദിവസം രാവിലെമുതൽ ഇതിലേക്കുള്ള പരിശ്രമങ്ങളും തുടങ്ങി. കുറെനാളത്തെ അനസ്യൂതമായ ശ്രമഫലമായി അദ്ദേഹം ഏററവും സൌകൎയ്യപ്രദമായ ഒരു 'നംബറിങ്ങ്മെഷീൻ' കണ്ടുപിടിച്ചു. ഇതു 1866-ാമാണ്ടായിരുന്നു.

ഒരിക്കൽ ഷോൾ കണ്ടുപിടിച്ച യന്ത്രത്തെ തന്റെ ഒരു സ്നേഹിതനെക്കാണിച്ചു അതിനെപ്പററി അഭിമാനപൂൎവ്വം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ സ്നേഹിതൻ ഇപ്രകാരം ചോദിച്ചു. "മി ഷോൾ! ആവശ്യാനുസരണം വളരെ വേഗത്തിൽ നമ്പരുകൾ ഇടുന്നതിനു ഒരുവേള ഈ യന്ത്രം കൊള്ളാമായിരിക്കാം. ഭംഗിയായും വൃത്തിയായും ഒരെഴുത്തു എഴുതണമെങ്കിൽ എന്താണു പണി? എഴുത്തുകൾ അച്ചടിപ്പിക്കുക സാദ്ധ്യമാണോ? വല്ല രഹസ്യങ്ങളുമാണെങ്കിൽ അതു കമ്പോസിററർമാർ പുറത്താക്കുകയും ചെയ്യും. അതുകൊണ്ടു സ്വകാൎയ്യമായ കത്തുകൾ എഴുതുന്നതിനു ഉപകരിക്കുന്ന വല്ലതും ഒരു യന്ത്രം കണ്ടുപിടിച്ചാൽ തരക്കേടില്ലായിരുന്നു. പൊതുജനങ്ങൾക്കു അതുപകാരമായിരിക്കുകയും ചെയ്യും. നമ്പറിങ്ങ്യന്ത്രം കൊണ്ടു അച്ചടിവേലക്കാൎക്കല്ലാതെ ഞങ്ങൾക്കെന്താണു് പ്രയോജനം ?" എന്നിപ്രകാരം പറയുകയുണ്ടായി. ഇതുകേട്ടപ്പോൾ സ്നേഹിതൻ പറഞ്ഞകാൎയ്യം പരീക്ഷണത്തിനും, പരിശ്രമത്തിനും അൎഹമായ ഒരു സംഗതിയാണെന്നുതോന്നി. ആകട്ടെ നോക്കാം. പക്ഷെ അതു വളരെ പ്രയാസമേറിയ ഒരു കാൎയ്യമാണല്ലൊ എന്നുമാത്രം ഷോൾ അപ്പോൾ മറുപടി പറഞ്ഞു എങ്കിലും സ്നേഹിതന്റെ ഈ നിൎദ്ദേശം ഷോൾസിന്റെ അന്തരംഗത്തിൽ അഗാധമായി പതിയുകതന്നെചെയ്തു.

നംബറിങ്ങ്യന്ത്രനിൎമ്മാണത്തിന്റെ അടിസ്ഥാനതത്വങ്ങൾ ആധാരമാക്കിക്കൊണ്ടു് ഷോൾസ് ഒരു എഴുത്തുയന്ത്രം കണ്ടുപിടിക്കുന്നതിനു ശ്രമിച്ചു. ഇദ്ദേഹത്തിന്റെ ഈ പരിശ്രമത്തിൽ ഒന്നുരണ്ടു സ്നേഹിതന്മാർ അദ്ദേഹത്തെ ഹാൎദ്ദമായി സഹായിച്ചു. ഒരു പഴയമേശയെടുത്തു വെച്ചു് അതിനു മുകളിൽ, അക്ഷരങ്ങൾ കൊത്തിയ ദരക്ഷണങ്ങളും ചില ഇരുമ്പുകമ്പികളും കൊണ്ടു എഴുത്തുയന്ത്രനിൎമ്മാണം തുടങ്ങി. 1868 ൽ ഷോൾസും സ്നേഹിതന്മാരുംകൂടെ യന്ത്രം പൂൎത്തിയാക്കി. ഇതായിരുന്നു ഇന്നുകാണുന്ന സകല ടൈപ്പുറൈട്ടർ യന്ത്രങ്ങളുടെയും ജനയിതാവു്. ആദ്യത്തെ ടൈപ്പുറൈട്ടർ യന്ത്രത്തിനു് ആകൃതിയിൽ ഏതാണ്ടു് ഹാൎമ്മോണിയത്തോടു സാമ്യമുണ്ടായിരുന്നതുകൊണ്ടു ചിലർ അതിനു് എഴുത്തുഹാൎമ്മോണിയം എന്നു എളുപ്പത്തിൽ നാമകരണംചെയ്തു.

ഷോൾസിന്റെ 'എഴുത്തുഹാൎമ്മോണിയത്തിൽ' എഴുതിയ കത്തുകൾ അനേകം പേരുടെ ശ്രദ്ധയെ ആകർഷിച്ചു ജനങ്ങളുടെ പ്രോത്സാഹനങ്ങളും അഭിനന്ദനങ്ങളും വൎദ്ധിച്ചുവന്നതോടുകൂടെ യന്ത്രത്തിലും ഓരോരോ പരിഷ്കാരങ്ങൾ അദ്ദേഹം വരുത്തി. അപ്പോഴേക്കും അമേരിക്കയിലെ അനേകം കമ്പനിക്കാർ ഷോൾസിനോടു് എഴുത്തു യന്ത്രത്തിന്റെ നിൎമ്മാണാവകാശം ആവശ്യപ്പെട്ടുതുടങ്ങി. ഒടുവിൽ "റെമിങ്ങ്ടൺ ആൻഡ്സൺസ്" എന്ന കമ്പനി ഭീമമായ ഒരുതുകയ്ക്കു ഷോൾസിനോടു ഈ യന്ത്രത്തിന്റെ അവകാശം വിലക്കുവാങ്ങി. അവർ ഇതിനു 'റെമിങ്ങ്ടൺ ടൈപ്പുറൈട്ടർ' എന്നു് നാമകരണവുംചെയ്തു.

റെമിങ്ങ്ടൺ ടൈപ്പുറൈട്ടറുകൾക്കു ചില പരിഷ്കാരങ്ങളും വ്യത്യാസങ്ങളും ചെയ്തു വേറെ ചില കമ്പനിക്കാർ എഴുത്തു യന്ത്രങ്ങൾ നിൎമ്മിക്കുവാൻതുടങ്ങി. ഇപ്പോൾ ഏകദേശം 30-ൽ അധികംമാതിരി യന്ത്രങ്ങൾ പ്രചാരത്തിലുണ്ടു്. എങ്കിലും റെമിങ്ങ്ടൺതന്നെയാണു് ഇപ്പോഴും കൂടുതൽ പ്രചാരമുള്ളതു്.

അടുത്തകാലത്തു പല പുതിയ പരിഷ്കാരങ്ങളും ഈ യന്ത്രത്തിൽ വരുത്തിയിട്ടുണ്ടു്. വിദ്യുച്ഛക്തികൊണ്ടു ടൈപ്പുചെയ്യാനുള്ള സൂത്രങ്ങളും, കുരുടന്മാൎക്കു ടൈപ്പുചെയ്യാനുള്ള പ്രത്യേകതരം യന്ത്രങ്ങളും 'ടിക്കു ടിക്കു' എന്ന ശബ്ദം കേൾക്കാത്ത നിശ്ശബ്ദിനികളും ഇപ്പോൾ ധാരാളമായി നിൎമ്മിച്ചുവരുന്നു.

യന്ത്രത്തിന്റെ പരിഷ്കാരപുരോഗതിയോടുകൂടെ അതുപയോഗിക്കുന്ന രീതിയിലും ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു. ആദ്യകാലത്തു വലതുകയ്യുടെ മൂന്നുവിരലുകൾമാത്രം ഉപയോഗിച്ചു ഓരോ അക്ഷരങ്ങൾ പ്രത്യേകം പ്രത്യേകം നോക്കിക്കൊണ്ടാണു് ടൈപ്പുചെയ്തിരുന്നതു്. ഇപ്പോൾ അതെല്ലാംപോയി അന്ധരീതി (Blind system) എന്നൊരേൎപ്പാടാണു സാധാരണ നടപ്പായിരിക്കുന്നതു്. ഇതനുസരിച്ചു പത്തുവിരലുകളുംകൊണ്ടു ടൈപ്പുറൈട്ടർ ജോലി നടക്കുന്നുണ്ടു്. വേഗതയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി വിസ്മയനീയമാണു്. മിനിട്ടിൽ 20 വാക്കുകൾവരെ ടൈപ്പുചെയ്യാൻ സാധിക്കുന്നവർ ഇപ്പോൾ ധാരാളമുണ്ടു്.

ടൈപ്പുറൈട്ടർ കണ്ടുപിടിച്ചിട്ടു ഇനിയും നൂറു കൊല്ലം തികഞ്ഞിട്ടില്ല. എങ്കിലും ഈ കാലത്തിനിടയ്ക്കു പ്രസ്തുതയന്ത്രത്തിനു ലഭിച്ചിരിക്കുന്ന പ്രചുരമായ പ്രചാരം അത്ഭുതാവഹമാണു്. സാമാന്യം ഭേദമായ ഏതൊരുതൊഴിൽക്കാരനും ഇതു് അനുപേക്ഷണീയമായ ഒരു ഉപകരണമായിത്തീൎന്നിട്ടുണ്ടു്. ഈ യന്ത്രം അനേകായിരം ജനങ്ങൾക്കു തൊഴിലും ഉപജീവനമാൎഗ്ഗവും പ്രദാനം ചെയ്യുന്നതിനു ഇടയാക്കിയിട്ടുണ്ടു്.

ടൈപ്പുറൈട്ടർ സ്ത്രീലോകത്തിന്റെ ഒരു പ്രത്യേകബന്ധുവാണു്. അവരുടെ കിസലയ കരകന്ദളശുശ്രൂഷകളും അംഗുലിപ്പെരുമാററങ്ങളും മററു പല യന്ത്രങ്ങളേയുംകാൾ കൂടുതലായി ടൈപ്പുറൈട്ടറാണു് ആസ്വദിക്കുന്നതു്. സംഗീതോപകരണങ്ങളിൽനിന്നുൽഭൂതമാകുന്ന കളസ്വന ഗാനങ്ങൾപോലെ കൎണ്ണപീയൂഷമായ 'ടിക്കു് ടിക്കു്' പല്ലവികൾ ശ്രുതിമധുരമായി ആലാപിക്കുന്നതിനു് തക്കതായ ശാരീരായാസം ടൈപ്പുറൈട്ടറിനു ലഭിക്കണമെങ്കിൽ തരുണീമണികളുടെ ഹസ്താന്തസമ്പൎക്കംതന്നെ വേണ്ടിയിരിക്കുന്നു.

ടൈപ്പുറൈട്ടർ സ്ത്രീകളോടു് പ്രത്യേകസ്നേഹമുള്ളവനാണെങ്കിലും തന്റെ സ്നേഹം വെറും സ്വാൎത്ഥപ്രസക്തിയിൽമാത്രം ലയിക്കുന്നതരത്തിലുള്ളതല്ല. അനേകം അബലകൾക്കു് ആഹാരമാൎഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതിനും അവരെ സ്വാശ്രയശീലകളാക്കുന്നതിനും, ചിലയവസരങ്ങളിൽ അവൎക്കു എളുപ്പത്തിൽ പ്രാണനാഥന്മാരെ നൽകുന്നതിനും ഈ യന്ത്രം അപാരമായി സഹായിച്ചിട്ടുണ്ടു്. അനേകം സ്ത്രീകൾക്കു ഉദ്യോഗക്കയററങ്ങളും, യജമാനപ്രീതിയും വളരെ സുഗമമായ രീതിയിൽ വാങ്ങിക്കൊടുത്തിട്ടുണ്ടു്. പതിനായിരത്തിൽപരം ഭാൎയ്യമാരുണ്ടായിരുന്ന മുരളീനാഥനെപ്പോലും ജയിച്ചു അനേകലക്ഷം വനിതകളുടെ സാമീപ്യസുഖവും, കരശുശ്രൂഷയും അനുഭവിച്ചുകൊണ്ടാണു് ആധുനിക ടൈപ്പുറൈട്ടർ കാലയാപനം ചെയ്യുന്നതു്. ചുരുക്കംചില കേരളീയവനിതകളെയും ഇയാൾ കനിഞ്ഞു കടാക്ഷിക്കാതെയിരുന്നിട്ടില്ല. തിരുവനന്തപുരത്തിലെ പല പബ്ലിക്കു ആഫീസുകളിലേക്കും സധൈൎയ്യം അവരെ കൂട്ടിച്ചുകൊണ്ടുപോയി പ്രവേശനം വാങ്ങിക്കൊടുത്തതു ടൈപ്പുറൈട്ടർ അല്ലാതെ മററാരാണു്?

# ഒരു ധീരവനിത.

എം. കരുണാകരൻ ബി. എ.

ആയിരത്തിമുന്നൂററിഇരുപത്തഞ്ചിൽ ഡെൽഹിസുൽത്താനായ മുഹമ്മദ്ബിൻതുഗലാക്കിൻെറ (Muhammad Bin Tughlak) ക്രൂരതരമായഭരണത്തിനു കീഴടങ്ങാൻ സാധിക്കാതെ, 1343-നും 1351-ം മദ്ധ്യേ ഇദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന എത്രയോ രാജ്യങ്ങൾ അധീശഗവൺമെൻറിനെ അവഗണിച്ചു സ്വാതന്ത്ര്യംനേടാൻ ശ്രമിച്ചതു ചരിത്രപ്രസിദ്ധമാണല്ലൊ. ഇദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരിലൊരാളായ ഹസ്സൻ സാഫർഖാൻ (Zaffar Khan 1347-ൽ ഡെക്കാനിൽ ഡൌലട്ട്ബാദ് (Daulatbad) എന്ന സ്ഥലം കരസ്ഥമാക്കുകയും ഈ സ്ഥലം അദ്ദേഹത്തിൻെറ ഏകഛത്രാധിപത്യത്തിൽ കീഴിലാക്കി ഭരിക്കുകയുംചെയ്തു. ഇദ്ദേഹത്തെ തുടൎന്നുകൊണ്ടു പതിമൂന്നു രാജാക്കന്മാർ ഈ രാജ്യം ഭരിച്ചുപോന്നു. അവസാനത്തെ സുൽത്താനായ മുഹമ്മദ്ഷാബാമിനിയ്ക്കു(Muhammad Shah Bhamini) രാജ്യഭരണം ശരിയായി നിർവഹിക്കാൻ സാധിക്കാതെ വന്നതോടുകൂടി, ഇദ്ദേഹത്തിൻെറ കീഴിലുള്ള ഓരോ രാജ്യത്തിലേയും ഗവർണർമാർ സുൽത്താൻെറ കല്പനയെ തിരസ്കരിച്ചു രാജ്യങ്ങൾ കൈവശമാക്കി. ഇങ്ങിനെയാണു ഡെക്കാനിൽ (Deccan) ബിറാർ, അഹമ്മദ്നഗരം, ബീജാപുരം, ബീദാർ, ഗോൽക്കൊണ്ട (Berar, Ahmmadnagar, Bijapur, Bedar, Golkonda) എന്നീ അഞ്ച് മുഹമ്മദീയഭരണമണ്ഡലങ്ങൾ ആവിർഭവിച്ചതു്. 1574-ൽ ബീറാർ അഹമ്മദുനഗരത്തോടു ലയിച്ചു. ഇങ്ങനെ അഭിവൃദ്ധി പ്രാപിച്ചുവന്ന അഹമ്മദ്നഗരത്തെ 16-ാംനൂററാണ്ടിൽ മുഗൾസേനകളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കാനായി മുൻപും പിൻപും നോക്കാതെ സൈന്യസമേതം രണാങ്കണത്തിലേക്കിറങ്ങിയ രാജവംശജയായ ചാന്ദബീബിയുടെ (Chand Bibi) ചരിത്രം വായിക്കുമ്പോൾ ആരാണു രോമാഞ്ചകഞ്ചുകിതരാകാത്തതു്—!.

അന്നു അഹമ്മദ്നഗരം ഭരിച്ചുവന്ന സുൽത്താൻെറ പുത്രിയായിരുന്നു ചാന്ദബീബി. അഹമ്മദ്നഗരവും ബീജാപുരവുംതമ്മിലുള്ള സഖ്യത്തെ നിലനിത്താനായി ചാന്ദബീബിയുടെ പിതാവു അവളെ ബീജാപുരം അപ്പോൾ പ്രശസ്തമായ നിലയിൽ ഭരിച്ചുവന്ന സുൽത്താനു വിവാഹംചെയ്തുകൊടുത്തു. വിവാഹബന്ധത്തിലേപ്പെട്ടു അല്പകാലം കഴിഞ്ഞപ്പോൾ, ചാന്ദബീബിയുടെ പ്രിയതമൻ, ആ സൌധീരത്തൈത ദുഃഖസാഗരത്തിലാഴ്ത്തികൊണ്ടു, പ്രപഞ്ചയവനികകളുളിൽ എന്നെന്നേക്കുമായി തിരോധാനം ചെയ്തു അങ്ങിനെ യൌവ്വനദശയിൽതന്നെ വൈധവ്യമനുഭവിക്കാനിടവന്നനായിക ബീജാപുരംകൊട്ടാരത്തിൽ രാജ്ഞിയുടെ നിലയിൽതന്നെ താമസമുറപ്പിച്ചു.

ഈ അവസരത്തിൽ ചാന്ദബീബിയുടെ പിതാവിനുശേഷം രാജ്യം ഭരിച്ചുകൊണ്ടിരുന്ന ദേഹവും ഈ മഹിളാമണിയുടെ ജ്യേഷ്ഠനുമായ നൈസാംഷാ (Nizam Shah) കാലധർമ്മം പ്രാപിച്ചു. രാജധാനിയിലെ ഉദ്യോഗസ്ഥന്മാരൊക്കെക്കൂടി രാജ്യാവകാശിയായ നൈസാംഷായുടെ പുത്രനെതിരായി രാജവംശത്തിലുൾപ്പെടാത്ത മറെറാരു കുട്ടിയെ രാജാവാക്കുവാൻ തീൎച്ചയാക്കുകയും, ഇതിൽ ഇവരെ സഹായിക്കാനായി അക്ബർചക്രവൎത്തിയുടെ പുത്രനായ മൂറാഡിനെ (Murad) നോടപേക്ഷിക്കുകയും ചെയ്തു. വടക്കേഇൻഡ്യ ഒട്ടുമുക്കാലും തൻെറ കീഴിലടക്കി ഭരിച്ചുവന്ന അക്ബർചക്രവൎത്തി ഡെക്കാനിലെ മുഹമ്മദീയഭരണമണ്ഡലങ്ങൾ കീഴടക്കാനുത്സാഹിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു, അഹമ്മദ്നഗരത്തിൽ ഈ അന്തഃഛിദ്രം ഉണ്ടായതു്. അഹമ്മദ്നഗരം മുഗളസാമ്രാജ്യത്തോടു ചേൎക്കുവാൻ ഇതു എത്രയോ നല്ല അവസരമാണെന്നുകരുതി, മൂറാഡ് 1595 ൽ സൈന്യസമേതം ഈ സ്ഥലത്തിനുനേൎക്കുവന്നു. ന്യായപ്രകാരം രാജപദമലങ്കരിക്കേണ്ടതായ നൈസാംഷായുടെ പുത്രനും അനുയായികളും, ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രാജ്യത്തെ രക്ഷിക്കാനായി ചാന്ദബീബിയെത്തന്നെ ശരണംപ്രാപിക്കുവാൻ തീൎച്ചയാക്കി.

ബാലികയായിരുന്നകാലത്തുതന്നെ യുദ്ധതന്ത്രങ്ങളൊക്കെ അഭ്യസിച്ചിരുന്ന ചാന്ദബീബി, ബീജാപുരംകൊട്ടാരത്തിലൊരുമുറിയിലിരുന്നുകൊണ്ടു ഒരുദിവസം, സുഖലോലുപകളായ തൻെറ സഖിമാരെ വീരരസപ്രധാനമായ കഥകൾ വായിച്ചുകേൾപ്പിക്കുകയായിരുന്നു. തൻെറ ഭൎത്തൃപുത്രനായ അബാസ്ഖാൻെറ (Abbas Khan) പത്നിയായ സോറായും (Zora) ഈ അവസരത്തിൽ രാജ്ഞിയുടെ അടുത്തുണ്ടായിരുന്നു. ഇങ്ങിനെ തൻെറ സഖിമാരുമായി വായിച്ചുരസിച്ചുകൊണ്ടിരുന്ന അവസരത്തിൽ, പുറത്തുനിന്നുണ്ടായ ശബ്ദകോലാഹലങ്ങൾ ചാന്ദബീബിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. ഉടനെതന്നെ ദ്വാരപാലന്മാർ അഹമ്മദ്നഗരത്തിൽനിന്നു ഒരു ദൂതൻ ഒരടിയന്തരവാൎത്തയുമായെത്തിയിരിക്കുന്നു എന്നു രാജ്ഞിയോടുണൎത്തിച്ചു. ഈ അടിയന്തിരവാൎത്ത എന്തായിരിക്കുമെന്നറിയാനുള്ള ഉൽക്കണ്ഠയിൽ, ചാന്ദബീബി, ദൂതനെ സ്വീകരിക്കാനും, അവൻ വന്നകാരണം ശരിയായി ഗ്രഹിക്കാനും അബാസ്ഖാനോടു ആജ്ഞാപിച്ചു. അബാസ്ഖാൻ കല്പനപ്രകാരം ചെയ്തതിൽപിന്നെ, രാജ്ഞിയോടു്, ദൂതൻ അഹമ്മദ്നഗരത്തിൽ ചാന്ദബീബിയുടെ ജ്യേഷ്ഠനായ നൈസാംഷായുടെ പുത്രനെതിരായി, രാജധാനിയിലെ ഉദ്യോഗസ്ഥന്മാർ, മറെറാരു കുട്ടിയെ രാജപദത്തിലേററുവാൻ ശ്രമിക്കുന്നുണ്ടെന്നും, അതിന്നു് അവർ അക്ബർചക്രവൎത്തിയുടെ മകനായ മൂറാഡിൻെറ സഹായം അപേക്ഷിച്ചതിനാൽ അദ്ദേഹം അഹമ്മദുനഗരം വളഞ്ഞിട്ടുണ്ടെന്നും, രാജഭക്തന്മാരായ അവിടത്തെ പ്രജകൾ രാജ്യരക്ഷാൎത്ഥം അവരെ സഹായിക്കാനായി ചാന്ദബീബിയോടപേക്ഷിക്കുന്നുവെന്നും ഉണൎത്തിച്ചു. തൻെറ പിതാവിൻെറ രാജ്യമായ അഹമ്മദുനഗരത്തിനു നേരിട്ട ആപത്തിൽനിന്നു അതിനെ രക്ഷിക്കാൻ താൻ ഒരുക്കമാണെന്ന സന്തോഷവാൎത്ത, രാജ്ഞിതന്നെ ദൂതനെ അറിയിക്കുകയും, അവനോടു അഹമ്മദുനഗരത്തിൽ രാജവംശത്തോടനുഭാവമുള്ള സേനയുടെ ശക്തിയെപ്പററിയും, മുഗളസൈന്യത്തിൻെറ സ്ഥിതിഗതികളെപ്പററിയും നല്ലപോലെ ചോദിച്ചു മനസ്സിലാക്കുകയുംചെയ്തു. ഇതുകൂടാതെ അഹമ്മദുനഗരത്തിലെ യോദ്ധാക്കൾ, തൻെറ നേതൃത്വത്തിൻകീഴിൽ യുദ്ധംചെയ്യുന്നതിനിഷ്ടപ്പെടുമോ എന്നുചോദിച്ചതിന്നു, ദൂതൻ അതിന്നു അവർ സർവാത്മനാ ഇഷ്ടപ്പെടുന്നതായിരിക്കുമെന്നും രാജ്ഞിയെ ഗ്രഹിപ്പിച്ചു. തൻെറ ദൌത്യം സഫലീഭവിച്ച സന്തോഷത്തോടെ ദൂതൻ അഹമ്മദുനഗരത്തിലേക്കു തിരിച്ചു

അല്പദിവസത്തിനുള്ളിൽ തൻെറ പിതാവിൻെറരാജ്യമായ അഹമ്മദുനഗരത്തെ ശത്രുക്കളുടെ കയ്യിൽനിന്നു വിമുക്തമാക്കാനുള്ള സ്ഥിരനിശ്ചയത്തോടുകൂടി ഒരുകൂട്ടം അശ്വാരൂഢന്മാരായ യോദ്ധാക്കളുടെ നേതൃത്വം വഹിച്ചുകൊണ്ടു ധീരയായ ചാന്ദബീബി അഹമ്മദുനഗരത്തിലേക്കു യാത്രയായി. തൻെറ ഭൎത്തൃപുത്രനായ അബാസ്ഖാനും പ്രിയപത്നിയായ സോറായും രാജ്ഞിയെ അനുഗമിച്ചിരുന്നു. യുദ്ധഭൂമിയിൽവെച്ചനുഭവിക്കാനിടയുള്ള ക്ലേശങ്ങളൊക്കെ തൃണവൽഗണിച്ചുകൊണ്ടു, മുഗിളസേനയുമായി നേരിട്ടുനിന്നെതിൎക്കാനുള്ള മനക്കരുത്തോടുകൂടി ഇറങ്ങി പുറപ്പെട്ട ചാന്ദബീബിയുടെ ധൈൎയ്യത്തെപ്പററി എത്ര പ്രശംസിച്ചാലും മതിയാവുന്നതല്ല. അഹമ്മദുനഗരവാസികൾ, അവരെ രക്ഷിക്കാനായിവന്ന ധീരവനിതയെ സഹർഷം സ്വീകരിച്ചു. സമീപരാജ്യമായ ഗോൽക്കൊണ്ടയിലെ രാജാവു് ചാന്ദബീബിയെ സഹായിക്കാമെന്നുവാഗ്ദാനം ചെയ്തിരുന്നുവെങ്കിലും, മുഗളസേന അഹമ്മദുനഗരത്തെ വളഞ്ഞതിനാൽ, അങ്ങിനെചെയ്യാൻ സാധിച്ചില്ല. അഹമ്മദുനഗരംകോട്ടയിലെ ഗവർണ്ണർ സ്വകാൎയ്യമായി മൂറാഡിനെ സഹായിച്ചുകൊണ്ടിരുന്നു. ചാന്ദബീബി അവിടെ എത്തിയഉടനെ ഇദ്ദേഹം, രാജ്യം ഒരു സ്ത്രീയുടെ ആധിപത്യത്തിലാണു തല്ക്കാലം ഇരിക്കുന്നതെന്നും, ഈ അവസരത്തിൽ അതു നിഷ്പ്രയാസം കീഴടക്കാൻ സാദ്ധ്യമാണെന്നും മൂറാഡിനെ അറിയിച്ചു. ഈ വിവരം ഉടനെ അറിയാനിടയായ ചാന്ദബീബി ഈ ഗവൎണ്ണരുടെമേൽ രാജദ്രോഹക്കുററംചുമത്തി, അദ്ദേഹത്തിന്നു വധശിക്ഷതന്നെ വിധിച്ചു. ഇതിൽപിന്നെ ചാന്ദബീബി, മൂറാ

ഷിന്നു, അദ്ദേഹം അഹമ്മദുനഗരത്തിന്റെ ഒരുമിത്രമെന്നനിലയിലാണു അവിടുത്തേക്കു വരുന്നതെങ്കിൽ, അവിടുത്തെ നിവാസികൾ അദ്ദേഹത്തെ മര്യാദയോടു സ്വീകരിക്കുന്നതാണെന്നും നേരേമറിച്ചു് ഒരു ശത്രുവെന്നനിലയിലാണെങ്കിൽ അഹമ്മദനഗരത്തിനുള്ളിൽ ചവിട്ടുവാൻപോലും അധികാരമില്ലാത്തതാണെന്നും കാണിച്ചുകൊണ്ടൊരെഴുത്തെഴുതി. ഈ എഴുത്തു മൂറാഡിനെ അഹമ്മദുനഗരം പിടിച്ചടക്കാൻ ഒന്നുകൂടി ഉൽസുകനാക്കുകയാണുണ്ടായതു്. പിറേറദിവസംതന്നെ മൂറാഡും മുഗിളസേനയും അഹമ്മദുനഗരംകോട്ട തകക്കാനായി വന്നു. ഭയവിഹ്വലരായ അഹമ്മദുനഗരനിവാസികളെ ചാന്ദബീബി ശൌര്യോചിതമായ വാക്ശ്രേണികളെക്കൊണ്ടു ധൈര്യപ്പെടുത്തി അഹമ്മദുനഗരത്തിലെ സൈന്യത്തെ മുഴുവനും ഉടനെതന്നെ ആ ധീരവനിത കോട്ടക്കകത്തുകൊണ്ടുനിർത്തി.

ഒരുദിവസം രാത്രി കോട്ടക്കകത്തുള്ള തന്റെ സൈന്യങ്ങളെ പരിശോധിക്കാനായി ചെന്നപ്പോൾ, ശത്രുസൈന്യപംക്തികളിൽനിന്നു പുറപ്പെട്ട ഘോരാരവം രാജ്ഞിയെ ഹഠാദാകർഷിച്ചു. ശ്രദ്ധിച്ചതിൽ, ശത്രുസൈന്യങ്ങൾ അഹമ്മദുനഗരംസൈന്യത്തോടു അവർ കീഴടങ്ങിക്കൊള്ളാനും അല്ലാത്തപക്ഷം അഹമ്മദുനഗരംകോട്ടയും അതിലുള്ള സൈന്യങ്ങളും നിശ്ശേഷം നശിപ്പിക്കപ്പെടുന്നതായിരിക്കുമെന്നും, ഉറക്കെ നിലവിളിച്ചു പറയുന്നതായിട്ടാണു് ചാന്ദബീബിയുടെ കർണ്ണപുടങ്ങളിൽ പതിഞ്ഞതു്. അഹമ്മദനഗരത്തിലെ നിവാസികളും, സൈന്യങ്ങളും ഇതുകേട്ടു ഭയന്നു ചാന്ദബീബിയോടു മുഗിളർക്കു കീഴടങ്ങുന്നതായിരിക്കും ഉത്തമം എന്നുപദേശിച്ചു. എങ്കിലും ആ അബലാമണിയുടെ സ്ഥിരനിശ്ചയത്തിനു യാതൊരു ഇളക്കവും തട്ടിയില്ല. രാജ്ഞിതന്നെ ഇരുമ്പുചട്ടയും ധരിച്ചു് അശ്വാരൂഢയായി സൈന്യമദ്ധ്യത്തിൽ നിന്നുകൊണ്ടു യോദ്ധാക്കളെ ധൈര്യസമേതം പോരാടുവാൻ പ്രോത്സാഹിപ്പിച്ചു. യുദ്ധമദ്ധ്യത്തിൽ മുഗിളസേന കോട്ടയുടെ ഒരുഭാഗം തകർത്തു, ഉടൻതന്നെ ആ വഴിക്കു കോട്ടയ്ക്കുള്ളിൽ പ്രവേശിക്കണമെന്നായിരുന്നു അവരുടെ നിശ്ചയം. എങ്കിലും ജീവനെ ത്യജിച്ചുകൊണ്ടു പോരാടുന്നതാണു് കീഴടങ്ങുന്നതിൽപരം നല്ലതു് എന്നു ചാന്ദബീബി തന്റെ പടയാളികളെ ധരിപ്പിച്ചു. മുകിളസേനയും, അഹമ്മദുനഗരസേനയും തമ്മിൽ നടന്ന ഈ ഘോരസമരത്തിൽ, മുഗിളസേന അതീവനഷ്ടങ്ങളോടുകൂടി പിൻമാറേണ്ടിവന്നു എന്നറിയുമ്പോഴാണു്, ഏവരും ചാന്ദബീബിയുടെ സൈന്യനിയന്ത്രണസാമർത്ഥ്യം, ആജ്ഞാശക്തി, എന്നിവയേപ്പററി ആലോചിച്ചു് ആശ്ചര്യഭരിതരാവുന്നതു്. യുദ്ധതന്ത്രങ്ങളൊക്കെ ശരിയായി ഗ്രഹിച്ചിരുന്ന ഈ സ്ത്രീമതല്ലിക ജീവിച്ചിരിക്കുന്ന കാലത്തോളം, അഹമ്മദുനഗരം കീഴടക്കുവാൻ സാദ്ധ്യമല്ലെന്നു മൂറാഡിന്നു ബോദ്ധ്യം വരികയാൽ, അദ്ദേഹം ചാന്ദബീബിയുമായി ഒരു സന്ധിയിലേപ്പെട്ടുകൊണ്ടു പിൻമാറി.

എങ്കിലും മുഗിളർക്കു അഹമ്മദുനഗരം കീഴടക്കാനുള്ള മോഹം അന്നന്നു വർദ്ധിച്ചുതന്നെവന്നു. 1600-ൽ അക്ബർചക്രവർത്തി തന്റെ പുത്രനായ ഡാനിയലിനെ (Danyal) സേനയുമായി ഈ സ്ഥലം കീഴടക്കാനായി അയച്ചു. ഇദ്ദേഹത്തിന്നും ചാന്ദബീബിയെ തോല്പിയ്ക്കുന്നതിനു കഴിഞ്ഞില്ല. അവസാനം ആ ശൂരനായ അക്ബർചക്രവർത്തിതന്നെ അഹമ്മദുനഗരത്തിനു നേരെ വന്നു. നിർഭാഗ്യവശാൽ, അഹമ്മദുനഗരത്തിൽ പ്രജകൾ തമ്മിലുണ്ടായ ചില കുഴപ്പങ്ങൾമൂലം, രാജദ്രോഹികളായ ചിലരുടെ പ്രേരണയ്ക്കധീനനായ അന്തഃപുരത്തിലെ ഒരു ഭൃത്യൻ, ചാന്ദബീബി ചിന്താധീനയായി തനിച്ചിരിക്കുന്ന അവസരത്തിൽ, ആ രാജ്ഞിയുടെ ജീവനെ തന്റെ നിശിത ഖഡ്ഗത്തിന്നിരയാക്കി. ധീരയായ ചാന്ദബീബിയുടെ ജീവാവസാനം ഈവിധത്തിലല്ലെന്നും, ഒരുകൂട്ടം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. രാജ്ഞിയുടെ മരണശേഷം 1600-ൽ അക്ബർ അഹമ്മദുനഗരം കൈവശപ്പെടുത്തി. ഏതായാലും ജീവനോടിരിക്കുന്നകാലത്തോളം അഹമ്മദുനഗരത്തെ ശത്രുസൈന്യങ്ങളുടെ ആക്രമണത്തിൽനിന്നു രക്ഷിച്ച ഈ ധീരവനിതയുടെ അജയ്യധൈര്യം, സൈന്യനിയന്ത്രണത്തിലുള്ള അമിതനൈപുണ്യം, എന്നിഗുണങ്ങളെപ്പററി ആരാണു പ്രശംസിക്കാതിരിക്കുക?

---

# എന്റെ പ്രേയസി.

കെ. എൻ. ബാലകൃഷ്ണപിള്ള ബി. ഏ.

അനുദിനമാനന്ദമേകുമാറു-
ള്ളനുപമസൗഹൃദസങ്കേതങ്ങൾ
അവനിയിലെങ്ങുംതിരഞ്ഞുഞാനു-
ന്നവശനായയ്യോ തളർന്നുപോയി!
ഹൃദയമൊന്നല്പംപകർന്നിടാനായ്
സദയമെന്നന്തികമാരണവൂ!
കരുണയിമാനുഷവംശംതന്നിൽ
കണികാണാൻപോലും വിഷമമെന്നോ?

കഴിവററുകേഴുമെൻകണ്ണിൻമുൻപിൽ
കനിവുറെറാരോമലാളോടിയെത്തി
സുരലോകസുന്ദരകാന്തിയൊന്നാ
സുകൃതിനിച്ചുററിലുംവിശിനില്ക്കെ
മുകുളിതപാണിയായ്ത്തന്നെഞാനെൻ
തരളിതമാനസംകാഴ്ചവച്ചു!

മതിതെളിഞ്ഞാമഞ്ജുവാണിയോതും
മൊഴികളെനിക്കൊരുഗീതയായി!
അടരിലണയുവാൻപോലുമെന്നെ-
ന്നടിമുടിപൊന്നുപോൽകെല്പുയർന്നു.
"അനവദ്യസൗന്ദര്യസൽഗുണങ്ങൾ-
ക്കമലനികേതനമാമെൻ ....
അനുദിനമൊന്നുപരിചരിക്കാൻ
അനുവാദമേകുകെൻപ്രാണനാഥാ!"
പരിണതപാവനപ്രേമമോട-
പ്പരഭൃതവാണിപലതുമോതി.
കരുണചൊരിയുമക്ഷിയിനാലെ
കദനമന്നെൻകരംകൈകൊടിഞ്ഞു.

പ്രകൃതിയുമന്നേരമെന്റെമുൻപിൽ
പ്രണയസപത്നിയായിമാറി
പുതുശോഭതിങ്ങുംനറുമലരിൻ
പരിമളഭാരംവഹിക്കുവാനായ്
പരിചോടണയുംപവനനേറ-
പ്പരിതോഷംപൂണ്ടൊരുപാട്ടുപാടി.
പരിഭവമാന്നരജനിതന്റെ
പുറകിലണഞ്ഞൊരുവെൺമതിയും
പരിമൃദുവായകരങ്ങൾനീട്ടി
പുളകിതഗാത്രിയെപ്പുൽകിനിന്നു.

അതുപൊഴുതെൻപുതുപ്രേയസിയു-
മകമലിഞ്ഞെന്നോടുചൊല്ലിയേവം
"നിയതിതൻനിസ്തുലനീതിയെല്ലാം
നലമൊടുകണ്ടുകഴിഞ്ഞുവല്ലോ.
പറയുഭവാനതിൻപാവനമാം
പൊരുളുകളെന്തെന്നുപൂർണ്ണമായി."
അവളുടെമുൻപിൽക്കുഴങ്ങിഞാനെ-
ന്നാശതസർവ്വവുംസമ്മതിച്ചു.
പ്രണയവിവശയെൻപ്രേയസിയും
പ്രണതാംഗിയായിനിന്നോതിവീണ്ടും
"വിജനമാമിസ്ഥലത്തുംപ്രമോദാൽ
വസിക്കാമല്ലംനമുക്കുനാഥാ!
അതിനിടയ്ക്കാനന്ദമേകുമാറ-
ങ്ങറിയിക്കാംതത്വമഖിലവുംഞാൻ."

പ്രഥമമാമന്നത്തെമേളനത്തിൻ
കഥകൾഞാനെങ്ങനെവിസ്മരിക്കും?
അതുമുതലെന്നെപ്പിരിഞ്ഞിടാതെ;
പുതുമകളേതുമേകൈവിടാതെ
സുചരിതസാഹിതീദേവിയാമെൻ
പ്രണയിനിയിന്നുംലസിച്ചിടുന്നു.

---


## സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ
—*—
(തനി സ്വർണ്ണത്തിന്റെ പ്രകാരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവമ്മെൻറിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,
Post Box No.23 0. MADRAS

# ഇഹലോകം.

ബി. ആനന്ദവല്ലിഅമ്മ, എം. എ.

ഒരൊററക്കാശിനപോലും വകയില്ലാതെ ജന്മം മുഴുവനും, അത്യാത്തിയോടെ ജീവിച്ചുപോന്നവനും, ജീവിതത്തിൽ ഒരുദിവസമെങ്കിലും വയറുനിറയെ ആഹാരംകഴിച്ചിട്ടില്ലാത്തവനുമായ ഒരു നിധ്നൻ മരണശേഷം ഈശ്വരസന്നിധിയിൽ ആനയിക്കപ്പെട്ടു.

ഭഗവാൻ ചോദിച്ചു: "ലോകം ഏതുതരത്തിലുള്ളതെന്നാണു നിനക്കു തോന്നിയതു്?"

ദരിദ്രൻ ഉത്തരംപറഞ്ഞു: "മഹാനിർദ്ദയം, നിഷ്ഠുരം."

* * *

ലോകത്തിലേക്കു ഏററവും വലിയ കോടീശ്വരൻ മൃത്യുവശഗനായി ഭഗവൽസന്നിധിയെ പ്രാപിച്ചു. ഇഹത്തിലെ സവ്വവിധ സുഖഭോഗങ്ങളും, ഐശ്വയ്യങ്ങളും അയാൾ അനുഭവിച്ചുകഴിഞ്ഞിരുന്നു. ദുഃഖം എന്തെന്നുപോലും അയാൾ അറിഞ്ഞിരുന്നില്ല. അയാളുടെ സകല ആഗ്രഹങ്ങളും സാധിച്ചിരുന്നു

ഭഗവാൻ ചോദിച്ചു: "ലോകം ഏതുതരത്തിലുള്ളതാണു .?"

ധനവാൻ മറുപടിനൽകി: "ആനന്ദമയം, സുഖസംപൂണ്ണം"

* * *

ലോകത്തിലേക്കു ഏററവും പ്രതാപവാനും സ്വേച്ഛാചാരിയും, വിശ്വവിജയിയുമായ സമ്രാട്ടു്, മൃതനായപ്പോൾ ഭഗവൽസന്നിധിയിൽ എത്തി. രാജാക്കന്മാർ, പ്രഭുക്കൾ എന്നുവേണ്ട സകലരും ഈ മഹാപുരുഷന്റെ പാദസേവചെയ്തുപോന്നിരുന്നു.

ഈശൻ ചോദിച്ചു: "ലോകം നിനക്കു എങ്ങനെ തോന്നിച്ചു?"

ജഗദ്വിജയിയായ ചക്രവത്തിയുടെ ഗർവ്വോട്ടുകൂടിയ മറുപടി "ആജ്ഞാകാരിയത്രെ" എന്നായിരുന്നു.

* * *

സിംഹാസനത്തിൽനിന്നു നിഷ്കാസിതനായ ഒരു രാജാവു് പരലോകത്തിൽ ചെന്നപ്പോൾ ഭഗവാന്റെ അതേ ചോദ്യത്തിനു "ലോകം വഞ്ചനാവാസമാണു" എന്നു് ഉത്തരംപറഞ്ഞു.

* * *

ഏഴുവയസ്സിലെ വിധവയായിത്തീന്നു് ലോകസുഖമെന്തെന്നറിയാതെ സമുദായത്താൽ ജീവിതം ഹനിക്കപ്പെട്ട ഒരു വിധവ ഭഗവാന്റെ തൃപ്പാദംകണ്ടു വന്ദിച്ചു. ഭഗവാൻ വീണ്ടും ആ ചോദ്യംതന്നെ ആവത്തിച്ചു

"ലോകം ക്രൂരവും ദുഃഖഭൂയിഷ്ഠവുമാണു്" എന്നവൾ മറുപടിനൽകി.

* * *

ഭഗ്നാശയനായ വിദ്വാനും ഈശ്വരന്റെ പാദംകണ്ടു തൊഴുതു അയാളുടെ വിദ്യാസമ്പത്തുകൊണ്ടു ഇഹത്തിൽ യാതൊരു പ്രയോജനവും സിദ്ധിച്ചിരുന്നില്ലെന്നു മാത്രമല്ല, അയാൾ പരപരിഹാസത്തിനു പാത്രമായും തീന്നിരുന്നു അയാൾ ഭഗവാനോടു്, "ലോകംമൂഢത്വത്തിന്റെ ഇരിപ്പിടമാണു" എന്നു പറഞ്ഞു.

* * *

ധനവാനും പ്രതാപശാലിയുമായ പുരുഷന്റെ കാമശാന്തിക്കായി ബലികഴിക്കപ്പെട്ടു ഒടുവിൽ സമുദായഭ്രഷ്ടയായ ഒരു വേശ്യ ഭഗവൽസന്നിധിയിൽ കൊണ്ടുവരപ്പെട്ടു. ലോകം ഏതുതരത്തിലുള്ളതാണെന്നുള്ള ഭഗവാന്റെ ചോദ്യത്തിനു, "ഇന്ദ്രിയാസക്ത"മാണെന്നു് അവൾ മറുപടിപറഞ്ഞു.

* * *

കീത്തിമാനും ബഹുമാന്യനുമായ പുരുഷനാകട്ടെ ലോകം വിവേകശക്തിയുള്ളതാണെന്നു അറിയിച്ചു.

* * *

പത്തുദിവസംമാത്രം ഈ ലോകത്തു ജീവിച്ച ഒരു ബാലൻ ഭഗവാന്റെ മുൻപിൽ എത്തി. ഭഗവാൻ അവന്റെ അഭിപ്രായമെന്തെന്നു അന്വേഷിച്ചു

"ലോകം പോഷകസാധനമാണു" എന്നവൻ പറഞ്ഞു.

* * *

ഒടുവിൽ, അരനിമിഷംമാത്രം ഈ ലോകത്തിൽ ജീവിച്ചിരുന്ന ഒരു ശിശു വിധിവൈഭവംകൊണ്ടു പരമാത്മാവിന്റെ സന്നിധിയിൽ അണഞ്ഞു.

ഭഗവാൻ ചോദിച്ചു. "ലോകം എങ്ങനെയുള്ളതു ?"

കുറച്ചു ചിന്തിച്ചശേഷം ശിശു മറുപടി പറഞ്ഞു.

"എനിക്കു നിശ്ചയമില്ല ഒരുവേള പരിതഃസ്ഥിതികളെ അനുസരിച്ചിരിക്കാം"

* * *

ജഗന്നിയന്താവു് പുഞ്ചിരിതൂകി, "നീതന്നെ, കുഞ്ഞേ, ലോകരഹസ്യം ശരിയായി അറിഞ്ഞവൻ," എന്നരുളിച്ചെയ്തു.

---

# മദ്ധ്യാഹ്നം.

കെ. ജി. പരമേശ്വരപ്പണിക്കർ ബി. എ.

സ്വപ്നസമാശ്ലേഷസൗഖ്യത്തിൽ ചുണ്ടുകൾ-
ഉല്ലംഘിടത്തിയതന്വിപോലെ
ലാലസിക്കുന്നു,പ്രഭാതദോഷങ്ങൾ-
ളാകുംസഖികൾനട്ടുകൊയ്യുച്ച്'
പുൽക്കൊടിവെൺതുമ്പിൽചുംബിച്ചുപോ-
മക്കൊച്ചുതെന്നൽതെളിച്ചിട്ടുന്ന [യിട്ടു
തൽക്കൺകളിൽനിന്നുംപ്രക്ഷീണമാർകുഴ-
ലുൾക്കൊള്ളുംവെള്ളിഭാതിശേഷം;
തല്പക്ത്രമായിട്ടുംചെമ്പനീർപുഷ്പത്തിൽ
തങ്ങുന്നിതാസ്യത്തിൻമൗനമെല്ലാം

ജാഗ്രതാഞ്ചരനമിങ്ങെങ്ങുംകാണ്മിലാ,
മന്ദീഭവിച്ചുപോയ്ജീവജാലം,
പാടങ്ങളാകവെമാനവനിശ്ശൂന്യം
വടിമയങ്ങുന്നുവൃക്ഷവൃന്ദം,
മേൽക്കൂട്ടുതാന്നുകിടക്കുന്നകർഷക-
പ്പുൽക്കുടിലാതപസ്നാനംകൊൾവൂ;
തൻമുമ്പിൽഗംഭീരഭാവംനടിച്ചുകൊ-
ണ്ടവിൽനാപ്പുമയൂരനേകൻ,
ഔന്നത്യനാട്യത്തിലോട്ടുന്നുപൂങ്കോഴി,
പിന്നാലെതൻപിടക്കൂട്ടവും, ഹാ!
ഏകയാംഗ്രാമീണപ്പെൺകൊടിതൻനേത്ര-
മാകുഞ്ചമീലനംതെല്ലുചെയ്തും,
മന്ദഹസിച്ചുരസിച്ചും,തൻവാർകുഴൽ
ചിന്നുന്നു,പിന്നെയുംകെട്ടിടുന്നു.

ഇംഗ്ലീഷിൽനിന്നു്.

---

# നിങ്ങളുടെ ഭാവി.


നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്— ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവക്കു 100 ക ഇനാം.

Professor G. Shunker,
Post Box No. 72, Lahore.



നവംബർ ഒടുവിലത്തെ ആഴ്ചയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജർമ്മനിയിലെ വിവാഹക്കണക്കുകൾ, ലോകത്തിലുള്ള മററു രാജ്യങ്ങളെ അപേക്ഷിച്ച് ഏററവും വമ്പിച്ച ഒന്നാണെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. 631 000 വിവാഹങ്ങളാണ് 1933 ൽ അവിടെ നടന്നിട്ടുള്ളതു്. ഹിററ്ലർ ഏർപ്പെടുത്തിയിട്ടുള്ള പുതിയ സ്ത്രീധനവ്യവസ്ഥയാണ് ഇതിനു കാരണമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പണമുണ്ടായിട്ടേ വിവാഹം കഴിക്കയുള്ളുവെന്ന് ശാഠ്യംപിടിച്ചുകൊണ്ടിരുന്ന അനേകായിരം യുവാക്കൾ ഇപ്പോൾ വിവാഹത്തിനു ആർത്തിയോടുകൂടി മുന്നോട്ടിറങ്ങിക്കൊണ്ടിരിക്കയാണ്.

* * *

ലോകത്തിൽ നൂറുസംവത്സരംകൊണ്ട് വന്നിട്ടുള്ള അഭിവൃദ്ധിയെ കാണിക്കുന്ന ചിക്കാഗോപ്രദർശനം അവസാനിച്ചിരിക്കുന്നു. ലോകത്തിലെ ഏററവും മഹത്തായ ഒരു പ്രദർശനത്തിനോടു അവർ ഈയിടെ യാത്രപറഞ്ഞു. വിനോദവും, നേരംപോക്കും ആഹ്ലാദവുംകൊണ്ടു അവസാനദിവസം ജാജ്വല്യമാനമായിരുന്നു. രണ്ടുകൊല്ലമായി അമേരിക്കയിലേയും വിദേശങ്ങളിലേയും അനേകലക്ഷം സന്ദർശകരെ ഈ പ്രദർശനം ആനന്ദിപ്പിച്ചു. ഒന്നരക്കോടി ആളുകളാണ് പ്രദർശനം കാണാൻ അവിടെ ചെന്നതു്. പ്രദർശനത്തിന്റെ അന്ത്യരംഗങ്ങൾ അതിനു അനുരൂപമായിരുന്നു. അനേകായിരം സന്ദർശകന്മാർ അക്രമമായി പെരുമാറുകയും കെട്ടിടങ്ങളും, ബെഞ്ചുകളും കസേരകളും മററും നശിപ്പിക്കയും ഔദ്യോഗികമായി പ്രദർശനം അവസാനിച്ചിട്ടും അതനുസരിക്കാതെ കൂടുതൽസമയം അതു തുറന്നുതന്നെ വച്ചേക്കുകയും മററുംചെയ്തു സ്ത്രീകളും പുരുഷന്മാരും കുടിച്ചു മറിഞ്ഞു വിളക്കുകൾ തല്ലിപ്പൊട്ടിക്കയും മദ്യശാലകൾ തകർക്കയും പോലീസുകാരെ പിടിച്ചു മിഷിഗാൺതടാകത്തിലെറിയുകയും മററുമാണുണ്ടായതു്. ആർക്ററസ് എന്ന നക്ഷത്രത്തിൽനിന്നു വരുത്തിയ വെളിച്ചമാണ് 1933 മേമാസത്തിൽ പ്രദർശനോദ്ഘാടനം ചെയ്തതു്. മനുഷ്യൻ അറിഞ്ഞിട്ടുള്ളതിലൊക്കെ ഏററവും ഉജ്വലമായ വെളിച്ചമാണ് അവിടെ പ്രകാശിച്ചതു. രണ്ടുകൊല്ലത്തിനകം മൂന്നരക്കോടി ആളുകളിലധികം പ്രദർശനം സന്ദർശിച്ചു.

* * *

സമാധാനത്തിനുള്ള നോബൽസമ്മാനം 1933-ലേക്കുള്ളതു സർ നോർമൻ ആൻജലിനും 1934-ലേക്കുള്ളതു മി. ആർതർ ഹെൻഡേഴ്സനുമാണു ലഭിച്ചിരിക്കുന്നതു. സമ്മാനത്തുക ഏകദേശം 7000 പവനാണ്. 1933-ലെ കാർണിജി സമാധാനസമ്മാനവും (രണ്ടായിരം പവനിൽ കൂടുതൽ) മി. ഹെൻഡേഴ്സനാണു കിട്ടിയതു്. സമ്മാനദാനച്ചടങ്ങുകൾ എല്ലാം നടന്നിരിക്കുന്നു. നിരായുധീകരണത്തിനും സമാധാനത്തിനുമായുള്ള പ്രവർത്തനങ്ങളിൽ മി. ഹെൻഡേഴ്സന്റെ സേവനത്തേയും ധൈര്യത്തേയും പ്രശംസിച്ചുകൊണ്ടു നോർവിജിയൻ പ്രധാനമന്ത്രിയായ മി. മൗവൻകെല്ലാണു സമ്മാനം നൽകിയതു്.

* * *



പുതിയ ഫ്രെഞ്ച് പ്രീമിയരായ എം. ഫ്ളാൻഡിൻ പുതിയ കാബിനററ രൂപീകരിക്കുന്ന ജോലി കഴിഞ്ഞ ഉടൻ പത്രപ്രതിനിധികളുമായി സംഭാഷണം നടത്തുന്നു.

ഇൻഡ്യയിലെ ഒരു ജഡ്ജിയുടെ ഭാര്യയെന്നു അഭിമാനിക്കുന്ന മിസ്സിസ്സ് ലീനാറാഗിസ്ബൻ എന്ന മദ്ധ്യവയസ്കയായ ഒരു സ്ത്രീയെ മദ്യപിച്ചു ഒരു പൊതുനിരത്തിൽ വച്ചു വികൃതികൾ കാട്ടിയെന്ന കുററത്തിനു ലണ്ടൻ മജിസ്ട്രേട്ടു പിഴശിക്ഷ വിധിച്ചിരിക്കുന്നു.

* * *

സീസറിനു ഇടതുകാതു കേൾക്കുവാൻ പാടില്ലായിരുന്നു. ജാർജ് മൂന്നാമനു ഭ്രാന്തുണ്ടായിരുന്നു, കൈസറിനു ഒരു ശോഷിച്ച കയ്യുണ്ടായിരുന്നു; ഏബ്രാഹാംലിങ്കണു മലബന്ധത്തിന്റെ സുഖക്കേടുണ്ടായിരുന്നു. ഈ പ്രസ്താവനകൾ ഒന്നുംതന്നെ യു. എസ്സ്. എ. പൌരന്മാരെ പരിഭവപ്പെടുത്തുന്നില്ല. എന്നാൽ റൂസവൽററിന്റെ ബലഹീനതയെപ്പററി ആരെങ്കിലും പ്രസ്താവിച്ചാൽ അതു യാങ്കീ അമേരിക്കയ്ക്ക് ഭ്രഷ്ട് കല്പിക്കുംപോലെയും!

* * *



മിസ്റ്റർ ആർതർ ഹെൻഡേഴ്സന്റെ സ്ഥാനത്തു ലേബർപാർട്ടിയുടെ പുതിയ സിക്രട്ടറിയായി നിയമിക്കപ്പെട്ട മിസ്റ്റർ ജേംസ് മിഡിൽട്ടൺ

ജീവിതത്തെ സ്പർശിക്കുന്ന സംഗതികളെ പഠിപ്പിക്കുന്നതിനായി മെക്സിക്കോയിൽ ഒരു ഷഡ്വത്സരപദ്ധതി രൂപവൽക്കരിച്ചിരിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഈ അഭ്യസനത്തിൽ ഉൾപ്പെടണമെന്നും അവർ അറിഞ്ഞിരിക്കേണ്ട എല്ലാവിഷയങ്ങളും ഇവിടെ പഠിപ്പിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു. മതം ഒരു കള്ളക്കഥയാണെന്നും ഈശ്വരൻ എന്നൊരാൾ ഇല്ലെന്നും കൂടി ഇവിടെ പഠിപ്പിക്കുന്നതായിരിക്കുമത്രേ

* * *

ആർലിയൻസിലെ ഒരു കൃഷിക്കാരനും, 64 വയസ്സു പ്രായമുള്ള ആളുമായ ഐസക്സ്റ്റോൾ എന്ന വൃദ്ധൻ നിദ്ര വെറും ഒരു സമയനഷ്ടമാണെന്നു ഒരുവർഷം മുൻപെ തീരുമാനിച്ചു. ഈ നിശ്ചയത്തിനുശേഷം ഇദ്ദേഹം ഉറങ്ങാറില്ല. ഒരു ദിവസത്തിൽ ഒരുമണിക്കൂർ ഒന്നു മയങ്ങുകമാത്രം ചെയ്യും. രാത്രികാലങ്ങൾ പുസ്തകപാരായണത്തിനായി ഇദ്ദേഹം മാററിവച്ചിരിക്കയാണ്. ഇതിന്റെ ഫലമായി തന്റെ ബുദ്ധിശക്തി വളരെ കൂടിയിട്ടുണ്ടെന്നു ഐസക്ക് അഭിമാനിക്കുന്നു.

* * *

ജീവിതത്തിന്റെ അസുഖങ്ങൾ സഹിക്കുവാൻ നിവൃത്തിയില്ലാതെ ഒരാൾ ജാപ്പാനീസ് ആൽപ്സിൽ നിന്നു കീഴോട്ടു ചാടി മരണം വരിക്കുവാനുറച്ചു. ഉദ്ദേശിച്ചപ്പെട്ടതിനുള്ള സ്ഥലത്തെത്തി. എന്നാൽ സൂര്യോദയത്തിന്റെ മനോഹരതകണ്ടു അതിൽ ലയിച്ചു ഉദ്ദേശം കൈവെടിഞ്ഞു വീട്ടിൽ മടങ്ങിച്ചെല്ലുകയാണു ഇയാൾ ചെയ്തതു്.

* * *

കൊളമ്പിനുസമീപം ചില്ലോഎന്നസ്ഥലത്തെ ഒരാൾ ഉറക്കംകഴിഞ്ഞുണന്നപ്പോൾ താൻ ഒരു ശവപ്പെട്ടിയിലാണു കിടക്കുന്നതെന്നു മനസ്സിലായി. ഉറക്കംവരുവാൻ ഉപയോഗിക്കുന്ന ഒരൌഷധം കുറെ കൂടുതൽ കഴിക്കുവാൻ ഇയാൾക്കിടവരികയും യഥാസമയം ഉണരായ്കയാൽ മരിച്ചു എന്നു വിചാരിച്ചു അടക്കം ചെയ്യുാൻ ബന്ധുക്കൾ വേണ്ടതെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഭാഗ്യവശാൽ ഇയാൾ ഉണരുകയും ആണു ചെയ്തതു്.

* * *

ജർമ്മനിയിൽ ജനിച്ചു കുറേക്കാലം ട്രാഫിസ്റ്റ്കത്തോലിക്ക ആർഡറിലെ ഒരു സന്യാസിയായിരുന്ന ജോസഫ് ട്രാഫിസ്റ്റ് എന്നയാൾ ബുദ്ധസന്യാസിയാകുവാൻ കൊളമ്പിൽ എത്തിയിരിക്കുന്നു.

* * *

മാഡ്ജ് ഇവാൻസ്.




മാഡ്ജ് ധരിക്കുന്ന വസ്ത്രങ്ങൾ മററു സിനിമാതാരങ്ങൾക്കു അസൂയ ഉണ്ടാക്കുന്നു. അതിൻെറ രഹസ്യം ഏതുതരം വസ്ത്രങ്ങളും മാഡ്ജിനു യോജിക്കുന്നു എന്നുള്ളതാണു്. ഒരു പ്രത്യേകതരം സൗന്ദര്യമാണു മാഡ്ജിനുള്ളതു്.

മോസ്കോയിൽ ഇപ്പോൾ ആകെ 2152 വായനശാലകളും ഇവയിൽ എല്ലാംകൂടെ 42000000 പുസ്തകങ്ങളുമുണ്ടു്. ആകെയുള്ള വായനക്കാരുടെ സംഖ്യ 3147105 ം ആണു്.

* * *

ലണ്ടൻസിററിടെമ്പിളിലെ ഡാക്ടർ നാർഡ തൻെറ പതിനെട്ടുമാസത്തെ ഇൻഡ്യൻതീർത്ഥയാത്ര അവസാനിപ്പിച്ചു മടങ്ങിയിരിക്കുന്നു. പൌരസ്ത്യദേശങ്ങൾ പാശ്ചാത്യമയമായ ഒരു രൂപത്തെ സാവധാനത്തിൽ അംഗീകരിച്ചുകാണുന്നതിൽ അദ്ദേഹം അതിയായി സന്തോഷിക്കുന്നു. എന്നാൽ പാശ്ചാത്യർ പൌരസ്ത്യമയമായ മനഃസ്ഥിതി പ്രദർശിപ്പിക്കുവാൻ ആരംഭിക്കുന്നതിൽ ഈശ്വഹാൻ നിർവ്യാജമായ ഖേദവുമുണ്ടു്. ...

മാഴ്സെയിൽസ് വധങ്ങളുടെ പിൻപിൽ.



ഡാക്ടർ ആൻറിപാവെലീഷ് ഡാക്ടർ പാവെലീഷ്, യൂജീൻകപാർട്ടേർനിക്ക് എന്ന രണ്ടുപേർ ആണു മാഴ്സെയിൽസിൽവച്ചു ജൂഗോസ്ലാവിയായിലെ അലക്സാണ്ടർരാജാവിനെയും, ഫ്രാൻസിലെ വിദേശകാര്യമന്ത്രി ബാർതോയെയും വധിച്ച ഘാതകന്മാരുടെ നേതാക്കൾ എന്നു പറയപ്പെടുന്നു. കഴിഞ്ഞ ജൂഗോസ്ലാവ് പാർലമെൻറിൽ നാഗ്രെബ്കക്ഷിയുടെ ഒരു പ്രതിനിധിയായിരുന്ന ആൻറിപാവെലിഷ്. പാവെലിഷ് ഇററലിയിൽ ടൂറിൻനഗരത്തിൽ വച്ചു അറസ്ററുചെയ്യപ്പെട്ടു.

U. P. S.

നരിൽ ഈശ്വഹാൻ നിർവ്യാജമായ ഖേദവുമുണ്ടു്. ജീവിതത്തിനു സങ്കല്പിക്കുന്ന വിലയിലുണ്ടാകുന്ന കുറവാണു് ഇതിൽനിന്നു മനസ്സിലാക്കേണ്ടതുഎന്നാണു നമ്മുടെ ഡാക്ടർ അഭിപ്രായപ്പെടുന്നതു്.

* * *

"ഞങ്ങൾ കൊലപാതകം ചെയ്തിട്ടില്ല; ഞങ്ങൾ കാരണമാക്കിയ ലഹളയിൽ മരിച്ചയാൾ വെറും ഒരു ചൈനാക്കാരൻ മാത്രമാണു്" മെക്സിക്കോ സ്വദേശികളായ രണ്ടുപേർ തങ്ങളുടെ ഭാഗം ഒരു കൊലപാതകകേസിൽ വാദിച്ചതു ഈവിധമായിരുന്നു. 1932-ൽ ജോസ് ചോങ്ങ് എന്നൊരു ചൈനാക്കാരനെ വധിച്ചകേസിൽ പ്രതികളായി പ്രത്യക്ഷപ്പെട്ട പൊമറോ എന്നും കാവഡോ എന്നും പേരായ ഈ വിദ്വാന്മാർ ഈവിധം തുടന്നു. "മരിച്ചയാൾ ചിനത്തുകാരനായതുകൊണ്ടു ഞങ്ങളുടെ കുററം കൊലപാതകമാണെന്നു ഒരുകാലവും സ്ഥാപിക്കുവാൻ പാടില്ല, ഈ കുററം വധമല്ല, വെറും ഒരു ചൈനാക്കാരനാണു്" പക്ഷെ സുപ്രീംകോടതി ഇവരെ തൂക്കിക്കൊല്ലുവാൻ വിധിക്കയാണു ചെയ്തതു്.

* * *

ഒളിവിലിരുന്നു സംഭാഷണം ശ്രദ്ധിച്ചു എന്ന ഒരു കേസു് ബീക്കൻ ഹെഡ്പോലീസുകച്ചേരിയിൽ നടന്നിരിക്കുന്നു ഇതിലെ പ്രതിവില്യംപാസൻ എന്നൊരാളാണു്. രാത്രികാലങ്ങളിൽ മതിലുകൾ മറഞ്ഞുനിന്നും, ജനാലകൾക്കുസമീപം ഒളിച്ചുനിന്നും, നിയമത്തിനെതിരായ രീതിയിൽ സംഭാഷണങ്ങൾ ശ്രദ്ധിച്ചു അപവാദകരമായ കഥകൾ സൃഷ്ടിക്കുവാനൊരുമ്പെട്ടുഎന്നാണുചാർജ്ജു്. കുളിമുറിയുടെ ഒരു വാതിലിൽ ഒരു വടവുണ്ടാക്കിയാണു് ഈ വിരപ്രവൃത്തിക്കു പ്രതി ഒരുമ്പെട്ടതു്. "മിസസ്സ് ടേയിലർ കുളമുറിയിലുണ്ടോ എന്നറിയുവാൻമാത്രമാണു ഞാൻ എത്തിനോക്കിയതെന്നാണു് വില്യമിൻെറ മൊഴി. പത്തുപവൻ പിഴ കോടതിയിൽനിന്നും ഇയ്യാൾക്കു വിധിക്കയുണ്ടായി.

* * *

സർവ്വകലാശാലകളിൽ അഭ്യസിക്കുന്ന എല്ലാവിദ്യാർത്ഥികൾക്കും, വിദ്യാർത്ഥിനികൾക്കുകൂടിയും ഒരുവക സൈനികപരിശീലനം ജർമ്മനിയിൽ നിർബന്ധിതമാക്കിയിരിക്കുന്നു. വിദ്യാർത്ഥികൾ കായികാഭ്യസനം, "ഫീൽഡ് എക്സർസൈസ്സ്" മുതലായവ പരിശീലിക്കയും, പെൺകുട്ടികൾ പ്രഥമശുശ്രൂഷകൾ, മുതലായവ അഭ്യസിക്കുകയുമാണു ഈ നിയമമനുസരിച്ചു ചെയ്യേണ്ടതു്

* * *

സിനിമാലോകത്തിലെ പ്രസിദ്ധ കാമുകൻ.



കാണികളുടെ ഹൃദയത്തെ കവന്നെടുക്കത്തക്കവണ്ണം സിനിമായിൽ പ്രണയരംഗങ്ങൾ അഭിനയിച്ചു പ്രസിദ്ധിസമ്പാദിച്ചിട്ടുള്ള റമോൺ നവാറോ. തെക്കെഅമേരിക്കയിലെ ശില്പകലാവിദഗ്ദ്ധയായ മറിയാകാർമൻ പോർട്ടെലാഡി ആറാവോസ് അൽസാറോ എന്ന മഹതി കൊത്തിയ നവാറോയുടെ രൂപമാണു സമീപത്തു കാണുന്നതു്.

കുഷ്ഠം, പാണ്ഡു മുതലായ
ത്വക്രോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചയ്ക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണു്. വിജയം ഗാറൻറി ചെയ്യുന്നു. വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.

# മലയാളരാജ്യം.

1110 ധനു 2-ാംനു- തിങ്കളാഴ്ച

തിരുവിതാംകൂറിലെ പല കർഷകപ്രമാണികളുംകൂടി സമർപ്പിച്ചിട്ടുള്ള ഋണനിവാരണപദ്ധതിയെപ്പറ്റി ആലോചിക്കുന്നതിനായി ഭക്തിവിലാസത്തുവച്ചു ഒരു കാൺഫറൻസു നടന്നിരിക്കുന്നു. പ്രധാന ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സംബന്ധിച്ചിരുന്ന ആ കാൺഫറൻസിൽ ദിവാൻജി അദ്ധ്യക്ഷം വഹിച്ചു. താഴെപ്പറയുന്ന കാര്യങ്ങളെപ്പറ്റി അനൗപചാരികമായി പൂർണ്ണമായ വാദപ്രതിവാദം നടന്നതായും കാണുന്നു. ഡിക്രികൾക്കൊരു നിശ്ചിതകാലത്തേക്കു അനുസരണചെയ്യാതെ ഇരിക്കുന്നതിനും മറ്റുവിധത്തിൽ ഡിക്രികൾ നടത്തുന്നതിനെ തല്ക്കാലത്തേക്കു നിർത്തിവയ്ക്കുന്നതിനും വ്യവസ്ഥചെയ്യുക, അധമർണ്ണന്മാർകൊടുക്കേണ്ട കടത്തെപ്പറ്റി അവസാനമായി ആലോചിച്ചു തീരുമാനിച്ചു ഋണസർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി താലൂക്കുകൾതോറും മദ്ധ്യസ്ഥബോർഡുകൾ രൂപവൽക്കരിക്കുക, നിശ്ചയിക്കപ്പെടുന്ന തുകകൾ ഉത്തമർണ്ണന്മാർക്കു കൊടുക്കുന്നതാണെന്നു ഉറപ്പുനൽകിക്കൊണ്ടു ഗവർമ്മെന്റുതന്നെ അവർക്കു കടപ്പത്രങ്ങൾ കൊടുക്കുക, ഭാവിയിലുള്ള കടങ്ങളുടെ പലിശനിരക്കു നിയമപരമായി കുറയ്ക്കുക എന്നീ സംഗതികളെപ്പറ്റിയാണു വാദപ്രതിവാദം നടന്നതു്. പ്രശ്നത്തിന്റെ പ്രാധാന്യം പൊതുവെ സമ്മതിക്കപ്പെടുകയും ഇതിനെസംബന്ധിച്ചു ശരിയായ കണക്കുകൾ ശേഖരിച്ചു കൂടുതൽ വിശദമായി അന്വേഷണം നടത്തേണ്ടതാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു. കഴിയുന്ന വേഗത്തിൽ ഈ പദ്ധതി മുഴുവൻ ശ്രദ്ധാപൂർവ്വം പരിശോധിക്കാമെന്നു ഗവർമ്മെന്റു സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. സാധാരണകാലങ്ങളിൽ ഒരിക്കലുംതന്നെ കയ്ക്കൊള്ളുവാൻ ഇടയില്ലാത്ത പല പ്രതിവിധികളും ഇന്നത്തെ വിഷമംനിറഞ്ഞ സാമ്പത്തികപ്രശ്നങ്ങളുടെ പരിഹാരത്തിനായി പാശ്ചാത്യരാജ്യങ്ങളിലെ ഗവർമ്മെന്റുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. കർഷകരുടെ ഋണഭാരത്തെ ലഘൂകരിക്കുവാൻ പ്രാദേശികഗവർമ്മെന്റുകൾ വേണ്ടവിധത്തിൽ പ്രവർത്തിക്കണമെന്നും ആവശ്യമുള്ളപക്ഷം അതിനു വേണ്ട നിയമനിർമ്മാണംതന്നെ നടത്തണമെന്നും ഇൻഡ്യൻ സെൻട്രൽബാങ്കിംഗ് അന്വേഷണക്കമ്മറ്റിക്കാർ ചൂണ്ടിക്കാണിച്ചിരുന്നു. ഇതനുസരിച്ചു പഞ്ചാബിലും സെൻട്രൽപ്രാവിൻസസിലും നിയമനിർമ്മാണത്തിനു ശ്രമിക്കയുണ്ടായി. പഞ്ചാബിൽ ഋണനിവാരണത്തിനായി കൊണ്ടുവന്ന ബിൽ പാസ്സായി. ഗവർമ്മെന്റു അതിനെ നിയമമാക്കുമെന്നു ആശിക്കാവുന്നതാണു്. മദ്ധ്യസ്ഥബോർഡുകൾ സ്ഥാപിക്കണമോ എന്നുള്ളതുൾപ്പെടെ കർഷകരുടെ ഋണഭാരത്തെപ്പറ്റിയുള്ള വിഷയങ്ങളെസംബന്ധിച്ചു അന്വേഷണംനടത്തുവാൻ മദ്രാസ്സ്ഗവർമ്മെന്റു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നു. സാധാരണയുള്ള കൃഷിവായ്പകളും ഭൂസ്വത്തുജാമ്യവായ്പകളും ചെറിയ നികുതിഇളവുകളുംകൊണ്ടു ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകുന്നതല്ലെന്നു മദ്രാസ്സ്ഗവർമ്മെന്റും ധരിച്ചിരിക്കുന്നു. ഇവിടത്തെ സ്ഥിതിഗതികൾക്കനുയോജ്യമായ ഒരു പദ്ധതി ഇവിടെ അംഗീകരിക്കുവാൻ ഗവർമ്മെന്റു കാലതാമസം വരുത്തുവാൻ പാടുള്ളതല്ല. സാധാരണകാലങ്ങളിൽചെയ്യുന്ന വിട്ടുവീഴ്ചകൾകൊണ്ടുമാത്രം ഇന്നത്തെ പ്രശ്നത്തിനു പരിഹാരമുണ്ടാകുന്നതല്ലെന്നു പ്രത്യേകം സ്മരിക്കേണ്ടതാണു്.

* * *

ന്യൂഡൽഹിയിൽവച്ചു നടന്ന ഇൻഡ്യൻ റോഡുകാൺഗ്രസ്സിന്റെ ആദ്യത്തെ സമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു സർ ഫ്രാങ്ക് നോയ്സ് "മഹത്തായ രാഷ്ട്രീയവ്യത്യാസങ്ങൾ സമാഗതമായിരിക്കുന്ന ഈ ഘട്ടത്തിൽ ഗതാഗതമാർഗ്ഗങ്ങളുടെ ശരിയായ പരിപാലനം ഉൽകൃഷ്ടമായ ഒരു സ്ഥാനം വഹിക്കുന്നു" എന്നു പ്രസ്താവിച്ചിരിക്കുന്നു. ആധുനികപരിഷ്കാരത്തിന്റെ വളർച്ചയ്ക്കു റോഡുകൾ എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ല. ഇറ്റലിയിലെ സിഞ്ഞോർമുസോളിനി ഒരു വലിയ റോഡുനിർമ്മാതാവായിട്ടും അറിയപ്പെടുന്നുണ്ടു്. ജർമ്മനിയിൽ ഈയിടെ തുടങ്ങിയിരിക്കുന്ന പൊതുമരാമത്തുവേലകൾ റോഡുകളുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു. ഇന്ത്യൻ റോഡ്കാൺഗ്രസ് ഒരുഭരണസംബന്ധമായ വിഷയമല്ല എന്നു സർ ഫ്രാങ്ക് പറയുന്നുണ്ടു്. റോഡ് പണിയുന്നതിനോ അതിനു വേണ്ടപണം ചെലവാക്കുന്നതിനോ റോഡ്കാൺഗ്രസ് കടപ്പെട്ടിരിക്കുന്നില്ല. റോഡ്പരിപാടിക്കും അതിന്റെ നയത്തിനും ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ട്രാൻസ്പോർട്ട് അഡ്വൈസറി കൗൺസിൽ ഉത്തരവാദിത്വം വഹിക്കേണ്ടതാണെന്നും അദ്ദേഹം വിശദീകരിക്കുന്നു. ഈ കൗൺസിലിന്റെ പരിധി എവിടെ അവസാനിക്കുന്നുവൊ അവിടെയാണു റോഡ് കാൺഗ്രസ്സിന്റെ പരിധി ആരംഭിക്കുന്നതു്. ഏതുതരത്തിലുള്ള റോഡാണു വേണ്ടതു്, സിമിന്റ് കാൺക്രീറ്റ്, എന്നിങ്ങനെ പല സാധനങ്ങളിൽ ഏതാണു റോഡുപണിക്കു ഉപയോഗിക്കേണ്ടതു്, ചെറു കലുങ്കുകൾ, പാലങ്ങൾ, മുതലായവ വേണം, എന്നിങ്ങനെയുള്ള വിഷയങ്ങൾ റോഡ്കാൺഗ്രസ്സിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഇന്ത്യൻപരിതഃസ്ഥിതികളെ അപേക്ഷിച്ചുള്ള ആധുനികറോഡ് നിർമ്മാണരീതികളെപ്പറ്റി പ്രസ്തുത കാൺഗ്രസ്സ് ആലോചനകൾ നടത്തുന്നതാണു്. തിരുവിതാംകൂറിലെറോഡുകളുടെസ്ഥിതി പരിതാപകരമാണെന്നു പലപ്പോഴും റിപ്പോർട്ടുകൾ കാണുമാറുണ്ടു്. സാമാന്യശക്തിയുള്ള യാതൊരു വെള്ളപ്പൊക്കത്തേയും നമ്മുടെ പല റോഡുകളും അതിജീവിക്കയില്ല. റോഡുകളിലെ പാലങ്ങൾ തകർന്നുപോയതായും, ഗതാഗതം നിന്നുപോയതായും, റോഡുകൾ പലതും കുത്തിയൊലിച്ചുപോയതായുംനാം പ്രതിവർഷം അറിഞ്ഞുകൊണ്ടിരിക്കുന്നു. ഗതാഗതത്തിനു സൗകര്യമുണ്ടെങ്കിലും സുഖംകുറഞ്ഞവയാണു് ഇവിടത്തെ റോഡുകളിലധികവും. ഇപ്പോൾ ചെങ്കല്ലും മെറ്റലുംകൊണ്ടുണ്ടാക്കുന്ന നഗരവീഥികളിൽ കഴിച്ചുകൂട്ടുന്ന വ്യവസായികളും വ്യാപാരികളും പൊടികൊണ്ടു മൂടിപ്പോകുന്നില്ലെന്നേയുള്ളു. എന്തെല്ലാം രോഗാണുക്കളെ വഹിക്കുന്ന പൊടിയാണു മനുഷ്യൻ ദിവസംപ്രതി ശ്വസിക്കുന്നതെന്നു അറിയാത്തതുകൊണ്ടുമാത്രം അവൻ മരിക്കുന്നില്ല. ടാർകൊണ്ടു പാകിയിരിക്കുന്ന തിരുവനന്തപുരം മെയിൻറോഡിൽ പൊടി വളരെ കുറവാണെന്നുകാണാം. മറ്റുനഗരങ്ങൾ മെറ്റൽറോഡുകളെ ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈവക സംഗതികൾ തിരുവിതാംകൂർകാർ ശ്രദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നല്ല റോഡുകൾ ഒരുലാഭമാണെന്നും, ചീത്ത റോഡുകൾ നഷ്ടമാണെന്നും സർ ഫ്രാങ്ക് നോയിസു പറഞ്ഞിരിക്കുന്നതു ഇവിടെ സ്മരണീയമാണെന്നുള്ളതിൽ സംശയമൊന്നുമില്ല.

* * *

ഇൻഡ്യൻഭരണഘടനാപരിഷ്കാരത്തിനു ആധാരമായി ജായിന്റു സിലക്റ്റുകമ്മിറ്റിറിപ്പോർട്ടിനെ ഗവർമ്മെന്റു സ്വീകരിക്കുന്നുവെന്നു സ്റ്റേറ്റുസിക്രട്ടറി സർ സാമുവൽഹോർ അവതരിപ്പിച്ച ഉപക്ഷേപം 127-പ്രതികൂലവോട്ടുകൾക്കെതിരായി 410 അനുകൂലവോട്ടുകളോടുകൂടി കാമൺസ്സഭയിൽ പാസ്സായിരിക്കുന്നു. ലേബർപാർട്ടിയുടെ ഭേദഗതി 49-അനുകൂലവോട്ടുകൾക്കെതിരായ് 491-പ്രതികൂലവോട്ടുകളോടേ തള്ളപ്പെട്ടുപോയി. ഇൻഡ്യയുടെ ലക്ഷ്യത്തെ ഡൊമിനിയൻസ്ഥാനമായി നിർവ്വചിക്കണമെന്നാണു ലേബർപാർട്ടി ആവശ്യപ്പെട്ടിരുന്നതു്. ഇൻഡ്യയിലെ സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ യജമാനന്മാർ വെള്ളക്കാർക്കു പകരം കറുത്തമനുഷ്യരായിത്തീരുന്നതുകൊണ്ടു യാതൊരു ഗുണവുമില്ലെന്നാണു മേജർ ആറ്റ്ലി ചൂണ്ടിക്കാണിച്ചതു്. ലിബറൽപാർട്ടിക്കുവേണ്ടി സംസാരിച്ച മി- ഐസക്ക് ഫുട്ട ജായിന്റുപാർലമെന്ററിക്കമ്മിറ്റിറിപ്പോർട്ടിനെ പൊതുവെ ഉത്സാഹത്തോടെ പിന്താങ്ങുകയാണുണ്ടായതു്. ഫെഡറൽ നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പു നേരിട്ടു നടത്തേണ്ടതില്ലെന്നുള്ള റിപ്പോർട്ടുശുപാർശയെ മാത്രം അവർ എതിർക്കുന്നു. മി. ചർച്ചിലാകട്ടെ, പ്രവിശ്യകളിലെ ഉത്തരവാദിത്വം എങ്ങനെ പ്രവർത്തിക്കുന്നു എന്നു കണ്ടിട്ടേ കേന്ദ്രത്തിൽ ഉത്തരവാദിത്വം അനുവദിക്കാവൂ എന്നു വാദിച്ചു. ഇപ്രകാരം ഇൻഡ്യാക്കാരുടെ ആഗ്രഹപ്രകാരമുള്ള ഭേദഗതികളൊന്നും ഇപ്പോഴത്തെ സ്ഥിതിക്കു സാധ്യമല്ലെന്ന ഇൻഡ്യാക്കാരുടെ അഭ്യൂഹത്തെ സഭയിലെ വോട്ടുകൾ ദൃഢപ്പെടുത്തിയിരിക്കുന്നു. സഭയിലെ വാദപ്രതിവാദം കാൺഗ്രസ്സ് അവലംബിച്ച നിലയെ ന്യായീകരിക്കയാണു ചെയ്തിരിക്കുന്നതെന്നു പറയാം.

## ബാലനായ രാജാവു്.

സ്വപിതാവിന്റെ വധശേഷം തന്റെ 11-ാമത്തെ വയസ്സിൽ ജൂഗോസ്ലാവിയായിലെ രാജാവായിത്തീന്നിരിക്കുന്ന പീറ്റർരണ്ടാമൻ. മൂന്നുവയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോഴ് യുവരാജവിന്റെ വേഷത്തിൽ എടുത്ത ഫോട്ടോ.


U. P. S.





32-ാമത്തെ യൂക്കാറിസ്റ്റിക്കാൺഗ്രസ്സ് ഈയിടെ ബ്യൂനോസു്‌ഐഴ സിൽവച്ചു വത്തിക്കാൻസ്റ്റേററുസെക്രട്ടറി കാർഡിനൽപാസെല്ലി ഉൽഘാടനം ചെയ്തു. 500000-ൽ ചരം കത്തോലിക്കഭക്തന്മാർ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും ഇതിൽ സംബന്ധിക്കുന്നതിനായി കൂടിയിരുന്നു.


U. P. S.



## വത്തിക്കാനിലെ വിവാഹം.

പോപ്പ് പീയൂസ് 11-ാമന്റെ ഭാഗിനേയൻഫ്രാങ്കോറാററിയും ആഞ്ജിലാമറിയാക്രെസ്പിയുമായുള്ള വിവാഹം വത്തിക്കാൻകൊട്ടാരത്തിലെ കൺസിസ്റ്ററിയിൽവച്ചു മാർപ്പാപ്പാതിരുമനസ്സിലെ ആഭിമുഖ്യത്തിൽ ആഘോഷിച്ച രംഗം.

U. P. S.



കഴിഞ്ഞ എട്ടുവർഷങ്ങൾക്കിടയിൽ ആദ്യമായിട്ടാണ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു ഒരു വിവാഹകർമ്മം നടത്തിയതു്. ചിത്രത്തിൽകാണുന്നതു് തിരുമനസ്സിലെ ഭാഗിനേയൻ കൗണ്ട് ഫ്രാങ്കോറാററിയും വധു ആഞ്ജിലാമറിയാക്രെസ്പിയുമാണു്.

U. P. S.

# *അനുയായി.

നാലാങ്കൽ കൃഷ്ണപിള്ള ബി എ (ആണേഴ്സ്)

(ഉണരേണമേ ഉടൻ... മട്ട്)

ഞാ-
അഴലിൻപിടിവിട്ടെവിടിനിഞ്ഞാ-
നഭയമഭ്യർത്ഥിച്ചുപോയിടേണ്ടു!
കടനത്തിൽനിന്നൊന്നുരക്ഷനേടാൻ
കൊടിയവനത്തിൽഞാൻപോകുമ്പൊഴും
പിറകേവരുന്നവളെന്നെത്തേടി
ത്തരുനിരയാകത്തകത്തുകൊണ്ടും;
മരതകപ്പുല്ലണിമൈതാനത്തി-
ലെവടെങ്കിലുമോടിരക്ഷതേടാൻ
തുനിയുമ്പൊഴുമുണ്ടുമുമ്പിലായി-
ട്ടഴ,ലിവൾതൻ്റെനിഴലുപോലെ;
അലയാഴിതന്നിൽഞാൻഭീതിയോടെ,
അഭയമഭ്യർത്ഥിച്ചുപോയിട്ടുമ്പോൾ
അഴലുണ്ടവിടെയുമെൻ്റെപിമ്പേ
അതിവേഗംപാഞ്ഞുപാഞ്ഞെത്തിടുന്നു;
സുമശയ്യതന്നിൽഞാൻക്ഷീണിതയായ്
ചെറുലതപോൽവാടിവീഴുമ്പൊഴും
തലയിണതൻ്റെയരികിലായി-
ക്കിടന്നുമ്മാരണംവന്നിരിക്കും;
ഒരുവേളദാമ്പത്യജീവിതംഞാ-
നൊരുദിനംകൈക്കൊൾകിലപ്പൊഴുതും
കടന്നുമെൻ"സ്ത്രീധനം"പോലെമുമ്പേ
കമിതാവിൻമന്ദിരത്തിങ്കലെത്തും;
ഒടുവിൽഞാൻകാലുവഴുതി,മണ്ണി-
ന്നടിയിലായ് — മണ്ണോടലയുമ്പൊഴും
പറയുമഴലെൻ്റെമീതെനിന്നി-
ട്ടിതുവിധംഭീമപ്രകൃതിയൊടായ് —
"വിധിയിയായ്ഞാനവളെന്നിൽനിന്നും
മരണത്തിലുംരക്ഷകണ്ടതില്ല"

* ഒരു റഷ്യൻകവിതയുടെ അനുകരണം.

ലണ്ടനിൽ എഡ്മൊൺടൊൺ എന്ന സ്ഥലത്തുള്ള മിസ് ഐവി ഡാസൺ എന്ന യുവതിക്കു നാലുവർഷത്തെ പരിപൂർണ്ണമായ ആന്ധ്യത്തിനുശേഷം ഇപ്പോൾ തിരികെ കാഴ്ചലഭിച്ചിരിക്കുന്നു പലേ ആസ്പത്രികളിലും കയറിയിറങ്ങുകയും, അനവധി വിദഗ്ദ്ധന്മാരെ ശരണംപ്രാപിക്കുകയും ചെയ്തുവെങ്കിലും അവരെല്ലാവരും പ്രസ്തുത കേസ് കയ്യൊഴിക്കുകയാണുണ്ടായത്. ഒരിക്കലും കണ്ണിനു കാഴ്ചലഭിക്കുകയില്ലെന്നു അവരൊക്കെ അഭിപ്രായപ്പെട്ടിട്ടും മിസ് ഡാസൺ നിരാശപ്പെടാതെ ഒടുവിൽ മി. പെരിആഗർ എന്നൊരു ഓസ്റ്റിയോപ്പാതിക്കു സർജ്ജൻ്റെ (അസ്ഥിസംബന്ധമായ വൈദഗ്ദ്ധ്യംനേടിയിട്ടുള്ളയാൾ) അടുത്തുചെന്നു. ഇദ്ദേഹമാണു ഈ യുവതിക്കു കാഴ്ചയുണ്ടാക്കിക്കൊടുത്തതു. മി. ആഗർ ഒരു പത്രപ്രതിനിധിയോടു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: —

"മിസ്ഡാസൺ കഴിഞ്ഞ ജൂൺമാസത്തിലാണു എൻ്റെ അടുത്തുവന്നതു. മൂന്നുമാസക്കാലം ഞാൻ ചികിത്സിച്ചു നോക്കാമെന്നും, പക്ഷെ രോഗംഭേദമാക്കാമെന്നു വാഗ്ദത്തംചെയ്യുകയില്ലെന്നും ഞാൻ പറഞ്ഞു. കഴുത്തിലുള്ള ചില അസ്ഥികൾ സ്ഥാനംമാറിയിരിക്കുന്നതു ഞാൻ കണ്ടുപിടിച്ചു. കണ്ണുകളുമായി ബന്ധമുള്ള രക്തധമനികളെയും നാഡികളെയും പരോക്ഷമായി ബാധിക്കുന്ന ഒന്നായിരുന്നു ഈ മാററം. കഴുത്തിലെ ഈ അസ്ഥികൾ ഞാൻ നേരെയാക്കിവച്ചു മൂന്നുതവണത്തെ സന്ദർശനത്തിനു ശേഷം, തനിക്കു വെളിച്ചംകാണാൻ സാധിക്കുന്നുണ്ടെന്നു മിസ ഡാസൺ എന്നോടു പറഞ്ഞു. ഒന്നുരണ്ടാഴ്ചകൂടി കഴിഞ്ഞപ്പോൾ അവൾക്കു വലിയ അക്ഷരങ്ങൾ വായിക്കാമെന്നായി. പിന്നീടുള്ള അഭിവൃദ്ധി പെട്ടെന്നായിരുന്നു. ഇപ്പോൾ എഴുതാനും വായിക്കാനും തുന്നൽപ്പണിയിലേർപ്പെടുന്നതിനും മററും അവൾക്കു യാതൊരുവിഷമവുമില്ല. കണ്ണാടി ഉപയോഗിക്കരുതെന്നാണു ഞാൻ നിർബന്ധിച്ചിരിക്കുന്നതു. കുറച്ചുകാലത്തിനുള്ളിൽ ഈ യുവതിയുടെ രോഗം പൂർണ്ണമായി ശമിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. അവളുടെ സഹോദരിയുടെ വിവാഹം ഈ ഡിസംബറിലാണു. മറെറല്ലാററിനേക്കാളും കൂടുതലായി തന്നെ ആഹ്ലാദിപ്പിക്കുന്നതു സഹോദരിയുടെ വിവാഹവസ്ത്രങ്ങൾ കാണാൻ സാധിച്ചുവല്ലൊ എന്നുള്ളതാണെന്നു അവർ പറയുന്നു".

---

ലണ്ടനിൽവെച്ചു ഡിസംബർ 17–ാംതീയതി വിൽക്കുവാൻ തീർച്ചപ്പെടുത്തിയിട്ടുള്ളതും, നെപ്പോളിയൻ തൻ്റെ രണ്ടാമത്തെ ഭാര്യയായ മരിയെലൂയിസിനയച്ചതുമായ പ്രേമലേഖനങ്ങൾക്കു 20,000 പവൻവരെ ചിലർ വിലപറഞ്ഞു കഴിഞ്ഞിരിക്കുന്നുവത്രെ. ലോകത്തിലെ പല ഭാഗങ്ങളിൽനിന്നും കൂടുതൽ വിലകൊടുക്കാൻ സന്നദ്ധരായി പലരും ഇതിനെത്തുമെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷത്തിൽ നടന്ന റോസ്ബറി സെയിലിൽവച്ചു ഇത്തരമൊരു കത്തിനു 1,000 പവൻ വിലകിട്ടുകയുണ്ടായി. ആദ്യഭാര്യയായ ജോസഫൈയിനിന് നെപ്പോളിയനച്ച എട്ടു പ്രേമലേഖനങ്ങൾക്കു 4,400 പവനും ലഭിച്ചു മരിയെലൂയിസിനയച്ചിട്ടുള്ള 300 കത്തുകളിൽ ഏതാനുമെണ്ണം ഇത്തവണ വില്പനക്കുവച്ചിട്ടുണ്ടെന്നാണറിയുന്നതു. നെപ്പോളിയൻ്റെ കുഴപ്പംപിടിച്ച കയ്യക്ഷരം വായിച്ചു മനസ്സിലാക്കാൻ അത്യന്തം പ്രയാസമാണെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇക്കൂട്ടത്തിലുള്ള ഒരു കത്തു്, ഒരു പട്ടാളനായകൻ, യുദ്ധഭൂമിയുടെ ഒരു പ്ലാനായിട്ടും തെററിദ്ധരിക്കപോലുമുണ്ടായിട്ടുണ്ടത്രേ.

---

## കാമകലാസഞ്ചികകൾ

— * —

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുഃഖഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | യാചകവൃത്തി | 4 |
| | പി. കെ. രാജരാജവർമ്മ എം. എ. | |
| 2. | ഒരു സായാഹ്നം | 5 |
| | വി. ഗോപാലപിള്ള ബി. ഏ. എൽ. ററി. | |
| 3. | ടൈപ്പ്റൈറ്റർ | 8 |
| | മാത്യു എം. കുഴിവേലി ബി. ഏ. | |
| 4 | ഒരു ധീരവനിത | 10 |
| | എം. കരുണാകരൻ ബി. ഏ. | |
| 5. | എൻ്റെപ്രേയസി (കവിത) | 11 |
| | കെ. എൻ. ബാലകൃഷ്ണപിള്ള ബി. ഏ. | |
| 6. | ഇഹലോകം | 12 |
| | ബി. ആനന്ദവല്ലിഅമ്മ എം. ഏ. | |
| 7. | മധ്യാഹ്നം (കവിത) | 12 |
| | കെ. ജി. പരമേശ്വരപ്പണിക്കർ ബി. ഏ. | |
| 8. | ലോകചക്രം | 13 |
| 9. | വിമർശനം | 15 |
| 10. | അനുയായി (കവിത) | 18 |
| | നാലാങ്കൽ കൃഷ്ണപിള്ള ബി. ഏ. (ആണേഴ്സ്) | |
| 11. | ഭാരതം | 19 |
| 12. | കർമ്മബന്ധം (ചെറുകഥ) | 21 |
| | പി. ജി. രാഘവൻനായർ ബി. ഏ. ബി. എൽ. | |
| 13. | കൗതുകരംഗം | 23 |
| 14. | ബാലപംക്തി (അത്ഭുതാരാമം) | 24 |
| 15. | വീട് | 27 |
| | അയ്മനംകുടി പി. ആർ. ശങ്കരപ്പിള്ള | |
| 16. | ചാർലിചാപ്ലിൻ | 29 |
| | എം. എൻ. ഗോവിന്ദൻനായർ ബി. ഏ. ബി. എൽ. | |



# ഭാരതം.

ലാലാ ലാജ്പത്ത് റായിയുടെയും, വി. ജെ. പട്ടേലിന്റെയും ചിത്രങ്ങൾ ലയാൽപുര മുൻസിപ്പൽ കൗൺസിലിൽ സ്ഥാപിക്കുന്നതിന വേണ്ട ചിലവുകൾ അവർ അനുവദിച്ച് ഗവർമ്മെന്റനുവാദത്തിനായി കാത്തിരിക്കയായിരുന്നു. എന്നാൽ ഇതിന് ഗവർമ്മെന്റിൽനിന്നും സമ്മതം കൊടുക്കുവാൻ നിവൃത്തിയില്ലെന്ന് ഇപ്പോൾ മറുപടി ലഭിച്ചിരിക്കുന്നു. എങ്കിലും പൊതുജനങ്ങളിൽനിന്ന് ഇതിന്റെ ചിലവ് പിരിച്ചെടുത്ത് ചിത്രങ്ങൾ സ്ഥാപിക്കുന്നതിൽ ഗവർമ്മെന്റിന വിരോധവുമില്ലെന്ന് പറഞ്ഞിട്ടുണ്ട്.

* * *

അബ്ദുൾജാഫർ നഗരം സ്ഥാപിക്കുന്നതിനായി ഉപയോഗിച്ച ഖദർ ബോംബേ കാൺഗ്രസ്സ് മന്ദിരത്തിൽവച്ച് ഇപ്പോൾ കുറഞ്ഞവിലക്ക് വിററുവരുന്നു.


* * *

ഹരിജനവിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ തുറക്കുവാൻ ഗുണ്ടൂര മുൻസിപ്പാലിററി തീർച്ചപ്പെടുത്തി അതിനായി 500രൂപാ അനുവദിച്ചിരിക്കുന്നു. പള്ളിക്കുട്ടികൾക്ക് സൗജന്യമായി ഭക്ഷണവും താമസസൗകര്യവും നൾകുവാനാണ് ഇവർ ഉദ്ദേശിക്കുന്നത്.

* *

ബറോഡാസംസ്ഥാനത്തെ സാവിലിതാലൂക്കിലുള്ള ശാരദപുരം കുന്നുകളിൽ കല്ലുവെട്ടിക്കൊണ്ടു നിന്നയൊരാളിനു രണ്ടു വജ്റങ്ങൾ ലഭിച്ചിരിക്കുന്നു ഇവരണ്ടും പോലീസുകാർ കൈവശപ്പെടുത്തുകയുണ്ടായി. ഇവിടെ ഒരു വജ്റഖനി ഉണ്ടായിരിക്കുവാനിടയുണ്ടെന്നാണു വിദഗ്ദ്ധാഭിപ്രായം

* * *



ലണ്ടൻസ്റ്റാക്ക എക്സ്ചേഞ്ചിലെ ഏക ഭാരതീയാംഗമായ മി. ജി. റായി ഇദ്ദേഹം ഈയിടെ ബോംബെയിൽ വന്നെത്തി.

ബിലാസപുരത്തിലെ ഒരാളുടെ ശിരസ്സിൽ ആറിഞ്ചുനീളവും, മൂന്നിഞ്ച് വ്യാസവുമുള്ള ഒരു കൊമ്പ് വളർന്നുവന്നത് അവിടത്തെ സിവിൾസർജൻ ഛേദിച്ചുകളഞ്ഞിരിക്കുന്നു. ഈ കൊമ്പ് ഇയാളുടെ ഇരുപതാമത്തെവയസ്സിലാണ് പ്രത്യക്ഷപ്പെട്ടത്. അഞ്ചുവർഷം അതു് അതേസ്ഥാനത്തു നില്ക്കുകയും ചെയ്തു.

* * *

അഖിലേന്ത്യാ സർവീസ്പരീക്ഷകളിൽ ബങ്കാളികൾ സാധാരണമായി പരാജിതരാകുന്നതിന്റെ കാരണം അന്വേഷിക്കുന്നതിനായി കൽക്കട്ടായിലെയും, ഡാക്കായിലെയും സർവ്വകലാശാലകളിലെ പ്രതിനിധികളും, ബങ്കാൾഗവർമ്മെൻറു നോമിനേററുചെയ്യുന്ന മൂന്ന് അംഗങ്ങളും അടുത്തുതന്നെ യോഗം കൂടുന്നതാണ്.

* * *



ഈയിട ലക്നൗവിൽവച്ചു നടത്തപ്പെട്ട 'ഔധ് വനിതാസമ്മേളന'ത്തിന്റെ എട്ടാമത്തെ യോഗത്തിൽ അദ്ധ്യക്ഷയായിരുന്ന ഷെർക്കോട്ടിലെ 'റാണിഫൽഗുനവതി

ഖാൻ അബ്ദുൾജാഫർഖാന്റെ അറസ്റ്റിനെസംബന്ധിച്ച ബാബുരാജേന്ദ്രപ്രസാദ് താഴെ കാണുന്നവിധം പ്രസ്താവിക്കുകയുണ്ടായി. "സമാധാനസമയമെന്നു വിധിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിലുണ്ടായ അറസ്റ്റ നമ്മുടെ നിസ്സഹായാവസ്ഥയെ സ്മരിപ്പിക്കുവാൻ നമുക്കലഭിച്ച ഒരു പ്രഹരമാണ്. അസുഖകരമായ ഈവിധ സംഭവങ്ങളാൽ ക്ഷോഭപ്പെടാതെ ഈവിധപ്രഹരങ്ങൾ ശാന്തമായി സഹിക്കയും, ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നപ്രായോഗികപരിപാടിയെ പുലർത്തുവാൻ പരിശ്രമിക്കയും ചെയ്യേണ്ടതാണു രാജ്യത്തിന്റെ കർത്തവ്യം നമ്മുടെ സമരത്തിൽ സ്വാതന്ത്ര്യം ഹിന്ദുമുസ്ലീം ഐക്യം; സത്യം അക്രമരാഹിത്യം എന്നീ ആദർശങ്ങളെ മുറുകെപിടിച്ചുകൊണ്ടു മുന്നോട്ടുപോകുന്ന ഒരാളാണു ഖാൻസാഹിബ്. ഈ ആദർശങ്ങളെ നമ്മിലും പകരുന്നതിന അദ്ദേഹത്തിന്റെ അറസ്റ്റ നമുക്ക ഒരു കാരണമായിരിക്കട്ടെ"

* * *

പോലീസുകാരെ ആക്രമിച്ചു എന്ന കുററത്തിന ൯ മാസത്തെ തടവു ബോംബെകോടതിയിൽനിന്നും ലഭിച്ച ജോസഫ് റട്ടണർ എന്ന ആസ്ത്രിയൻയുവാവു തന്റെ കാവൽക്കാരായുണ്ടായിരുന്ന രണ്ടു പോലീസുഉദ്യോഗസ്ഥന്മാരുടെ കയ്യിൽനിന്നും രക്ഷപെട്ടു, ഓടിക്കൊണ്ടിരുന്ന തീവണ്ടിയിൽനിന്നും ചാടി കടന്നുകളഞ്ഞിരിക്കുന്നു

* * *

മി. ബി. എൻ. ശാസ്മാലിന്റെ ചരമത്താലുണ്ടായ അസംബ്ളിഒഴിവിലേക്കു ഒരു സ്ഥാനാർത്ഥിയെ നിറുത്തുവാൻ നാഷനലിസ്റ്റുകക്ഷികൾ തീർച്ചപ്പെടുത്തിയിരിക്കുന്നതായി അല്ലഹബാദിൽനിന്നും അറിയുന്നു. ഇതിനെപ്പററി പണ്ഡിതമാളവ്യാ ടെലഫോൺവഴിയായി മി. ജെ. ജി. ഗുപ്താ മുതലായവരോടു ആലോചന നടത്തിയിരിക്കുന്നു. നാരേക്കാൾരാജാവായിരിക്കും ഇവരുടെ സ്ഥാനാർത്ഥിയെന്നു അറിയുന്നു,

* * *

ഡാക്കായിൽ ഒരു മെഡിക്കൽകാളേജ് സ്ഥാപിക്കുന്നതിനായി പരേതനായ മി. ജഗൻമോഹൻലാലിന്റെ മരണപത്രികയിൽ 4 ലക്ഷംരൂപാ മാററിവച്ചിട്ടുള്ളതു് ഈ ഡിസംബർ 10–ാംതീയതി അദ്ദേഹത്തിന്റെ എക്സിക്യൂട്ടറന്മാർ ഡാക്കാസർവ്വകലാശാലാധികാരികളെ ഏല്പിച്ചിരിക്കുന്നു. സർവ്വകലാശാലാധികാരികൾ ഈ സംഭാവന അംഗീകരിച്ചു് കൃതജ്ഞത പ്രകടിപ്പിക്കയും ഇതു് വേണ്ടവിധം ഉപയോഗിക്കുന്നതിനുള്ള പദ്ധതി തയാറാക്കുവാൻ വൈസ്ചാൻസലരെ അധികാരപ്പെടുത്തുകയും ചെയ്തു. പരേതൻ ഒരു ബാങ്കറും വണിക്ശ്രേഷ്ഠനുമാണ്.

* * *

കൂടുതൽ വില്പനകൾനടത്തി എന്നുള്ള യോഗ്യതയെ പരിഗണിച്ച് ഖാദിഷീൽഡ് വീണ്ടും ചിദംബരം ഖാദിഡിപ്പോയിക്കുതന്നെ നൾകിയിരിക്കുന്നു.

* *



ബെങ്കാൾഹൈക്കോടതിയിലെ ചിഫ് ജസ്റ്റീസായി നിയമിതനായിരിക്കുന്ന സർ ഹാരോൾഡ് ഡെർബിഷയർ കെ. സി.

## കേരളം

മഹാരാജാവു തിരുമനസ്സുകൊണ്ടു വൃശ്ചികം 27-ാംതീയതി തിരുവനന്തപുരത്തുനിന്നും കൽക്കട്ടായിക്കു എഴുന്നള്ളിയിരിക്കുന്നു. തിരുമനസ്സിലെക്കൂടെ ജൂനിയർ മഹാറാണി, അവിടത്തെ സഹോദരി, മഹാരാജാവിന്റെ സഹോദരീസഹോദരന്മാർ എന്നി തിരുമേനിമാരും ഗോദവർമ്മരാജാവു അവർകളും പരിവാരങ്ങളും കൽക്കട്ടായിക്കു പോയിട്ടുണ്ടു്. മഹാരാജാവും പാർട്ടിയും 27-ാംതീയതി കൊല്ലത്തു താമസിച്ച ശേഷം 28-ാംതീയതി കാലത്തു കൊല്ലത്തുനിന്നും മദ്രാസിലേക്കു എഴുന്നള്ളി

*  *  *

ജപ്പാനിലെ ഒരു കോടീശ്വരനും വർത്തകപ്രമാണിയുമായ മി. ജെ. അയിറോറാം പത്നിയും സംസ്ഥാനാതിഥികളായി തിരുവിതാംകൂറിൽ എത്തി മഹാരാജാവിനെ മുഖംകാണിക്കുകയും, തിരുവനന്തപുരത്തെ പല പൊതുസ്ഥാപനങ്ങളും സന്ദർശിക്കുകയും ചെയ്തശേഷം ജപ്പാനിലേക്കു പോയിരിക്കുന്നു. മഹാരാജാവും ജപ്പാൻ കോടീശ്വരനുമായി ഒരുമണിക്കൂറിലധികം സംഭാഷണം നടത്തുകയുണ്ടായി. തിരുവിതാംകൂറിലെ വ്യവസായാഭിവൃദ്ധി, ഇവിടത്തെ ഉൽപ്പന്നങ്ങൾക്കും കൗതുകസാമഗ്രികൾക്കും ജപ്പാനിൽ വേണ്ട പ്രചാരമുണ്ടാക്കുക, ഇവ ആയിരുന്നു സംഭാഷണവിഷയമെന്നറിയുന്നു.

*  *  *

തിരുവിതാംകൂർ പത്രപ്രവർത്തകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞയാഴ്ച നടന്ന പ്രഹസനാഭിനയചടങ്ങുകളുടെ കൂട്ടത്തിൽ, മഹാരാജാവു തിരുമനസ്സിലെ ഉപദേഷ്ടാവായ സർ സി. പി. രാമസ്വാമി അയ്യരവർകൾ പത്രപ്രവർത്തകരോടായി ഒരു പ്രസംഗം ചെയ്യുകയുണ്ടായി. വെറും ഊഹങ്ങളെയും, കേട്ടുകേൾവികളെയും അപ്പാടെ സ്വീകരിച്ചുകൊണ്ടു അവയെ അടിസ്ഥാനപ്പെടുത്തി ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയും, അഭിപ്രായപ്രകടനം ചെയ്യുകയും ചെയ്യുന്ന ഒരു പതിവു തിരുവിതാംകൂറിലെ പത്രപ്രവർത്തനത്തിൽ ഈയിടെ കണ്ടുവരുന്നുണ്ടെന്നു ആ ദോഷത്തെ നിവാരണംചെയ്യുന്നതിനു പത്രപ്രവർത്തകന്മാർ സംഘടിതമായ ശ്രമം ചെയ്യേണ്ടതു ആവശ്യമാണെന്നുമാണു് അദ്ദേഹം ഉൽബോധിപ്പിച്ചതു്.



കോട്ടയം അമച്ച്വർ ഡ്രാമാറ്റിക്ക് സൊസൈററിക്കാർ നായർസമാജമന്ദിരത്തിൽവച്ചു ഹരിശ്ചന്ദ്രൻ എന്നനാടകം അഭിനയിക്കുകയുണ്ടായി. കസേരയിൽ ഇടത്തുനിന്നും യഥാക്രമം കാളകണ്ഠി, ചന്ദ്രമതി, ഹരിശ്ചന്ദ്രൻ വിരതി, രതി എന്നിഭാഗങ്ങൾ അഭിനയിച്ച നടന്മാരാണു് കാണപ്പെടുന്നതു്

സൈക്കിളിസ്ററു് മി. ശങ്കരൻ



മെസ്സേഴ്സ് പി. എസ്. ബാലകൃഷ്ണപിള്ള & കമ്പനിയിലെ സൈക്കിൾ റിപ്പയററായ മി. ശങ്കരൻ തന്നെക്കൂടാതെ വേറെ ഏഴു് ആളുകളെക്കൂടി കയററിക്കൊണ്ടു് സൈക്കിൾസവാരിചെയ്യുന്നതു്.



## കുസുമോത്സവം

ഗ്രന്ഥകർത്താ, എസ്സ്. രാമവാര്യർ
ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാത്മമൂർത്തിയും കുടിലബുദ്ധിയും ആയ വനചരന്റെ നിഷ്ഠുരതകളും, വിനയചന്ദ്രന്റെ അനുരാഗപവാനതയും എന്തു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണു് വർണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രൂ. 8 ണ

## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിന്റെ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ

ശ്രീരാമവിലാസം പ്രസ്സ് - കൊല്ലം




ചാലക്കുടി ആനമല ടിംബർ ഡിസ്ട്രിക്ട് (ക്ലിപ്തം) വക പാലക്കാടവു് റിച്ച്മോണ്ടുമിൽസ് ഉൽഘാടനംചെയ്ത അവസരത്തിൽ എടുത്തഫോട്ടോ.

Royal Studio, Ernakulam.

ചെറുകഥാപംക്തി.

# കർമ്മബന്ധം.

പി. ജി. രാഘവൻനായർ ബി. ഏ. ബി. എൽ

(കഴിഞ്ഞലക്കം ചിത്രവാരികയിൽ ശ്രീമതി ലളിതാംബിക അന്തർജ്ജനം എഴുതിയിരുന്ന ചെറുകഥയുടെ അവസാനത്തിൽ ആ കഥയ്ക്കു തുടർച്ചയെഴുതുന്നതിനു വല്ല സഹോദരികളും സന്നദ്ധരായെങ്കിൽ കൊള്ളാമെന്നൊരു കുറിപ്പു ഞാൻ കണ്ടു. ആ സാഹസത്തിനു ക്ഷണനമില്ലാതെ ഒരു സഹോദരൻ ഒരുമ്പെടുന്നതിൽ വികസിതമാനസയായ ലേഖനകർത്രി ക്ഷമിക്കുമെന്നു വിശ്വസിച്ചുകൊണ്ടു ഈ ചെറുകഥ എഴുതുന്നതാണു്.)

എറണാകുളം വനിതാഹോസ്റ്റലിലെ വിളക്കുകൾ മിക്കവാറും അണഞ്ഞിരുന്നു. രാജലക്ഷ്മിമാത്രം ഇനിയും ഉറങ്ങിയിട്ടില്ല. ചിന്താധീനയായിരുന്ന ആ യുവതി 'ചിത്രാർപ്പിതസത്വം'പോലെ നിശ്ചേഷ്ടയായി അവളുടെ മുറിയിൽ ഇരിയ്ക്കുകയായിരുന്നു. നിശാകാല മന്ദമാരുതൻ തുറന്നുകിടന്നിരുന്ന വാതായനത്തിൽ കൂടി അവളെ തഴുകി ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു. അവളുടെ കയ്യിൽ ഇരുന്ന കത്തു് വീണ്ടും വീണ്ടും അവൾ വായിച്ചു നോക്കി. ആ യുവതിയുടെ ഹൃദയക്ഷേത്രത്തിൽ സ്ഥിരപ്രതിഷ്ഠിതമായിരുന്ന ഒരു കോമളയുവാവിന്റെ കത്തായിരുന്നു അതു്.

പ്രിയപ്പെട്ട രാജം,

രണ്ടു വർഷങ്ങൾകൊണ്ടു് നാം സഹപാഠികളായി കഴിഞ്ഞുകൂടുന്നു. ഭവതിയുടെ മനോമോഹനമായ ആകാരസുഷമയിൽ ലയിച്ചു് എന്റെ മനസ്സു് പലപ്പോഴും ആനന്ദതുന്ദിലമായിത്തീർന്നിട്ടുണ്ടു്. വളരെ ശ്രമിച്ചിട്ടും ഭവതിയെ വിസ്മരിക്കുന്നതിനു എനിക്കു കഴിയുന്നില്ല. പ്രേമം, ആനന്ദസന്ദായകമായ ആ മോഹന ചേതോവികാരം, ഈശ്വരദത്തമായ ആ അമൂല്യാനുഗ്രഹം, ലോകാരംഭംമുതൽ മനുഷ്യലോകത്തിനു ആത്മനിർവൃതി നൽകുന്ന ആ പുണ്യാമൃതം, അയ്യോ! എന്റെ പ്രിയപ്പെട്ട രാജം, ആ ദിവ്യാമൃതത്തെ ഭവതിക്കായി എന്റെ ഹൃദയഗ്രഹത്തിൽ ഞാൻ സൂക്ഷിക്കുന്നു. എന്റെ ഭാവിജീവിതം ഭവതിയുടെ മുൻപിൽ ഞാനിതാ അർപ്പിക്കുന്നു. എന്നെ അനുഗ്രഹിക്കണേ.

എന്നു, പ്രളയാന്തത്തിലും ഭവതിയുടെമാത്രം
ഭവത്രാതൻ.

എന്തു ചേതസ്സമാകർഷകമായ കത്തു്. ഇതിനെന്തു മറുപടിയാണെഴുതേണ്ടതെന്നവൾ ആലോചിച്ചു. അവളുടെ മനസ്സു കാലയവനികയെ ഭേദിച്ചു പത്തിരുപതു വർഷങ്ങൾക്കുമുൻപു നടന്ന ശോകപരപൂർണ്ണമായ ഒരു സംഭവത്തെ സ്മരിച്ചു. രാജത്തിന്റെ കണ്ണുകൾ അശ്രുകലുഷിതങ്ങളായി. പൂർവ്വകാലത്തു നടന്ന ആ അനിഷ്ട സംഭവം, സദാ അവൾക്കു ഒരു ക്ലേശകാരണമായിരുന്നു.—അവളുടെ മുഖത്തു ഒരു പ്രതികാരച്ഛവി പ്രകാശിച്ചു. അവൾ എഴുതിത്തുടങ്ങി.

പ്രിയസ്നേഹിതാ,

സ്നേഹം എന്നൊന്നു് യഥാർത്ഥത്തിൽ ഈ ലോകത്തില്ല. അതു് സ്വാർത്ഥനായ മനുഷ്യന്റെ കാര്യസാദ്ധ്യത്തിനായുള്ള ഒരു വെറും ഉപകരണം. മൃഗീയാസക്തതയിൽ നിന്നുൽഭൂതമാകുന്ന ഒരു പൈശാചികഭ്രമം. വിശേഷിച്ചും അങ്ങയുടെ സമുദായത്തിൽ സ്നേഹത്തിനു സ്ഥാനമുണ്ടോ? എന്റെ പൂർവ്വചരിത്രം അങ്ങേയ്ക്കറിയാൻപാടില്ല. അങ്ങാണെങ്കിൽ യാഥാസ്ഥികത നിറഞ്ഞ നമ്പൂതിരിസമുദായത്തിൽപെട്ട ഒരാൾ, അന്യസമുദായത്തെ പരിഹാസത്തോടുകൂടി വീക്ഷിക്കുന്ന ഒരു വർഗ്ഗത്തിൽ ഉൾപെട്ടയാൾ, ജാതരാക്ഷസിയുടെ നിശിതശൃംഖലയാൽ ബന്ധിക്കപ്പെട്ടിട്ടുള്ള ഒരു ജനവിഭാഗത്തിലുൾപ്പെട്ടയാൾ, പുരാതനത്വത്തിന്റേയും, പൂർവ്വികത്വത്തിന്റേയും ബഹുഹീനമായ വാലിൽത്തൂങ്ങിക്കിടക്കുന്ന ഒരു സമുദായത്തിൽ പെട്ടയാൾ, നിരർത്ഥകവും സങ്കല്പമാത്രവുമായ ജാതിയ്ക്കുവേണ്ടി ആത്മാവിനെ ബലികഴിക്കുന്ന ഒരു സമുദായത്തിലെ അംഗം. ഞാൻ ഒരു നിർഭാഗ്യയാണു്. പ്രായം കുറവാണെങ്കിലും, ലോകത്തിലെ പല കഷ്ടതകളേയും മനുഷ്യരുടെ പല നാരകീയപ്രവൃത്തികളേയും അറിയുന്നതിനു് എനിക്കു സാധിച്ചിട്ടുണ്ടു്. എന്നെ തെററിദ്ധരിക്കരുതേ. അങ്ങയ്ക്കു് എന്നിൽ ഒരു ഭ്രമമായിരിയ്ക്കും അതു് കാലംതന്നെ മാററിക്കൊള്ളും. അങ്ങൊന്നുകൂടി ആലോചിക്കണം. നമ്മുടെ ജാതിവ്യത്യാസം അങ്ങയ്ക്കു എന്നിലുണ്ടെന്നു പറയുന്ന അനുരാഗത്തിന്റെ ന്യായമായ പര്യവസാനത്തിനു് ഒരു പ്രതിബന്ധമല്ലേ! സുഖകരമായി പലതും ഞാൻ എഴുതിപ്പോയിട്ടുണ്ടു്. ക്ഷമിക്കണം.

എന്നു് രാജലക്ഷ്മി.

ഈ എഴുത്തു് ഒരു ലക്കോട്ടിലാക്കി അടച്ച ശേഷം അവൾ നിദ്രയ്ക്കാരംഭിച്ചു.

* * *

വൈശ്രവണത്തില്ലത്തു് കാര്യസ്ഥനായ രാമൻനായർ മരിച്ചിട്ടു വർഷം കുറെയായി. വാർദ്ധക്യകാലത്തു് തന്റെ അഭിപ്രായത്തിനു വിപരീതമായി മകൻ ചെയ്ത വിവാഹമാണു രാമൻനായരെ അത്ര വേഗം കാലന്തിക്കയച്ചതു്. പ്രതാപചന്ദ്രനെ കാളേജിലയച്ചകാലത്തുതന്നെ, തന്റെ മരുമകളെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നായിരുന്നു മൂപ്പിലെ ആഗ്രഹം. പക്ഷെ, വിവാഹകാര്യത്തിൽ ഏവർക്കും അവരുടെ ഇഷ്ടമനുസരിച്ചു് പ്രവർത്തിക്കാനുള്ള അവകാശമുണ്ടെന്നുള്ള ദൃഢവിശ്വാസിയായിരുന്നു പ്രതാപചന്ദ്രൻ. വൈശ്രവണത്തു മൂത്ത നമ്പൂതിരിപ്പാട്ടിലെ മരണസമയത്തു്, ജാതിഭ്രഷ്ടയായ തന്റെ സഹോദരിയുടെ—അതെ മാപ്പിള കന്യകയായിത്തീർന്ന പാത്തുമ്മാളുടെ കാര്യത്തെപ്പററി പ്രത്യേകം ശ്രദ്ധിക്കണമെന്നു അദ്ദേഹം രാമൻനായരോടപേക്ഷിച്ചിരുന്നു. ദാരുണമായ ദാരിദ്ര്യഗർത്തത്തിലകപ്പെട്ടു് ആ പൊളിഞ്ഞ ചെററക്കുടിലിൽ കിടന്നു ദിവംഗതയായ ആ വൃദ്ധമാതാവിനെ സ്മരിച്ചു നമ്പൂതിരിപ്പാടു് ലോകജീവിതം അവസാനിപ്പിച്ചു. അദ്ദേഹത്തിന്റെ അന്ത്യശാസനത്തെ ശിരസാവഹിച്ച രാമൻനായർ പാത്തുമ്മാളെ തന്റെ വീട്ടിലെ "പുറംജോലി"കൾക്കായി നിയോഗിച്ചിരുന്നു. അവളിൽ നേരത്തെ തന്നെ അനുരക്തനായിത്തീർന്ന മൂപ്പിലെ മകൻ പാത്തുമ്മയെ ആര്യസമാജത്തിൽ ചേർത്തു് മതം മാററി വിവാഹവും ചെയ്തു. രാമൻനായർ പിന്നീടധികകാലം ജീവിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഏകപുത്രനായിരുന്ന പ്രതാപചന്ദ്രൻ ഒരു വമ്പിച്ച ഭൂസ്വത്തിന്റെ ഉടമസ്ഥനുമായി. പാത്തുമ്മാളുടെ പൊട്ടക്കുടിലിന്റെ സ്ഥാനത്തു് 'കമലാലയം' എന്ന ഒരു മോഹനസൌധം പരിലസിക്കുന്നു. ഗൃഹനാഥയായ കമലമ്മ വായനക്കാർക്കു സുപരിചിതയാണു്. ഇരുപതു വർഷങ്ങൾക്കുമുൻപു് കേവലം അസ്ഥിമാത്രയായ വൃദ്ധമാതാവിന്റെ സമീപത്തിരുന്നു് അന്ത്യശുശ്രൂഷണം നടത്തിയ ആ പാത്തുമ്മാളാണു ഗൃഹനായികയായ കമലം. ഇന്നു് കമലമ്മ പൂർവ്വാധികം പ്രസന്നയായിക്കാണുന്നു. അവരുടെ മകളായ രാജലക്ഷ്മി ക്രിസ്തുമസ്സു് കല്പനസംബന്ധിച്ചു വീട്ടിൽ വരുന്ന ദിവസമായിരുന്നു അതു്.

* * *

അന്നു് ഭവത്രാതൻനമ്പൂതിരിപ്പാട്ടു് വൈശ്രവണത്തു് ഇല്ലത്തെ ഒരതിഥിയായിരുന്നു. വൈശ്രവണത്തില്ലം കരിപ്രത്തിനു് വളരെ കടപ്പെട്ടിട്ടുണ്ടു. അവിടത്തെ മൂപ്പനു അദ്ദേഹത്തിന്റെ "മാപ്പിള" മാതാവിനെ തൊട്ടതിലുള്ള പതിത്വം പോക്കാൻ പ്രായശ്ചിത്തത്തിനു വേണ്ടിവന്ന പണം കരിപ്രമാണു കൊടുത്തതു. വൈശ്രവണത്തില്ലക്കാർ ഇനിയും അതു കൊടുത്തുതീർത്തിട്ടില്ല. ഭവത്രാതന്റെ അനുഗമനോദ്ദേശം ഈ തുക വാങ്ങുന്നതിനായിരുന്നു. ഭവത്രാതനു ക്രിസ്തുമസ്സു കഴിഞ്ഞു കാളേജിൽ പോകുന്നതിനു് പണം അത്യാവശ്യമായിരുന്നു. കാര്യസ്ഥനായ പ്രതാപചന്ദ്രനുമായാലോചിച്ചു് വേണ്ട ഏർപ്പാടുകൾ ചെയ്യാമെന്നു് വൈശ്രവണത്തുനമ്പൂതിരിപ്പാട്ടിലെ പറഞ്ഞു. വൈശ്രവണത്തില്ലം ഇപ്പോൾ വളരെ ക്ഷയിച്ചിട്ടുണ്ടു് കാലംകഴിഞ്ഞു പോയ മൂപ്പിന്നിന്റെ വാർദ്ധക്യകാലത്തു സ്വമാതാവിനെ ദർശിച്ചുപോയ പാപത്തിനു ആയിരപ്പറനിലം പ്രായശ്ചിത്തമായി ജാതിദുർഭൂതത്തിന്റെ പൈശാചികപീഠത്തിൽ ബലികഴിച്ചുപോയി. ഇല്ലത്തു കാര്യങ്ങളെല്ലാം നടത്തിക്കൊണ്ടുപോകുന്നതു പ്രതാ

സ്ഥാനത്തിൽ പ്രതാപചന്ദ്രന്റെ ഉദാരത ഒന്നുമാത്രമായിരുന്നു. അന്നുവൈകുന്നേരം വൈശ്രവണവും, കരിപ്രത്തു ഭവത്രാതനുംകൂടി കമലാലയത്തിലേക്ക് തിരിച്ചു. കഷ്ടം! സാധു,വൈശ്രവണത്തു് നമ്പൂതിരിയുടെ പൂർവ്വികന്മാരാരും തന്നെ നായർഭവനങ്ങളിൽ അതിനുമുമ്പു് പോയിട്ടില്ല.

* * * *

രാത്രി എട്ടുമണിയായിരിക്കും അതിമനോഹരമായ ചന്ദ്രിക വൈശ്രവണത്തില്ലത്തിന്റെ മുൻഭാഗത്തുള്ള മുററത്തു ഒരു യുവാവു ചിന്താഗ്രസ്തനായി നടക്കുന്നു. ഭവത്രാതന്റെ മനസ്സിൽ രാജലക്ഷ്മിയെപ്പററിയുള്ള ചിന്ത പൂർവ്വാധികം ശക്തിയോടുകൂടി പ്രവേശിച്ചു. അന്നു സായാഹ്നത്തിൽ കമലാലയത്തിൽവെച്ചു ദർശിച്ച തന്റെ പ്രണയസർവ്വസ്വത്തിന്റെ കോമളകളേബരം അയാളുടെ മനസ്സിൽനിന്നു വിട്ടുപോകുന്നില്ല.

"എന്താ! ഭവത്രാതൻ, കമലാലയത്തിൽനിന്നും വന്നിട്ടു മുഖം ഒന്നു മങ്ങിക്കാണുന്നല്ലൊ" എന്നു ചോദിച്ചുകൊണ്ടു വൈശ്രവണത്തു മൂപ്പിലും മുററത്തിറങ്ങി.

ഭവത്രാതൻ ചിന്താസരണിയിൽനിന്നും പെട്ടെന്നുണർന്നു "ഇല്ല, വിശേഷിച്ചൊന്നുമില്ല കാളേജിൽ പോകുന്ന കാര്യം ആലോചിക്കുകയായിരുന്നു."

വൈ—"ഇവിടെ മനയ്ക്കൽ വളരെ ബുദ്ധിമുട്ടാണെന്നൊന്നും വിചാരിക്കേണ്ട. പണം പ്രതാപചന്ദ്രൻ നിവൎത്തിച്ചുതരും. അവൻ വെറും ഒരു കാര്യസ്ഥൻ മാത്രമല്ല എന്തിനു്? പൂർവ്വചരിത്രങ്ങൾ പറഞ്ഞു ദുഃഖിക്കുന്നു.

ഭ "അതേ-അതെ. അവർ നല്ല ആളുകളാണു്. ആ രാജലക്ഷ്മി ഞങ്ങളുടെ ക്ലാസ്സിൽ ഒന്നാമതാണു്. നല്ല മര്യാദയുള്ളകുട്ടി."

വൈ—"അവൾക്കു ഇംഗ്ലീഷു പഠിച്ചമട്ടൊന്നും കാണുന്നില്ല. നല്ല വണക്കവും, ഒതുക്കവും, അല്ലാതെവരാൻ കാര്യവുമില്ല"

ഭ "ഞാൻ വാസ്തവം അങ്ങയോടു തുറന്നുപറയാം. അങ്ങെന്നെ ഇതിൽ സഹായിക്കണം. ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ആദ്യം രാജലക്ഷ്മിയെ കാളേജിൽവച്ചു കണ്ടപ്പോൾമുതൽ എനിക്കു അവളെപ്പററി ഒരു പ്രത്യേക താല്പര്യംതോന്നി. അതു വർദ്ധിച്ചുവർദ്ധിച്ചു ഇപ്പോൾതീരെ ഒതുക്കാൻവയ്യാത്ത രീതിയിൽ ആയിത്തീർന്നിട്ടുണ്ടു്."

വൈ—"നോക്കണേ. ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ ഫലം. എന്തു്? ഒരു നമ്പൂതിരി ജാതിയില്ലാത്ത പെണ്ണിനെ സ്നേഹിക്കയോ? വിശ്വംഭര—ജാതിവ്യത്യാസം ഋഷിപ്രോക്തങ്ങളായ വേദങ്ങളുടെ കാലംമുതല്ക്കുള്ളതാണു്. നിങ്ങൾക്കതു സാരമില്ലായിരിക്കാം. പക്ഷെ മനയ്ക്കലെ കാര്യം പറഞ്ഞാൽ ഞങ്ങൾ അതിൽ വലിയ നിർബന്ധക്കാരാണു്.

ഭവത്രാ—അതെ— അതെ— ഇവിടുന്നു അങ്ങനെതന്നെ പറയണം. അച്ഛൻ പറഞ്ഞു് സകലതും എനിക്കറിയാം. അമ്പതുവർഷത്തിനപ്പുറമുള്ള അങ്ങയുടെ കുടുംബചരിത്രം ഒന്നാലോചിച്ചു നോക്കണം. ഈശ്വരാ! എന്തു ഭയങ്കരം. വൈശ്രവണത്തില്ലം ഇപ്പോൾ ക്ഷയോന്മുഖമായി ഭവിച്ചിരിക്കുന്നെന്നു് അങ്ങുതന്നെ സമ്മതിക്കുന്നല്ലോ. കാരണം. അങ്ങു് ഓർക്കുന്നില്ലായിരിക്കുമോ? ജാതിദുർദ്ദേവതയുടെ കരാളവക്ത്രത്തിൽ നങ്ങൾസകലതും ആഹുതിചെയ്തു ഇല്ലേ? നിങ്ങളുടെ അച്ഛന്റെ അമ്മ— ആ സാധുസ്ത്രീ—അവരുടെ അവസാനം എങ്ങിനെകഴിഞ്ഞു? ദുർഭരമായിരുന്ന ആ മാപ്പിളലഹളക്കാലത്തു എത്ര നംപൂതിരിസ്ത്രീകൾക്കു് അകാരണം നിങ്ങൾ പതിതപം കല്പിച്ചു. നിരവധി സ്ത്രീകളെ "പടികടത്തി" കുലഭ്രംശം വരുത്തിയില്ലേ? കാരണം നിങ്ങളുടെ ശക്തിഹീനത. അവരുടെ കൺമുമ്പിൽ വെച്ചല്ലേ......ഞാൻ ഒന്നും പറയുന്നില്ല. അന്നു കിടുകിടാവിറച്ചു കതകടച്ചിരുന്ന ഭീരുക്കൾ അതിനുശേഷം നിർദ്ദോഷികളായ ആകുലകന്യകകളുടെപിണ്ഡംവെച്ചു ജാതിപ്പിശാചിനെ പ്രീണിപ്പിച്ചു. കഷ്ടം. അങ്ങയുടെ ആയിരപ്പറനിലം എവിടെ? എന്തിനു? എന്തുകൊണ്ടു് എന്തുകൊണ്ടു അങ്ങു് ഞങ്ങളുടെ കുടുംബത്തേക്കു് കടപ്പെട്ടിരിക്കുന്നുവെന്നു അങ്ങയ്ക്കറിയാമോ? എനിയ്ക്കറിയാം. വാർദ്ധക്യകാലത്തു മരണശയ്യയിൽ കിടന്ന രോഗാതുരയായ ആ മാതാവിനെ സ്പർശിച്ച മഹാപരാധത്തിനു ഈശ്വരാ! അങ്ങിനിയുംപഠിച്ചില്ലേ. ഈ നികൃഷ്ടവും, നിശിതവുമായ ജാതിവ്യത്യാസം മാററിയെങ്കിൽ മാത്രമേ നമ്മുടെ സമുദായത്തിനു് അഭ്യുന്നതിയുള്ളൂ. എന്താ! അങ്ങു ഇപ്പോൾ വല്ലാതെ നിൽക്കുന്നതു്.

വൈ —പൂർവ്വസംഭവങ്ങളെപ്പററി പറഞ്ഞപ്പോഴാണു് പല ചിന്തകളും നമ്മുടെ മനസ്സിൽ കടന്നുകൂടുന്നതു. നിങ്ങൾ സകലതും അറിഞ്ഞിരിക്കുന്നല്ലൊ. അതെ. കരിപ്രം അച്ഛന്റെ അടുത്ത ഒരു സ്നേഹിതനായിരുന്നു "കമലാലയത്തിലെ കമലം" ദിവംഗതനായ എന്റെ അച്ഛന്റെ ഓമനസഹോദരി—രാജലക്ഷ്മി, അവരുടെ മകൾ. ഈശ്വരാ! വാസ്തവത്തിൽ ഈജാതിവ്യത്യാസമെന്നൊന്നില്ലായിരുന്നെങ്കിൽ — എങ്ങിനെയാണതു വിസ്മരിക്കുക അനേകവർഷങ്ങളായി ആചരിച്ചുപോരുന്നതല്ലെ. ഏതായാലും ഭവത്രാതന്റെ ആഗ്രഹത്തിനു നാം ഒരു തടസ്സക്കാരനല്ല. പ്രതാപചന്ദ്രനോടു ഞാൻ പറഞ്ഞാൽ കേൾക്കാതിരിക്കുമെന്നു തോന്നുന്നില്ല. പോരെങ്കിൽ ഇതൊക്കെയൊരു കർമ്മബന്ധമാണു്. ഇപ്രകാരം കുറെനേരം നീണ്ടുനിന്ന സംഭാഷണത്തിനുശേഷം അസമയമായതുകൊണ്ടു അവർ നിദ്രയ്ക്കൊരുങ്ങി. പിറേറന്നുരാവിലെ വൈശ്രവണത്തില്ലത്തു വന്നുചേർന്ന കാര്യസ്ഥൻപ്രതാപചന്ദ്രനോടു് വിവരമെല്ലാം വല്യദ്ദേഹം പറഞ്ഞുകേൾപ്പിച്ചു.

* * * *

ഭവത്രാതനും രാജലക്ഷ്മിയുമായുള്ള വിവാഹം കെങ്കേമമായി കഴിഞ്ഞുകൂടി. വധൂവരന്മാർക്കു പരിഷ്കൃതാശയന്മാരായ ധാരാളം ആളുകളിൽ നിന്നും ലഭിച്ച അനുമോദനങ്ങൾക്കും മംഗളാശംസകൾക്കും കയ്യും കണക്കുമില്ല. നംപൂതിരിസമുദായത്തിന്റെ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറന്ന ആ മഹൽസംഭവം ഇന്നും ആളുകളുടെ മനസ്സിൽനിന്നും മറഞ്ഞിട്ടില്ല. അതോടുകൂടി യാഥാസ്ഥിതികമഹാപ്രാസാദത്തിന്റെ അസ്ഥിവാരത്തിനു ഇളക്കവും സംഭവിച്ചു.

പണ്ഡിററു് ഡി. ഗോപാലാചാർലുവിന്റെ

# ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സിരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകറേറണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വർദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീർന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾ മുമ്പു ഇരുന്നതുപോലെ ന്യൂരശമാനം ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീർക്കുകയും ചെയ്യും.

എല്ലാ സ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിർമ്മാതാക്കൾ

ആയുർവ്വേദാശ്രമം

പോസ്റ്റ്"ബാക്സ് 287, മദ്രാസ്.

# കൌതുകരംഗം.

## ലോകത്തിലെ ഏററവും വലിയ ടെലസ്കോപ്പ്.

കാലിഫോർണിയായിൽ മൌണ്ടുവിത്സണിലെ "സോളാർഫിസിക്സ് ഓബ്സർവേററി"യിൽ സ്ഥാപിച്ചിട്ടുള്ള ദൂരദർശിനിയാണ് ലോകത്തിലെ ഏററവും വലിയ ടെലസ്കോപ്പ് എന്നു ഗണിക്കപ്പെട്ടിരിക്കുന്നു. 100 ഇഞ്ചു വ്യാസമുള്ള ഈ കുഴൽക്കണ്ണാടി ഏതാനും വർഷങ്ങൾക്കു മുമ്പു ഇവിടെ സ്ഥാപിച്ചപ്പോൾ, ഇതിലും വലിയ ഒരു ടെലസ്കോപ്പ് ഒരിക്കലും ആർക്കും ഉണ്ടാക്കുവാൻ സാധിക്കുകയില്ലെന്നു ജനങ്ങൾ വിശ്വസിച്ചുപോന്നു. ഗ്ലാസിൻെറ വക്രത വേണ്ടവിധത്തിൽ രാകി ശരിപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ടും, അതിഭീമമായ പണച്ചെലവും അന്നു ഇതിൻെറ നിർമ്മാതാക്കളെ അത്യധികം ക്ലേശിപ്പിക്കുകയുണ്ടായി.

പക്ഷെ 100 ഇഞ്ചു വ്യാസമുള്ള ഈ ദൂരദർശിനികൊണ്ടു സാധിച്ച അത്ഭുതകൃത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ മോഹം വർദ്ധിക്കുന്നതിനു കാരണമാവുകയാണുണ്ടായതു്.

അന്തരിക്ഷത്തിലെ അത്ഭുതങ്ങൾ എന്തുകൊണ്ടു് കുറേക്കൂടി വിശദമായി തങ്ങൾക്കു പ്രത്യക്ഷപ്പെടുത്തിക്കൂടാ എന്നവർ ചോദ്യം ചെയ്തുതുടങ്ങി. കുറേക്കൂടി വിപുലമായ ഒരു യന്ത്രം നിർമ്മിക്കുന്നതിനു തങ്ങൾ വേണ്ട വ്യയം ചെയ്തുകൊള്ളാമെന്നു ഇൻറർനാഷണൽ എഡ്യൂക്കേഷൻബോർഡുകാർ സമ്മതിക്കുകയും ചെയ്തു. തൻമൂലം അമേരിക്കൻ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഒരു കമ്മിററി ഇംഗ്ലണ്ടിലും ജർമ്മനിയിലുമുള്ള ഏതാനും സഹപ്രവത്തകന്മാരുടെ സഹകരണത്തോടുകൂടി ഏതാനും വർഷങ്ങൾക്കു മുമ്പു ഇതിനു വേണ്ട ശ്രമം ചെയ്തുതുടങ്ങി. 200 ഇഞ്ചു വ്യാസത്തോടുകൂടിയ ഒരു കണ്ണാടി ഘടിപ്പിച്ചുകൊണ്ടു് ഒരു ടെലസ്കോപ്പുണ്ടാക്കുവാനായിരുന്നു അവരുടെ ശ്രമം. ഇപ്പോൾ, ന്യൂയാക്കിലുള്ള 'കോർണിങ്ങ് ഗ്ലാസ്‌വക്ക്സ്'കാർ ഇതേവലിപ്പത്തിലുള്ള ഒരു കണ്ണാടി ശരിപ്പെടുത്തിയെടുത്തിരിക്കുന്നതായി രണ്ടാഴ്ചമുമ്പു പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഇതിൻെറ തൂക്കം 20 ടൺ ആണു്. കഴിഞ്ഞ ഏപ്രിൽമാസത്തിൽ ഈ കണ്ണാടിയുടെ പണിയാരംഭിക്കുകയും, ഇപ്പോൾ അതു പൂത്തിയാവുകയും ചെയ്തിരിക്കുന്നു: കണ്ണാടി ഘടിപ്പിച്ചുകഴിയുമ്പോൾ എന്തെങ്കിലും അററകുററങ്ങൾ പ്രത്യക്ഷപ്പെട്ടെങ്കിലോ എന്നു ഭയന്നു, ഇതിൻെറ നിർമ്മാതാക്കൾ ഇതേ വലിപ്പത്തിലുള്ള മറെറാരെണ്ണംകൂടി ഉണ്ടാക്കിത്തുടങ്ങിയിരിക്കയാണു്. മൌണ്ടുവിൽസണടുത്തുള്ള കൊടുമുടികളിലൊന്നിൽ ഒരു പുതിയ ഓബ്സർവേററി ഉണ്ടാക്കി, ഈ ഭീമാകാരമായ ടെലസ്കോപ്പു അവിടെ സ്ഥാപിക്കുന്നതിനാണു തീരുമാനിച്ചിട്ടുള്ളതത്രെ. 1,000,000 പവനാണു ഇതിനു ഒട്ടാകെയുള്ള ചെലവെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. 100 ഇഞ്ചു വ്യാസമുള്ള കുഴൽക്കണ്ണാടിയിലൂടെ 1,500,000,000 നക്ഷത്രങ്ങളുടെ ഫോട്ടോ എടുക്കുവാൻ സാധിക്കുന്നുണ്ടു്. പുതിയ ടെലസ്കോപ്പുമുഖേന 2,000,000,000 നക്ഷത്രങ്ങളുടെ ഫോട്ടോ ഒരേസമയത്തെടുക്കാമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

---

## ഏററവും ധീരനായ മനുഷ്യൻ.

ഇംഗ്ലണ്ടിലെ "ഏററവും ധീരനായ മനുഷ്യനു" കൊടുക്കുന്നതിനായി ഫ്രാംലിങ്ങാമിലെ നാർക്രോസ് എന്നൊരു പട്ടക്കാരൻ തൻെറ സ്വത്തിൽനിന്നു് ൫൦൦ പവൻ നീക്കിവച്ചിരുന്നു. ഇതാരാണെന്നു പറയണമെന്നാവശ്യപ്പെട്ടുകൊണ്ടു് 'വില്ലി'ൻെറ എക്സിക്യൂട്ടർമാർ ഡ്യൂക്ക് ആഫ് വെല്ലിംഗ്ടൻെറ പേക്കെഴുതി "ഇംഗ്ലീഷ്കാർ നടത്തിയിട്ടുള്ള യുദ്ധങ്ങളിൽ വച്ചു ഏററവും വലുതു വാട്ടർലൂയുദ്ധമെന്നാണു് വിചാരിക്കപ്പെട്ടുവരുന്നതു്. പ്രസ്തുതയുദ്ധത്തിൽ ജയം നേടിയതു് ഹൂഗോമണ്ടു ഗേററുകൾ അടച്ചതുകൊണ്ടുമാണു്. പെട്ടെന്നു എത്രയും ധീരമായ വിധത്തിൽ ഈ കൃത്യം നിവ്വഹിച്ചതു് സർ ജെയിംസ്‌മാക്ക്‌ഡൊണൽ ആണു്. അദ്ദേഹത്തിനു ഈ ൫൦൦ പവനും കൊടുക്കുക" എന്നായിരുന്നു വെല്ലിംഗ്ടൻെറ മറുപടി. സർ ജെയിംസിനെ ഈ വിവരമറിയിച്ചപ്പോൾ, അദ്ദേഹം ഇപ്രകാരം മറുപടി കൊടുത്തു. "ഗേററ് അടച്ചതിലുള്ള ബഹുമാനത്തിനു മുഴുവനും ഞാൻ അർഹനല്ല. ജാൺഗ്രഹാം എന്ന എൻെറ സാർജൻറു് എന്നെപ്പോലെതന്നെ ഈ നടപടിയുടെ പ്രാധാന്യം മനസ്സിലാക്കുകയും, എന്നെ സഹായിക്കുന്നതിനു മുന്നോട്ടു ഓടിവരികയും ചെയ്തു. അതിനാൽ നിങ്ങളുടെ അനുവാദത്തോടുകൂടി ഞങ്ങൾ ഈ തുക വീതിച്ചെടുത്തുകൊള്ളാം."

വെല്ലിംഗ്ടൻെറ ഈ അപേക്ഷ, എക്സിക്യൂട്ടർമാർ അനുവദിച്ചുകൊടുത്തു എന്നു പറയേണ്ടതില്ലല്ലോ.

---

## "താര"ങ്ങളുടെ സമ്പാദ്യം

അമേരിക്കയിൽ സിനിമാതാരങ്ങൾക്കു കൊടുത്തുവരുന്ന ശമ്പളം എന്താണെന്നു നോക്കിയാൽ, സാമ്പത്തികാധഃപതനത്തിൻെറ യാതൊരു കോട്ടവും ഇക്കാര്യത്തെ ബാധിച്ചിട്ടില്ലെന്നു കാണാവുന്നതാണു്. ഇവക്കു ആഴ്ചതോറും കൊടുക്കുന്ന ശമ്പളത്തിൻെറ കണക്കാണു ചുവടെ ചേക്കുന്നതു്:—

ഗ്രെററാഗാർബോയ്ക്കു് 1,800 പവൻ; വിൽറോഗേഴ്‌സിനു 1,500 പവൻ; മാറിസ്‌ഷെവലിയക്കു 1,500 പവൻ; കാൺസ്റ്റൻസ്‌ബെന്നററിനു 1,400 പവൻ; ജാൺബാരിമോറിനു് 1,300 പവൻ; റിച്ചാർഡ്‌ബാർത്തൽമെസ്സിനു് 1,200 പവൻ; നോർമാഷിയക്കു് 1,200 പവൻ; ആൻഹാർഡിങ്ങിനു് 1,200 പവൻ; വാലസ്‌ബീരിയ്ക്കു് 1,000 പവൻ; വില്യംപൌവെല്ലിനു് 9 0 പവൻ; ജാൺക്രാഫോർഡിനു് 800 പവൻ; ജാനററ്‌ഗെയ്‌നക്കു് 750 പവൻ; എഡ്വേർഡ് ജി. റാബിൻസണു് 600 പവൻ; ജെയിംസ്‌കാഗ്‌നിക്കു 560- പവൻ; ഗാരിക്രൂപ്പറിനു് 260 പവൻ; വാറൻവില്യമിനു 250 പവൻ

---

## പൂച്ചയുടെ സ്വത്തു്.

ലേക്‌ലൻറിൽ ഇന്നു ജീവിച്ചിരിക്കുന്ന ലോകത്തിലെ ഏററവും സമ്പന്നയായ പൂച്ചയ്ക്കു്, അതിൻെറ സ്വത്തു ഈയിടെ നഷ്ടപ്പെട്ടിരിക്കുന്നു. മാളി എന്നാണു ഈ പൂച്ചയുടെ പേർ. ജെയിൻബാർവിസ് എന്ന അതിൻെറ യജമാനത്തി കഴിഞ്ഞ കൊല്ലത്തിൽ അന്തരിച്ചപ്പോൾ, തൻെറ ഓമനയായ പൂച്ചയ്ക്കുവേണ്ടി ,200 പവൻ നീക്കിവച്ചിരുന്നു. മാളി മരിച്ചാൽ ഈ സ്വത്തു അവരുടെ അകന്ന ചില ബന്ധുക്കൾക്കു വീതിച്ചെടുക്കാമെന്നും 'വില്ലി'ൽ വ്യവസ്ഥചെയ്തിരുന്നു. ഒരു പൂച്ചയ്ക്കു് 14-കൊല്ലത്തെ ആയുസ്സുള്ളതുകൊണ്ടും, ഉടമസ്ഥയുടെ അവകാശികളെല്ലാം എഴുപതിനോടടുത്തപ്രായത്തിലെത്തിയിരിക്കുന്നതിനാലും, പൂച്ച അവരിൽ പലരേയുംകാൾ കൂടുതൽകാലം ജീവിച്ചിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ദുർഘടത്തിനു ഇപ്പോൾ ഒരു പോംവഴി കണ്ടുപിടിച്ചതു്, പൂച്ചയുടെ സ്വത്തു നഷ്ടപ്പെടുന്നതിനു കാരണമായി. മാളിയെ ഇപ്പോൾ സംരക്ഷിക്കുന്നയാളും 'വില്ലി'ൻെറ എക്സിക്യൂട്ടർമാരിൽ ഒരാളുമായ റെവറണ്ടു ജാർജ്ജ്പാല്ലിസ്റ്റർ, പൂച്ചയെ സ്വന്തം പണംകൊണ്ടു രക്ഷിച്ചുകൊള്ളാമെന്നു ഇപ്പോൾ ഏററിരിക്കുന്നു. മരിക്കുന്നതിനുമുൻപു് അവകാശികൾ ഈ സ്വത്തനുഭവിച്ചുകൊള്ളട്ടെ എന്ന ഉദാരമനോഭാവമാണത്രെ അദ്ദേഹത്തെ ഈ 'ത്യാഗ'ത്തിനു പ്രേരിപ്പിച്ചതു്. ഏതായാലും ജെയിൻബാർവ്വിസിൻെറ അവകാശികൾക്കു ഈ 1,200 പവനും ഉടനെ ലഭിക്കുന്നതാണു്.

---


## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള

ഒരു യഥാർത്ഥ സാധനം.

സ്വർണ്ണമെഡലുകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.

വളകൾ ജോടി ഒന്നിനു രൂപാ 3.

കാററ്‌ലാഗ് ഇനാം.

ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്സ്, 187 ചൈനാബസ്സാർറോഡ്,
ജി. ടി. മദ്രാസ്.

ബാലപംക്തി.

# അത്ഭുതാരാമം.

(ചെറിയചെറിയ കുട്ടികൾക്കുള്ള വലിയവലിയ കഥകൾ)

(പരമേശ്വേട്ടൻ)

## ൧. പൈതൽസ്വർഗ്ഗം

വളരെവളരെക്കാലങ്ങൾക്കു മുമ്പ് ലീലാലോകം എന്നു് അന്നു വിളിച്ചിരുന്ന ഈ ലോകത്തിൽ അമ്മയോ അച്ഛനോ ഇല്ലാത്ത മോഹനൻ എന്ന പേരുള്ള ഒരു പൈതൽ ഉണ്ടായിരുന്നു. മോഹനൻ വളരെവളരെ ചെറുപ്പമായിരുന്നതിനാലും തനിച്ചു താമസിക്കയായിരുന്നതിനാലും മുഷിച്ചിൽ തോന്നാതിരിക്കുന്നതിനായിട്ട് അവനെപ്പോലെതന്നെ മാതൃപിതൃപരിത്യക്തയായ ലീല എന്ന ഒരു കുമാരിയെ സഖിയായി വളരെ അകന്ന ഒരു നാട്ടിൽനിന്നു് മോഹനന്റെ കുടിലിലേക്കു രൌഹിണേയൻ എന്ന ഒരു കിന്നരൻ അയച്ചു.

ലീല മോഹനന്റെ കുടിലിൽ കളിക്കാനെത്തു കയറിവന്നപ്പോൾ ആദ്യമായി അവൾ കണ്ടതു ഒരു വലിയ മനോഹരമായ പെട്ടകമായരുന്നു. വാതലുകടന്നു് പ്രഥമമായി അവൾ മോഹനനോടു സംസാരിച്ചതും അതിനെപ്പററിത്തന്നെ ആയിരുന്നു.

"മോഹനാ! ഈ പെട്ടിക്കകത്തു നിന്റെ എന്താണുള്ളതു്?"

മോഹനൻ അതിനു ഇങ്ങനെ മറുപടി പറഞ്ഞു:

"എന്റെ പ്രിയപ്പെട്ട ലീലേ! അതൊരു രഹസ്യമാണു്. ലീല ദയവുചെയ്തു് ഇനിയും അതിനെപ്പററി എന്നോടു ചോദിക്കരുതു്. അതു ഇവിടെ സൂക്ഷിക്കാനായി ഒരാൾ വെച്ചേച്ചുപോയതാണു്. അതിനകത്തെന്താണെന്നു എനിക്കുതന്നെ നിശ്ചയമില്ല—" ലീലയ്ക്കു ജിജ്ഞാസ അധികമായി.

"എന്നാൽ അതാരാണു് നിനക്കുതന്നതു? ഇതെവിടുന്നാണു കൊണ്ടുവന്നതു്."

മോ "അതും ഒരു സ്വകാര്യമാണു്."

ലീല ദേഷ്യത്തിൽ പറഞ്ഞു.

"ഛീ! നീയെന്തുപദ്രവിയാണു ? ഈ വൃത്തികെട്ട പെട്ടി ആരും ഈ വഴി കൊണ്ടുവന്നില്ലായിരുന്നെങ്കിൽകൊള്ളാമായിരുന്നു.

"ലീലേ! ഇങ്ങോട്ടുവരു. ഇനിയും അതിനെക്കുറിച്ചു വിചാരിക്കയേ വേണ്ട നമുക്കു പുറത്തുപോയി മററു കളിക്കാരോടൊത്തു സുഖമായൊന്നുകളിക്കാം" എന്നു മോഹനൻ അപേക്ഷിച്ചു

അന്നു് ഇന്നത്തെ നിലയിൽനിന്നു് ലോകം വളരെ വ്യത്യസ്തപ്പെട്ടിരുന്നു.

അന്നു ലോകത്തെപ്പോലെതന്നെ എല്ലാവരും പൈതങ്ങളായിരുന്നു. ലീലയും മോഹനനും ജീവിച്ചിരുന്നിട്ടു് ഇപ്പോൾ ആയിരമായിരം സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. അക്കാലങ്ങളിൽ വളരെ വളരെ സാധനങ്ങൾ ഭക്ഷിക്കാനുണ്ടായിരുന്നതിനാലും ഒരുതരത്തിലുമുള്ള ഉപദ്രവവസ്തുക്കൾ ഇല്ലായിരുന്നതിനാലുംകുട്ടികളെ പരിചരിക്കുവാൻ മാതാപിതാക്കന്മാരുടെ ആവശ്യം ഉണ്ടായിരുന്നില്ല ഒരു കുട്ടിക്കു എപ്പോഴെങ്കിലും വല്ലതും ഭക്ഷിക്കണമെന്നു തോന്നുമ്പോൾ വൃക്ഷലതാദികളിൽ ധാരാളം കായ്കനികൾ ഉള്ളവയെ പറിച്ചു തിന്നാമായിരുന്നു. തീർച്ചയായിട്ടും അതു വളരെ സുഖകരമായ ഒരു കാലംതന്നെ ആയിരുന്നു ചെയ്യുവാൻ ഒരു ജോലിയും ഇല്ല. പഠിക്കേണ്ട പാഠങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ എപ്പോഴും നൃത്തങ്ങളും ലീലകളുംഎന്നായിട്ടും ആനന്ദപ്രദമായി നടത്താം. പക്ഷികളുടെ കൂജനംപോലെ ബാലന്മാരുടെ മനോഹരവും മധുരവും ആയ ശബ്ദങ്ങളും സന്തോഷാധിക്യത്താൽ ഉച്ചത്തിലുള്ള ചിരികളും ദിവസങ്ങളിൽ എല്ലാസമയത്തും കാററിൽ മാറെറാലിക്കൊള്ളുമായരുന്നു. ഇതിനെക്കാളെല്ലാം വലിയ അത്ഭുതമായി നമുക്കു തോന്നുന്നതു് അന്നു കുട്ടകൾതമ്മിൽ വഴക്കിടുകയില്ലായിരുന്നു എന്ന വസ്തുവമാണു് ഹാ! താമസിക്കുവാൻ വലിയ സുഖമായ ഒരു കാലമായിരുന്നു അതു്. അതിന്റെ പ്രഥമകാരണം അന്നു് "ഉപദ്രവങ്ങൾ" എന്നു് ഇന്നു കരുതിപ്പോരുന്ന കൊതുകുകൾ ലോകത്തിലേക്കയക്കപ്പെട്ടിട്ടില്ലായിരുന്നു ആയിടയിൽ എന്തെങ്കിലും ഒരുപദ്രവമുണ്ടായി എന്നു പറയാമെങ്കിൽ അതു് ആ പെട്ടകത്തിനെക്കുറിച്ചു ലീലയുടെ ജിജ്ഞാസമാത്രമായിരുന്നു. ആദിയിൽ അതുതന്നെ വളരെ സ്വല്പം മാത്രമായിരുന്നു. എന്നാൽ അതു ദൈനംദിനം കൂടുതൽകൂടുതൽ ശക്തിമത്തായി അവസാനത്തിൽലീലാമോഹനന്മാരുടെഗൃഹം മററുള്ള കുട്ടികളുടെ വീടുകളെക്കാൾ പ്രകാശംകുറഞ്ഞതായി ഭവിച്ചു.

"ഈ പെട്ടി എവിടെനിന്നു വന്നു. ഈ ഭൂമിയിലെ എന്തുസാധനമാണിതിനകത്തു വെച്ചിരുന്നതു്—"എന്നു് എപ്പോഴും മോഹനനോടു ലീല ആരാഞ്ഞുകൊണ്ടിരുന്നു.

"എപ്പോഴും ഈ പെട്ടിയേപ്പററിയെ ലീല സംസാരിക്കൂ. പ്രിയപ്പെട്ട ലീലേ! നീ വേറെ വല്ല വസ്തുക്കളേക്കുറിച്ചു സംസാരിച്ചിരുന്നു എങ്കിൽ കൊള്ളാമായിരുന്നു എന്നു ഞാൻ എപ്പോഴും വിചാരിക്കുന്നുണ്ടു്. വരു; നമുക്കു മുന്തിരിവള്ളിയുടെ ചുവട്ടിൽചെന്നു് കുറെ പഴം ശേഖരിച്ചു് അത്താഴത്തിനു തിന്നാം—"

"അതെ! എപ്പോഴും മുന്തിരിങ്ങായും ചൂരപ്പഴവുമല്ലാതെ ഒന്നും സംസാരിക്കാനില്ല—" എന്നു പറഞ്ഞു ലീല മുഖം വീർപ്പിച്ചു

"എന്നാൽ വരു; നമുക്കു കൂട്ടുകാരോടു കൂടി കുറച്ചു രസമായോടിക്കളിക്കാം" എന്നു അന്നുള്ള എല്ലാവരേപ്പോലെ സത്സ്വഭാവിയായിരുന്ന മോഹനൻ പറഞ്ഞു.

ലീല അതിനെ എതിർത്തു "ആനന്ദം മാത്രമായ കാലംകൊണ്ടു ഞാൻ മുഷിഞ്ഞു. എനിക്കതിനിയും ഒട്ടും വേണമെന്നാഗ്രഹമില്ല. ആ നശിച്ചപെട്ടി! എപ്പോഴും അതിനേപ്പററിയെ എനിക്കു വിചാരിക്കാവു. അതിനകത്തെന്താണെന്നു മോഹനൻ തീർച്ചയായും പറയണം—." മോഹനൻ അതുകേട്ടപ്പോൾ കുറച്ചു കോപിച്ചു എന്നു തോന്നുന്നു

"ഞാൻ അതിനകത്തെന്താണെന്നറിയാൻവയ്യാ എന്നു് അമ്പതുപ്രാവശ്യമായി പറയുന്നു. പിന്നെങ്ങിനെ അതിനകത്തെന്താണെന്നു ഞാൻ പറയും?—"

"മോഹനൻ അതു തീർച്ചയായിട്ടും തുറക്കണം. അപ്പോൾ അതിനകത്തെന്താണെന്നു നമുക്കറിയാൻ വയ്യേ? —"എന്നു ലീല കൺകോണുകൊണ്ടു മോഹനനെ നോക്കിക്കൊണ്ടു പറഞ്ഞു.

"ലീലേ! നീ എന്താണിങ്ങിനെ വിചാരിക്കുന്നതു്? —"എന്നു മോഹനൻ ചോദിച്ചു.

സൂക്ഷിക്കാനായി അയാളെ ഏല്പിച്ചിരുന്ന ആ പെട്ടി നോക്കുന്നതുതന്നെ ഭയമാണെന്നു് മോഹനന്റെ ഓമനമുഖം സൂചിപ്പിച്ചതിനാൽഇനിയും അതിനെപ്പററി വാദിക്കുന്നതു് അനാവശ്യവും നഷ്ടപ്രവുമാണെന്നു് ലീല അവസാനത്തിൽ അറിഞ്ഞു. എന്നാൽ അതുപോലെ വിചാരിക്കാതെയും സംസാരിക്കാതെയും ഇരിക്കുന്നതു് അവൾക്കു അസാദ്ധ്യമായിത്തോന്നി.

"എന്നാലും അതെങ്ങിനെ ഇവിടെ എത്തി എന്നു മോഹനന്റെ ലീലയോടു ലീലയുടെ മോഹനൻ പറയുകയില്ലേ? —"എന്നു് അവൾ കണ്ണീരോടു് അപേക്ഷിച്ചു.

"എപ്പോഴും പുഞ്ചിരിതൂകിക്കൊണ്ടിരിക്കുന്ന ബുദ്ധിമാനെന്നു തോന്നുന്ന ഒരാൾ ഇതിവിടെ വെച്ചിട്ടുപോയി. അയാൾ ഒരസാധാരണതരത്തിലുള്ള മുണ്ടാണുടുത്തിരിക്കുന്നതു്. മിക്കവാറും കണ്ടാൽ ചിറകെന്നുതോന്നിക്കുന്ന തൂവലുകൊണ്ടുണ്ടാക്കിയ രിക്കുന്ന ഒരു കിരീടം തലയിൽ വെച്ചിട്ടുണ്ടു്—"

"ഏതുതരം വടിയാണയാൾ പിടിച്ചതു്? —" എന്നു ആഗ്രഹത്തോടു ലീല ഇടയ്ക്കു ചോദിച്ചു.

"ഹോ. നീ കണ്ടിട്ടില്ലാത്ത ഒരുതരം വടിയാണു് ഒരു വടിയുടെ ചുററും രണ്ടു സർപ്പങ്ങൾ പിണഞ്ഞുകിടക്കുന്നതുപോലെ വളരെ മനോഹരമായി കൊത്തിയിട്ടുണ്ടു്. ഞാൻ ആദ്യം അതിനു ജീവനുണ്ടെന്നു വിചാരിച്ചുപോയി—"

ലീല ആലോചിച്ചുപറഞ്ഞു—"ഓ! ഞാൻ അറിയും. അയാളാണു രൌഹിണേയൻ. മനസ്സിലായി. അയാളാണു് എന്നെ ഇവിടെ കൊണ്ടുവന്നതു്. തീർച്ചയായിട്ടു എനിക്കുള്ള കളിസാധനങ്ങളാണു് അതിനകത്തുള്ളതു്—"

മോഹനൻ പുറംതിരിഞ്ഞുനിന്നുകൊണ്ടു പിറുപിറുത്തു. "പക്ഷേ ആയേക്കാം. എന്നാൽ അയാൾ ഇവിടെവന്നനുവദിക്കുന്നതു

വരെ അതു തുറക്കവാൻ നമുക്ക രണ്ടുപേക്കും അവകാശവും അധികാരവുമില്ല—"

മോഹനൻ പടികടന്നു പുറത്തുപോയപ്പോൾ "എന്തൊരു മടിയനാണു് മോഹനൻ! അയാൾക്ക വല്ലതും ചെയ്യുവാൻ ചുണയുണ്ടായിരുന്നാൽ കൊള്ളാമായിരുന്നു" എന്നു ലീല മനസ്സിൽ പറഞ്ഞു.

ലീല വന്നതിൽപിന്നെ അന്നാദ്യമായിട്ടായിരുന്നു മോഹനൻ അവളെ ക്ഷണിക്കാതെ കളിക്കാൻപോയതു്. അയാൾ പുറത്തുപോയ . ഫലങ്ങൾ ശേഖരിക്കുന്നതിനോ, മനോഹരമായ വല്ല ലീലയിലും ഏപ്പെടുന്നതിനോ ആയിരുന്നു. അയാൾ ആ പേടകത്തെപ്പററി കേട്ടുകേട്ടു കണ്ണും തഴമ്പിച്ചു വളരെഅധികം മുഷിഞ്ഞിരുന്നു. ആ പെട്ടി ലീലയുടെ ദൃക്സാക്ഷ്യം വഹിക്കാൻ കഴിയാത്ത വേറെ വല്ലവരുടേയും കൂടിലിൽ ഒളിപ്പിച്ചേയൻ വെച്ചിരുന്നു എങ്കിൽ മതിയായിരുന്നു എന്നു പലപ്പോഴും മോഹനൻ ആഗ്രഹിച്ചിരുന്നു.

മോഹനൻപോയതിനുശേഷം ലീല വളരെനേരം ആ പെട്ടകം നോക്കിക്കൊണ്ടു നിന്നു. അവൾ ആയിരംപ്രാവശ്യം വൃത്തികെട്ട പെട്ടി എന്നുപറഞ്ഞിരുന്നെങ്കിലും വാസ്തവത്തിൽ അതു മനോഹരമായ ഒന്നുതന്നെയായിരുന്നു. ലീലയുടെ മുഖം കാണത്തക്കവണ്ണം അതത്ര മിനുക്കിയിരുന്നു. അതിൻെറ ഏററവും മനോഹരഭാഗംഅവളെനോക്കി ഇങ്ങിനെ പറയുന്നതായി അവൾക്കുതോന്നി. 'ഓമനലീലേ! പേടക്കുണ്ട ആ മണ്ടനായ മോഹനനെ വിശ്വസിക്കരുതോ! ഇതു തുറന്നാൽ എന്തപകടമാണുള്ളതു്. നീ അവനെക്കാൾ പത്തുമടങ്ങു ബുദ്ധിയുള്ളവളും പ്രസരിപ്പുള്ളവളുമാണു്. പെട്ടിതുറന്നു് അകത്തു വളരെ മനോഹരങ്ങളായ വസ്തുക്കൾ കാണുന്നില്ലയോ എന്നു പരീക്ഷിക്ക "

ആ പെട്ടി പൂട്ടുകൊണ്ടൊന്നുമല്ല ബന്ധിച്ചിരുന്നതു്. എന്നാൽ മനോഹരമായ സുവർണ്ണ നൂലിനാൽഉള്ള ഒരു വിഷമമേറിയ കെട്ടുകൊണ്ടാണു പൂട്ടിയിരുന്നതു്. അതഴിക്കുവാൻ എത്രകൂടുതൽ വിഷമംതോന്നിയോ അത്രയുംകൂടുതൽ ലീലയ്ക്കു അതു തുറക്കുവാൻ ആഗ്രഹം ജനിപ്പിച്ചു. രണ്ടു മൂന്നുപ്രാവശ്യം അവൾ കുനിഞ്ഞിരുന്നു ആ കെട്ടു കയ്യിലെടുത്തു അഴിക്കുവാൻ ശ്രമിക്കാതെ പരിശോധിച്ചു. അവൾ തന്നത്താൻ മന്ത്രിച്ചു. "എനിക്ക തഴിച്ചാൽ അതുപോലെതന്നെ കെട്ടാമെന്നു തോന്നുന്നു. അപ്പോൾ അതു മോഹനനുപോലും അറിയുവാൻ സാധിക്കയില്ല. എനിക്കീ കെട്ടഴിച്ചാൽമതി. ഇതു തുറക്കണമെന്നില്ല—"

ഈ സമയമെല്ലാം അവളുടെ വിരലുകൾ ആ സ്വർണ്ണനൂലിൻെറ ബന്ധനത്തെപ്പററി പരീക്ഷിക്കയായിരുന്നു. പെട്ടെന്നവളുടെ കണ്ണുകൾ ആ പെട്ടിയുടെ അടപ്പിൽ പതിഞ്ഞു. അതവളെ നോക്കി ഹസിക്കുന്നതായി അവൾക്കു തോന്നി അവൾ വിചാരിച്ചു: "ഛീ! ഈ പുറ മഹാപീത്തയാണു്. പക്ഷെ ഇതു ഞാൻ ചെയ്യരുതാത്തതു ചെയ്യുന്നതിൽ എന്നെനോക്കിച്ചിരിക്കയായേക്കാം എനിക്ക ഈ ലോകം വിട്ടുപോയാൽകൊള്ളാമെന്നാഗ്രഹമുണ്ടു്."

പെട്ടെന്നു് ആ കെട്ടിനെ അവൾ ഒരു മട്ടിൽ തിരിച്ചപ്പോൾ ആ കാഞ്ചനശകലം മന്ത്രവാദത്താലെന്നപോലെ അഴിഞ്ഞു.

"ഹോ! ഇതെന്തു കറിയാൻവയ്യാത്ത ഒരു ദുർഘടവസ്തുവാണു്. മോഹനനിതറ ഞാനെന്തുപറയും? എനിക്കെങ്ങിനെ ഇതു തിരിയെ കെട്ടാൻ സാധിക്കും?" അവൾ അതു പൂർവസ്ഥിതിയിൽ ബന്ധിക്കുന്നതിനു പഠിച്ചപണി പതിനെട്ടും ശ്രമിച്ചു. എന്നാൽ അതു വെറുതെയായിരുന്നു "മോഹനൻവരുമ്പോൾ ഞാനിതു തുറന്നിട്ടില്ലെന്നെങ്ങിനെ വിശ്വസിപ്പിക്കാൻ കഴിയും?"

അതു വാസ്തവമാണെന്നു അവൾക്കുതന്നെ വിശ്വസിക്കാൻ കഴിയുകയില്ല. എന്നാൽ അവൾക്കിങ്ങിനെ ഒരു ചെറിയശബ്ദം കേൾക്കാൻ കഴിഞ്ഞു.

"ഞങ്ങളെ പുറത്തുവിടു. ഓമനലീലേ! നിനക്ക ഞങ്ങൾ വളരെ കളിക്കൂട്ടുകാരാണു്. ഞങ്ങളെ ഒന്നു പുറത്തുവിട്ടാൽമതി."

അതെന്തായിരിക്കും? ലീല ചിന്തിച്ചു: "ഈ പെട്ടിക്കകത്തു വല്ലതും ജീവനുള്ളതുണ്ടോ? ഉണ്ടു്. എന്തുവന്നാലും ഞാൻ ഒന്നു തുറന്നുനോക്കും. ഒററ ഒരു നോട്ടംമാത്രം. അതുകഴിഞ്ഞാൽ ഞാൻ അടച്ചുവെച്ചേക്കാം. ഒന്നു നോക്കുന്നകൊണ്ടപകടങ്ങൾ ഒന്നും വരാനില്ല—"

മോഹനൻ മുറിയിലേക്കു വന്നപ്പോൾ ആ അധികപ്രസംഗ പെണ്ണു് ഒരു കൈകൊണ്ടു് ആ പെട്ടിതുറക്കുവാൻഭാവിക്കയായിരുന്നു. മോഹനനുതന്നെ ആ വസ്തുവിനകത്തെന്താണെന്നറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹമുണ്ടായിരുന്നു. ലീല അതു തുറക്കുവാൻ തീർച്ചയാക്കി എന്നു നിശ്ചയമായപ്പോൾ താൻ ഒരു മഠയനാണെന്നു കരുതുവാൻ അയാൾക്കു കഴിഞ്ഞില്ല. അതിനകത്തു വല്ലതും വിലപിടിക്കുന്ന വസ്തുക്കളുണ്ടു് എങ്കിൽ അതിനു തനിക്കും അവകാശം ലഭിക്കണമെന്നയാൾ ആഗ്രഹിച്ചു അതിനാൽ നിങ്ങൾ ലീലയുടെ പ്രവൃത്തിയെപ്പററി പഴിക്കുവാൻ ഇടവന്നാൽ മോഹനനേതിരെ വിശ്വസിച്ചുപോകരുതു് ലീല പെട്ടിതുറന്നപ്പോൾ ആ കൂടൽ അന്ധകാരത്താൽ ആവൃതമായി ആദിയിൽ ഒരു ചെറിയ ശബ്ദം ഉണ്ടായിരുന്നതു് അവസാനത്തിൽ ഒരു ഇടിവെട്ടലിൽ അവസാനിച്ചു. ഇതൊന്നും ലീല അറിയാതെ മൂടി നല്ലവണ്ണമുയർത്തി അകത്തേക്കു തലയിട്ടുനോക്കുകയായിരുന്നു ഒരു സമൂഹം ചിറകുള്ള വസ്തുക്കൾ അവളുടെ മുഖത്തുകൂടി പെട്ടിക്കുപുറത്തേക്കു പോകുന്നതായി അവൾക്കുതോന്നി. പെട്ടെന്നു മോഹനൻ വേദനയോടു അവളുടെ പുറകിൽ കരയുന്നതായി അവൾ കേട്ടു.

"ഓ! എന്നെ കൊത്തി അയ്യോ എന്നെ കൊത്തി! തെമ്മാടി ലീലേ! നീയെന്തിനു നശിച്ചപെട്ടി തുറന്നു?—"

പെട്ടെന്നു ലീല മൂടി അടച്ചു് മോഹനനെന്തുസംഭവിച്ചെന്നറിയുവാൻ ചാടിഎഴുന്നേററു നാലുവശത്തേക്കുംനോക്കി കാർമേഘം ആ മുറിയിൽ ആകമാനം നിറഞ്ഞിരുന്നതിനാൽ അതിലുള്ള വസ്തുക്കൾ നല്ലവണ്ണം അവൾക്കു കാണുവാൻ സൗകര്യംലഭിച്ചില്ല. ഇരുട്ടുമായി കണ്ണു പരിചിതമായപ്പോൾ വലിയ പരുന്തിനെപ്പോലെ,എന്നാൽകൂടുതൽ ഭയങ്കരമായി, പറവകൾ നാലുവശത്തും പറന്നുനടക്കുന്നതായി അവൾകണ്ടു. അവയിലൊന്നായിരുന്നു മോഹനനെ കൊത്തിയതു്. അധികംതാമസിയാതെ ലീലക്കും ആ അനുഭവമുണ്ടായി ഒരു വലിയ ജന്തു അവളുടെ തലയിൽ കയറിയിരുന്നു കൊത്തിയപ്പോൾ അതിനെ മോഹനൻ വന്നു കൈകൊണ്ടാട്ടിപ്പായിച്ചില്ലായിരുന്നുവെങ്കിൽ സൂര്യപ്രകാശം അവൾക്ക പിന്നിട്ടു് അനുഭവിക്കേണ്ടതായി വരികയില്ലായിരുന്നു.

[ എൻെറ ഏററവും പ്രിയപ്പെട്ട അനുജന്മാരേ! അവയെന്താണെന്നു പറയാൻ നിങ്ങൾക്ക കഴിയുമോ? അവയാണു ലോകത്തിലെ ഇന്നത്തെ ദുഷ്ടവസ്തുക്കൾ-ഉപദ്രവങ്ങൾ-വികാരങ്ങൾ ]

ലീലയേയും മോഹനനേയും അവ നല്ലവണ്ണം കൊത്തി മുറിവേല്പിച്ചിരുന്നു. പ്രഥമമായി എന്തെന്നില്ലാത്ത വിരോധം അവർ തമ്മിൽ പെട്ടെന്നു തോന്നി. മോഹനൻ ഒരു മൂലയിൽചെന്നു ലീലയ്ക്കു പുറം കാണിച്ചിരുന്നു ലീല ആ പെട്ടിയുടെ മുകളിൽ കമഴ്ന്നുകിടന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു.

പെട്ടെന്നു മൂടിയിൽ ആരോ അകത്തുനിന്നു മുട്ടുന്നതായി അവൾക്കു തോന്നി. ലീല തലപൊക്കി അതെന്തായിരിക്കാം എന്നു ചോദിച്ചു

മോഹനൻ ഒരു പക്ഷെ കേട്ടില്ലെന്നുഭാവിച്ചതായിരിക്കാം, അല്ലെങ്കിൽ അതിവേദനയിൽ അതു ശ്രവിച്ചില്ലായിരിക്കാം. എന്തായാലും അവൻ മൌനം ദീക്ഷിച്ചതേ ഉള്ളു. ലീല കരഞ്ഞുകൊണ്ടുപറഞ്ഞു:

"മോഹനാ! നീ ഒരു നിർദ്ദയനാണു്. നീ എന്നോടു സംസാരിക്കയില്ലല്ലോ?" പിന്നെയും അവൾ ആ ശബ്ദം കേട്ടു.

ലീല ചോദിച്ചു: "നീ ആരാണു്? ഈ വൃത്തികെട്ടപെട്ടിയിൽ ഇനിയുംഎന്താണു്?" ഒരു മനോഹരമധുരപ്രസ്വരശബ്ദം അവൾ ശ്രവിച്ചു.

"ഒന്നു തുറന്നാൽ നിനക്ക കാണാം—" ലീല ഉറക്കെക്കരഞ്ഞു. "മതി! മതി. ഇത്രയും തുറന്നതുകൊണ്ടു മതി ഇല്ല ഇല്ല. അസത്തേ! നീ അതിനകത്തുതന്നെ ഇരിക്ക് നിൻെറ വൃത്തികെട്ട സഹോദരീസഹോദരന്മാർ ലോകത്തിൽ ഇപ്പോൾതന്നെ ധാരാളമുണ്ടു് ഞാൻ ഒരിക്കലും നിന്നെ അഴിച്ചുവിടത്തക്കവണ്ണം അത്രയ്ക്കു മണ്ടിയല്ല നീ അങ്ങിനെ വിചാരിക്കണ്ടാ." അവളുടെ ബുദ്ധിയെ അയാൾ പ്രശംസിക്കുമെന്നു വിചാരിച്ചായിരിക്കണം അവൾ പിൻതിരിഞ്ഞു മോഹനനെ നോക്കിയതു്. എന്നാൽ അയാൾ മുഖംവീർപ്പിച്ചു മൗനം ദീക്ഷിച്ചതേയുള്ളു.

ആ മനോഹരശബ്ദം പിന്നേയും പറഞ്ഞു "ഹാ! നിനക്കെന്നെ അഴിച്ചുവിടുന്നതാണു നല്ലതു്. നീ അഴിച്ചുവിട്ട കൊമ്പുള്ള വസ്തുക്കളുടെ സഹോദരി അല്ല ഞാൻ—വരു! വരു. ലീലേ! നീ എന്നെ പുറത്തുവിടുമെന്നെനിക്ക നല്ല നിശ്ചയമുണ്ടു്."

മോഹനൻ മൂലയിൽനിന്നു പാതി തിരിഞ്ഞു ലീലയെ നോക്കി. അയാൾക്കു തെല്ലാശ്വാസമുള്ളപോലെ സന്തോഷകരമായ മുഖകമലത്തിൽ വീശത്തുടങ്ങിയിരുന്നു. ലീല കരഞ്ഞുകൊണ്ടു പറഞ്ഞു "എൻെറ

ഓമനയല്ലേ മോഹനൻ. ഒന്നു മിണ്ടു! ഈ ശബ്ദം നീ കേട്ടോ?"

"ഓഹോ! ഞാൻ കേട്ടു. അതിനെന്താണു്?"

"എനിക്കീ മൂടി ഇനിയും തുറക്കാമോ?" ലീല ചോദിച്ചു.

"നിന്റെ ഇഷ്ടംപോലെ ചെയ്യു്. ഇപ്പോൾതന്നെ നീ വലിയ ഉപദ്രവംചെയ്തു. ഒരുപക്ഷേ അതു തുറന്നാൽ കുറച്ചു കൂട്ടമായിരിക്കും. എന്നാലും വലിയ വ്യത്യാസം ഒന്നും അതുകൊണ്ടു വരുവാനില്ല--" എന്നായിരുന്നു മോഹനന്റെ മറുപടി.

"നീ എന്റട്ടക്കെ കാച്ചുകൂടി കരുണയോട വർത്തമാനം പറയുകയില്ലേ?" എന്നു കണ്ണുനീർ തുടച്ചുംകൊണ്ടു ലീല പറഞ്ഞു. അന്തർഭാഗത്തുനിന്നു് ആ ശബ്ദം പിന്നെയും കേട്ടു.

"കള്ളച്ചെറുക്കൻ! അവനിതു തുറന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്. ലീലെ! നീ ഇതു തുറക്ക! ഞാൻ നിന്നെ സമാധാനപ്പെടുത്താം. സന്തോഷിപ്പിക്കാം"

"മോഹനാ!" ലീല വിളിച്ചു. "എന്തായാലും ഞാനിതു തുറക്കാൻ തീർച്ചപ്പെടുത്തി."

മോഹനൻ അതിനനുസരണംകാട്ടി ഓടി അടുത്തുവന്നുപറഞ്ഞു.

"ഈ മൂടിക്കു വളരെ ഭാരമുള്ളതുകൊണ്ടു ഞാനും സമാധാനപ്പെടുത്താൻ സഹായിക്കാം." അവർ രണ്ടുപേരുംകൂടി പെട്ടിയുടെ മൂട മാററി. ഒരു മനോഹരമായ "തരുണശലഭം" അതിനകത്തുനിന്നു പുറത്തുവന്നു് ആ മുറി ആകമാനം ആനന്ദപ്രഭയിൽ ആറാടിച്ചു. അവൾ പിന്നെ അവളുടെ കൈകൊണ്ടു മോഹനനെ "ഉപദ്രവങ്ങൾ" മുറിവേൽപ്പിച്ചസ്ഥലങ്ങളിലെല്ലാം സ്പർശിച്ചു സുഖം വരുത്തി. അവിടെനിന്നു പറന്നുചെന്നു ലീലയെ കെട്ടിപ്പിടിച്ചു മുറിവേററ അവളുടെ നെററത്തടത്തിൽ ഉമ്മവെച്ചു സുഖമാക്കി. അതിനുശേഷം അവരുടെ നാലുവശത്തും പറന്നു നടന്നുകളിച്ചു അവരെ സന്തോഷിപ്പിച്ചു. ലീല കൈകൊട്ടിക്കൊണ്ടു ചോദിച്ചു "ഓമനയാരാണു് മനോഹരമേ?—" അതു പുഞ്ചിരിഇട്ടുംകൊണ്ടു പറഞ്ഞു. "എന്നേയാണു് എല്ലാവരും 'ആശ' എന്നു വിളിക്കുന്നതു്. ഞാൻ "ഉപദ്രവങ്ങളുടെ" പിൻപേ ആശയുണ്ടാക്കാൻ നടക്കുകയാണു്."

"ഹാ! നിന്റെ ചിറകു് മഴവില്ലിന്റെകൂട്ടു മനോഹരമാണു്" എന്നു ചിറകുസ്പർശിച്ചു കാണ്ടു ലീല പറഞ്ഞു.

"അതെ! എന്നാൽ അതു കണ്ണുനീരിനാലും ആനന്ദബാഷ്പത്താലും സമ്മിശ്രമാണു്"—എന്നു് അതു ചിരിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങളുടെ കൂട്ടത്തിൽ ഞാൻ എപ്പോഴും താമസിക്കാം. ഞാൻ നിങ്ങൾക്കു ഏററവും നല്ല ഒരു സമ്മാനം തരാം—"

അവർ രണ്ടുപേരും ഒന്നിച്ചു്, "അതെന്താണു്?" എന്നു ഒരേസമയത്തുചോദിച്ചു. അവളുടെ അധരങ്ങളിൽ വിരൽവച്ചുകൊണ്ടു 'ആശ' പറഞ്ഞു.

"അതുമാത്രം ചോദിക്കരുതു്. എന്നുതന്നെയുമല്ല ഈയിടെയെങ്ങുംതന്നില്ലഎങ്കിലും മനം മടുത്തുപോകരുതു്. എന്നാൽ ഞാൻ സത്യമാണു പറയുന്നതു്. വിശ്വസിക്കൂ! - ആശിക്കൂ—"

"ഞങ്ങൾക്കു വിശ്വാസമാണു്—" എന്നവർ സമ്മതിച്ചു. അവർ വിശ്വസിക്കതന്നെ ചെയ്തു.

അതെ! അതിനാലാണു നമുക്കിപ്പോഴും എന്നും വിഷമങ്ങളിൽനിന്നും വിമോചനം കിട്ടുമെന്നു കരുതി ഭാവിഭാസുരസംഭവങ്ങളെ സ്വപ്നത്തിലെന്നവണ്ണം 'ആശിക്കുന്നതു്.'

---


ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാർക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

---

# ദ്രോഹി പോയ വഴിയേ!

സംഭ്രമജനകമായ
ഒരു ഡിററക്ടീവുനോവൽ.

വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.

വില ണ. 8.

"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം.

---

**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

P. J. Cherian, Durbar Artist & Photographer (Cochin)

*Managing Proprietor:*


THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.

---



# ചിലവു ചുരുക്കണൊ?

# '501' സോപ്പ് ഉപയോഗിപ്പിൻ.




ദി ടാററാ ഓയിൽമിൽസ്
കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെന്റു്

19 എ. വാണിയർസ്റ്റ്റീററ്;

ജി. ടി. മദ്രാസ്.

# വീട്.

ആയാംകുടി പി. ആർ. ശങ്കരപ്പിള്ള.

ഒരു "ചാളയിൽ ചെരിയുന്ന" ചണ്ഡാളനും ഇല്ലത്തിരിക്കുന്ന നമ്പൂതിരിക്കും കൊട്ടാരത്തിൽ കുടികൊള്ളുന്ന ചക്രവർത്തിക്കും ഒരുപോലെ അവരവരുടെ വാസസ്ഥലങ്ങൾ—വീടുകൾ—ഹൃദ്യങ്ങളും പ്രിയതരങ്ങളുമത്രേ. വാസസ്ഥലങ്ങൾ എല്ലാം വീടുകൾ തന്നെ. പാർക്കുന്നവരുടെ സ്ഥിതിഭേദമനുസരിച്ച്, പേര് മാറുന്നുവെന്നേയുള്ളു. മേടയും മാടവും വീടുകളാണ്. മാളത്തിലിരിക്കുന്ന പെരിച്ചാഴിയും നീഡത്തിൽ നിവസിക്കുന്ന പറവയും ഗഹ്വരത്തിൽ കുടികൊള്ളുന്ന കേസരിയും തൊഴുത്തിൽ കഴിയുന്ന കാലിയും ഒരുപോലെ അവരവരുടെ വസതിയെ സ്നേഹിക്കുന്നു. ആസ്ത്രേലിയായിൽ മനുഷ്യരേപ്പോലെ, പുഷ്പങ്ങൾ, തളിരുകൾ മുതലായവകൊണ്ടു കൂടുകൾ അലങ്കരിക്കുന്ന ഒരുതരം പക്ഷികളുണ്ട്. കുരുവികൾ അവയുടെ കൂടുകളിൽ കുരുപ്പമണ്ണു തേച്ചു വെളിച്ചംകാണുന്നതിനു മിന്നാമിനുങ്ങുകളെ പിടിച്ചു പതിക്കുന്നു. ഇങ്ങനെ അവധാനപൂർവം അവലോകനം ചെയ്യുന്നപക്ഷം ഏതൊരു ജീവിക്കും അതിന്റെ വീട് അത്യന്തം പ്രിയകരമാണെന്നു കാണ്മാനുകഴിയും. വീടുപണിയുന്നവിഷയത്തിൽ വിരുതന്മാരായ ചിലരുണ്ട്. വിശ്വകർമ്മാവും മയനും നളനുമൊന്നും അവരോടു അടുക്കുകയില്ല; പററുകയില്ല. കൂടുകെട്ടുന്ന വിഷയത്തിൽ കുരുവിയും അറകൾ പണിയുന്ന കാര്യത്തിൽ കടുന്നലും വലകെട്ടുന്ന സംഗതിയിൽ ചിലന്തിയും കാണിക്കുന്ന ശില്പകലാപാടവവും ബുദ്ധിശക്തിയും യുക്തിയും താജ്മഹാളിന്റെ പ്ലാൻനിശ്ചയിച്ചശില്പിയെപ്പോലും വിസ്മയിപ്പിക്കുന്നതാണ്. മനുഷ്യലോകത്തിലുള്ള ഒരു എൻജിനീയർക്കും ഈ വിഷയത്തിൽ അവരെ ജയിക്കുവാൻ സാധിക്കയില്ല.

ഓരോരുത്തർക്കും അവരവർ ജനിച്ചുവളർന്നിട്ടുള്ള വീടുകൾ എത്ര നിസ്സാരവും ചെറുതുമായിരുന്നാലും മഹത്തും കാമ്യവുമായിട്ടേ തോന്നുകയുള്ളു. അന്യന്റെ മണിസൗധത്തിൽ വസിക്കുന്നവനും സ്വന്തവീടിനെവിസ്മരിക്കാൻ വിമുഖനാണ്. നാം നമ്മുടെ ശരീരംപോലെ വീടിനേയും സ്നേഹിക്കുന്നു; മോന്തായമാകുന്ന നട്ടെല്ലിനോടും കഴുക്കോലുകളാകുന്ന വാരിയെല്ലുകളോടും സ്തംഭങ്ങളാകുന്ന കരചരണങ്ങളോടും വാതായനങ്ങളാകുന്ന നവദ്വാരങ്ങളോടും കൂടിയതും പുല്ലുകളാകുന്ന രോമങ്ങൾ മേഞ്ഞിട്ടുള്ളതുമായ ഭവനശരീരത്തിൽ കുടുങ്ങി അതിനെ അത്യന്തം സ്നേഹിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതു അത്ഭുതമല്ല.

വിടുവിക്കുന്നതു വീടു എന്നാണ് അതിന്റെ അർത്ഥം. ഈ നാമധേയം സിദ്ധിച്ചതു് മാതൃഗർഭമാകുന്ന അണിയറയിൽനിന്നും ശരീരമാകുന്ന വേഷംധരിച്ച സൂര്യചന്ദ്രന്മാരാകുന്ന വിളക്കുകളുടെ മുമ്പിൽ ജനനമാകുന്ന യവനിക നീക്കി ഗൃഹമാകുന്ന രംഗത്തിൽ അവതരിക്കുന്നതുകൊണ്ടാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കർമ്മങ്ങളാകുന്ന താളമേളങ്ങൾക്കൊപ്പിച്ചു ആടുകയും പാടുകയും ചെയ്തതിനുശേഷം ഒടുവിൽ അവിടെവച്ചുതന്നെ വേഷം അഴിച്ചു മരണമാകുന്ന യവനികയ്ക്കുള്ളിൽ മറയുകയും ചെയ്യുന്നു. തന്മൂലം ജനനത്തിലേക്കും മരണത്തിലേക്കും വിടുവിക്കുന്ന സ്ഥലമാണു വീടെന്നു സിദ്ധമാകുന്നു.

പക്ഷെ ഒരു കാര്യം തുറന്നുപറയാതെ കഴിയുകയില്ല. വീടു കേവലം കേരളീയനല്ല, തമിഴനാണ്. കൈരളി പണ്ടേ തമിഴിനു കടപ്പെട്ടവളാണല്ലൊ. തമിഴിൽനിന്നു വന്നു വേഷംമാറി കേരളീയനായിത്തീർന്നിരിക്കുന്ന ഈ വീരനെക്കണ്ടാൽ തല്ക്കാലം തമിഴനാണെന്നു തോന്നുകയില്ല. കൈരളി തന്റെ അരുമക്കുഞ്ഞുങ്ങളിലൊന്നായിട്ടു അവനെ സ്വീകരിച്ചും കഴിഞ്ഞു. കാലഹരണദോഷത്താലും സന്തതസാഹചര്യത്താലും പരശിശുവാണെന്നുള്ള ബോധം കൈരളി ഇന്നു തീരെ വെടിഞ്ഞിരിക്കുന്നു. മററു ശിശുക്കളോടു കൂടെ വളർന്നുവരുന്ന അവനെക്കണ്ടാൽ ഇന്നാരും അറിയുകയുമില്ല.

പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥകാമമോക്ഷങ്ങൾക്കു തമിഴിൽ, അറം, പൊരുൾ, ഇമ്പം, വീടു എന്നാണ് പറയുന്നതു്. വീടിനെ അവർ മോക്ഷത്തിന്റെ പര്യായമായി ഗണിച്ചിരിക്കുന്നു. അപ്പോൾ ശരിയായിട്ടുള്ളതു്, ലോകത്തിലേക്കു വിടുവിക്കുന്നതുകൊണ്ടു വീടെന്ന പേരു സിദ്ധിച്ചു എന്നു പറയുന്നതല്ലെന്നു വ്യക്തമാകുന്നു. മോക്ഷത്തിലേക്കു നയിക്കുന്നതുകൊണ്ടു ആ പേരു സിദ്ധിച്ചുവെന്നു പറയുന്നതാണ് അന്വർത്ഥമായിട്ടുള്ളതു്. ആ സ്ഥിതിക്കു സായുജ്യസംസിദ്ധിക്കു സഹായിക്കുന്ന ഈ വീരനെ ജീവികൾ ആദരിക്കയും ആരാധിക്കയും ചെയ്യുന്നതു് അവിഹിതമല്ലതന്നെ.

ഗൃഹം=വീട്. ഗൃഹത്തിൽ സ്ഥിതിചെയ്യുന്നവർ ഗൃഹസ്ഥൻ. ഗാർഹസ്ഥ്യധർമ്മം ശരിയായി പരിപാലിച്ചാൽ അതിന്റെഫലം മോക്ഷമാണ്. സന്യാസവും വാനപ്രസ്ഥവും കാഷായവസ്ത്രവും കൂടാതെ ഒരു ഗൃഹസ്ഥനു മോക്ഷംസിദ്ധിക്കുന്നു. പക്ഷേ ഗൃഹസ്ഥധർമ്മങ്ങൾ കടുകിട തെററാതെ അവൻ അനുഷ്ഠിക്കണം. ഒരുഗൃഹസ്ഥന്റെ ധർമ്മങ്ങൾ എന്തൊക്കെയാണെന്നു വേദങ്ങളും ധർമ്മശാസ്ത്രങ്ങളും വിധിച്ചിട്ടുണ്ട്. അവയെ യഥോചിതം പരിപാലിക്കുന്നതിനു പുരുഷൻമാത്രം വിചാരിച്ചാൽ സാധിക്കയില്ല. ഒരു പുരുഷൻമാത്രമൊ, സ്ത്രീമാത്രമോ വസിക്കുന്ന സ്ഥലം ഗൃഹമാവുകയുമില്ല. പുരുഷനോടൊപ്പം സ്ത്രീയും ഗാർഹസ്ഥ്യധർമ്മമനുഷ്ഠിക്കാൻ സന്നദ്ധയായിരിക്കണം അല്ലെങ്കിൽ വിശേഷമല്ല.

"ശുശ്രൂഷസ്വ ഗുരൂൻകുരു പ്രിയസഖീ
വൃത്തിം സപത്നീജനേ
പത്യുർവിപ്രകൃതാപി രോഷണതയാ
മാസ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ
ഭാഗ്യേഷ്വനുത്സേകിനീ
യാന്ത്യേവം ഗൃഹിണീപദം യുവതയോ
വാമാഃ കുലസ്യാധയഃ"

ഗേഹബാധകളായ ഗൃഹിണികളോടുകൂടിയ ഭവനവും ഗൃഹമാകുന്നതല്ല.

നായികാനായകന്മാർ ദാമ്പത്യരഥത്തിൽ കയറി ഗൃഹസ്ഥാശ്രമപഥത്തിൽകൂടി യഥാവിധി സഞ്ചരിക്കുന്നപക്ഷം അവർക്കു പരമപദം പ്രാപിക്കുന്നതിനു തപസ്സും സന്യാസവുമൊന്നും ആവശ്യമില്ല.

വീട് ഒരു യജ്ഞശാലയാണ്. ഒരു ഗൃഹസ്ഥൻ പല യജ്ഞങ്ങളും അവിടെവച്ച് നിർവഹിക്കേണ്ടതുണ്ട്. പഞ്ചമഹായജ്ഞങ്ങൾ ഋണത്രയങ്ങൾ മുതലായവ ധർമ്മാനുസരണം നിർവഹിക്കുന്ന ഗൃഹസ്ഥനെ മുക്തിസ്ഥാനത്തേക്കു വിടുവിക്കുന്നതിനു വീടു സഹായിക്കുന്നു.

പക്ഷേ, പട്ടുനൂൽപുഴ സ്വയം കൂടുനിർമ്മിച്ച് അതിൽ കുടുങ്ങി വലയുന്നതുപോലെ ഗൃഹഭാര്യാപുത്രാദികളെ വരിച്ചു സ്വയം ആ വലയത്തിൽ കുടുങ്ങി ഭ്രമിച്ചു ഗാർഹികധർമ്മങ്ങളെ വെടിഞ്ഞു കേവലം മൃഗധർമ്മങ്ങളനുഷ്ഠിച്ചു സ്വാർത്ഥലോലുപരായി ജീവിക്കുന്ന ഗൃഹസ്ഥന്മാർക്കു ഗൃഹം നാകത്തിനുപകരം നരകത്തെയാണു നല്കുന്നതു്.

നാകനരകങ്ങളെ സ്വയം സൃഷ്ടിക്കുന്നതിനും നൽകുന്നതിനും പ്രാപ്തിയുള്ള വീടിനെ കുബേരൻമുതൽ കുചേലൻ—ചക്രവർത്തിമുതൽ യാചകൻ—വരെയും ബ്രാഹ്മണൻമുതൽ ചണ്ഡാലൻവരെയുമുള്ളവർ ആദരിക്കയൊ പൂജിക്കയൊ സ്നേഹിക്കയൊ ചെയ്യുന്നതിൽ അത്ഭുതത്തിനവകാശമില്ല. പക്ഷേ അതിന്റെ മാഹാത്മ്യമറിയാതെ ചിലർ അതിനെ, ദുഷിപ്പിക്കുന്നതിലേ കണ്ടിട്ടുമുള്ളു. രക്ഷാകേന്ദ്രം ശിക്ഷാസ്ഥാനമാക്കുന്ന മൂഢവൃത്തി ഒരു ഗൃഹസ്ഥനു പററിയതല്ല. യാഗഭൂമി കൊലക്കളമാക്കുന്ന നയം ആക്ഷേപാർഹമാണ്. പുണ്യതീർത്ഥം ശൌചത്തിനുപയോഗിക്കുന്ന നീചത്വം ഗൃഹസ്ഥൻ അനുഷ്ഠിക്കരുതു. യാഗപാത്രത്തിൽ മദ്യം പകരുന്നതു ഗർഹണീയമാണ്. വിവേകിയായ ഒരു ഗൃഹസ്ഥൻ തദ്വിധം പ്രവർത്തിക്കയില്ല നിശ്ചയം. "ഹേമാലവാല ഭുവി" വിഷദ്രുമം നടുക വിഹിതമല്ല.

"യന്മനീഷിപദാംഭോജ
രജഃകണപവിത്രിതം
തദേവ ഭവനം, നോചേൽ
ഭകാരസ്തത്ര ലുപ്യതേ."

ആതിഥ്യപൂജ ചെയ്യാത്ത ഭവനം വനത്തിനുതുല്യമെന്നത്രേ വിദ്വന്മതം. അതു യഥാർത്ഥവുമത്രേ. "ശത്രു തൻഗൃഹേ വന്നാൽ വഴിപോൽസല്ക്കരിക്കണം" അതാണുനിയമം. ധർമ്മശാസ്ത്രവിധി: ഗാർഹസ്ഥധർമ്മം.

വീടില്ലാത്തവൻ ഇരപ്പാളിയാണ്. വീടും കൂടും ഇല്ലാത്തവനാണെന്നുപറഞ്ഞുനാം ചിലരെ അധിക്ഷേപിക്കാറുണ്ട്. വീടും

കൂട്ടമില്ലാത്തവനെ ആരുംബഹുമാനിക്കുന്നില്ല. അവനെ എല്ലാവരും വെറുക്കുന്നു മോശമാണെങ്കിലും ഒരു വീടുള്ളവൻ അത്ര അയോഗ്യനാകുന്നില്ല.

ഉത്ഭവസ്ഥാനവും സഞ്ചാരസ്ഥലവും അഥവാ വിട്ടുവിടുന്ന സ്ഥലവും ചെന്നുകൂടുന്ന സ്ഥലവും ഇല്ലെന്നുപറഞ്ഞാൽ സായുജ്യം പൂജ്യമെന്നർത്ഥം വീടില്ലാത്തവനു മുക്തിയില്ല, കൂടില്ലാത്തവനു മോക്ഷമില്ല.

വീടും കൂട്ടമില്ലാത്തവൻ മുക്തിക്കു അർഹനല്ലാത്തതിനാൽ അവൻ ഹേയനായി അവനു പൊതുജനദൃഷ്ടിയിൽ സ്ഥാനമില്ല.

"വീട്ടുചോറുണ്ടെങ്കിൽ വിരുന്നുചോറുംകിട്ടും ഊട്ടിലുംകിട്ടാ ദരിദ്രനെന്നോർക്കണം."

അവിടേയും വീട്ടിനുതന്നെ പ്രാധാന്യം. എല്ലാകാര്യത്തിനും വീടും ഊരും പേരുംപ്രധാനമാണു്. സന്യാസിമാർ ഊരുംപേരും വീടുമില്ലാത്തവരാണെങ്കിലും അവരെ എല്ലാവരും ബഹുമാനിക്കുന്നുണ്ടു്. പക്ഷേ അവരുടെ വീടു്, ലോകമെന്ന വിസ്തൃതവലയമായി രൂപംമാറുന്നു. തൻമൂലം അവർ ബഹുമാനിതരായി താപസന്മാർ ലൗകികരല്ല. ലൗകികത്തോടു ബന്ധപ്പെട്ടു മോക്ഷം വരിക്കണമെങ്കിൽ വീടുവേണം. കാടുകയറിയാലേ മോക്ഷം കരഗതമാകൂ എന്നു നിർബന്ധമില്ല. കാടുകയറിയിട്ടുള്ള മോക്ഷം വീട്ടിലെ മോക്ഷംപോലെ വിഷമമുള്ളതല്ല. വിശപ്പുള്ളവൻഅന്നത്തിന്റെ മുന്നിലിരുന്നു അതു ഭക്ഷിക്കാതെ കഴിച്ചുകൂട്ടുന്നതുപോലുള്ള ക്ലേശം വീടുമുഖേന സിദ്ധിക്കുന്ന മോക്ഷത്തിനുണ്ടു് വീടുവെടിയാതേയുള്ള മുക്തി വൈഷമ്യബഹുലമാകയാലത്രേ വീടിനു പ്രാമാണ്യംനൽകി അതിനെ മുക്തിയുടെ പര്യായമാക്കിയിരിക്കുന്നതു്.

വീടുവെടിഞ്ഞു കാശിക്കുപോയാൽ മോക്ഷം ലഭിക്കുമെന്നു വിശ്വസിക്കുന്ന ആളുകൾ വളരെയുണ്ടു്. വീടു കാശിയേക്കാൾ പുണ്യം ഏറുന്ന സ്ഥലമാണു്. ഗംഗയും സേതുവും അവിടെയുണ്ടു്. കാശിനുപോലും വിലപിടിയാത്ത അക്രൂട്ടർ കാശിക്കു പോയാലും ഗതിയില്ല. അവർ എവിടെയിരുന്നാലും ഒരുപോലെ. അഹോ! പുണ്യം നിറഞ്ഞ ഗൃഹമേ! ദാമ്പത്യസങ്കേതമേ! യജ്ഞഭൂവേ! മോക്ഷസ്ഥാനമേ അങ്ങു നീണാൾ ജയിച്ചാലും.

---


## ശ്രീമഹാഭക്തചരിതാമൃതം.

കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്തു്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല.

ഗ്രന്ഥം മുഴുവൻ എഴുതി തിരുംമുമ്പായി ഗ്രന്ഥകർത്താവിനു് സാക്ഷാൽ പണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം ഒരാവർത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെടുവിൻ.

മലയാളഭാഷയിൽ 50-ൽ ശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളു. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു.

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4-ാംഭാഗം വില രൂപാ 1.

നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവർക്കു് 3-രൂ. 8 ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharaja of Travancore.)

**CHAIRMAN:- K. C. PANDALAI B. SC. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

**HEAD OFFICE:- ALLEPPEY.**

Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.

SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

# ചാർലി ചാപ്ലിൻ.

എം. എൻ. ഗോവിന്ദൻനായർ ബി. എ ബി. എൽ.

സിനിമയെപ്പററി എന്തെങ്കിലും അറിയാവുന്നവക്ക് ചാർലിചാപ്ളിനേയും അറിയാം. സിനിമയുമായി ഇത്രമാത്രം താദാത്മ്യം പ്രാപിച്ചിട്ടുള്ള നടന്മാർ ചുരുക്കമാണ്. പരിഷ്കാരസൌധത്തിൻെറ മട്ടുപ്പാവിൽ സ്ഥിതിചെയ്യുന്ന ലണ്ടനിലെ പൌരനും, പരിഷ്കാരശൂന്യതയിൽ മക്കടത്തോടു സാദൃശ്യംവഹിക്കുന്ന ആഫ്രിക്കയിലെ കിരാതന്മാരും ചാർലിയെ അറിയും. ആ ബൌളർഹാററും, മുറിമീശയും, ആ ഉറ്റാടത്തിൻെറ അടിയിൽ വ്യസനഛായ സ്ഫുരിക്കുന്ന ചിരിയും ലോകത്തിൻെറ ഏതുകോണിലുള്ളവക്കും അത്രമാത്രം സുപരിചിതമാണ്. ചാൾസു സ്പെൻസർചാപ്ളിൻ എന്നാണ് അദ്ദേഹത്തിൻെറ മുഴുവൻപേര് ചാൾസ് ചാപ്ളിൻ എന്നു എഴുതുകയാണ് അദ്ദേഹത്തിനിഷ്ടം ചാർളിയെന്നു വിളിക്കുന്നതു് വലിയ വിരോധവുമാണ് എങ്കിലും ലോകം ആ വിരോധത്തെ വകവെക്കുന്നില്ല അവക്ക് ആ വിദൂഷകൻ എന്നും ചാർളിതന്നെ.

1889-ാമാണ്ട് ഏപ്രിൽ 16-ാംതിയതി ചാർളി ഭൂലോകജാതനായി. ഇംഗ്ലീഷുകാരായ മാതാപിതാക്കന്മാർ പാരിസിൽ താമസിക്കുമ്പോഴാണ് ചാർളി ജനിച്ചതു്. ബാല്യകാലം അധികവും ലണ്ടനിലാണ് കഴിഞ്ഞുകൂടിയതു ഒരു നടനായിരുന്ന പിതാവിൻെറകൂടെ ചെറുപ്പംമുതൽതന്നെ ചാർലിയും സഹോദരനായ സിഡ്നിയും നാടകവേദിയിൽ പ്രവേശിച്ചുതുടങ്ങി. 1910-വരെ ചാർലി നാടകക്കമ്പനികളുടെ കൂടെ നടന്നു. അന്നു സിനിമാവ്യവസായം അതിൻെറ ശൈശവാവസ്ഥയിലായിരുന്നു. ഇന്നത്തേതുപോലെ ആകാശത്തിലുള്ളതിൽ കൂടുതൽ താരങ്ങളോ, അവക്കു ഇത്രമാത്രം പരസ്യങ്ങളോ അന്നുണ്ടായിരുന്നില്ല 1910-ൽ ചാർളി അമേരിക്കയിലെത്തി 'കാറം'സിനിമാക്കമ്പെനിയിലെ പ്രധാനവിനോദനടനായി. ചാർലിയുടെ നടനവൈദഗ്ദ്ധ്യംകണ്ടു് ഹോളിവുഡിലുള്ള കീസ്റ്റോൺകോമഡിക്കമ്പെനിയിലെ ഡയറക്ടർ അദ്ദേഹത്തെ തൻെറ കമ്പനിയലേക്കു ക്ഷണിച്ചു. അന്നുമുതൽ അദ്ദേഹം ഹോളിവുഡ്ഡിലെ താരസമൂഹത്തിൽ ഒരു പ്രധാനസ്ഥാനത്തിനവകാശിയായി. കിസ്റ്റോൺകമ്പനിയിൽ അഭിനയിച്ച ആദ്യത്തെ ചിത്രത്തിൽ ചാർലി തൻെറ ലോകപ്രസിദ്ധമായ വേഷം സ്വീകരിച്ചു. അന്നുമുതൽ ഇന്നുവരെ അദ്ദേഹം ഫിലിമിൽ അഭിനയിക്കുമ്പോൾ ആ വേഷംമാത്രമേ സ്വീകരിക്കാറുള്ളു. പഴയ ഒരു ബൌളർഹാററ്, നീളംകുറഞ്ഞു ഏകദേശം ചതുരാകൃതിയുള്ള കൃത്രിമമേൽമീശ ചുരുളൻതലമുടി,പഴയ ഒരു കോട്ടു, പഴയതും ദേഹത്തിനുയോജിക്കാത്തതുമായ കാൽശരായി, തല്ലിച്ചതച്ചതുപോലെ പരന്നു് നിലന്തച്ചിയോടൊക്കുന്ന ഷൂസ്, ധാരാളം മുട്ടുകളുള്ള ഒരു വടി, ഇതുമാണ് ആ വേഷം താറാവുപാത്തയും ഓട്ടുമ്പോൾ അവ കാൽവെക്കുന്നതുപോലെയുള്ള നടപ്പും ഈ വേഷവും കൂടി കണ്ടാൽ ചിരിക്കാത്തവർ അപൂർവമാണ്. പരിഭ്രമമോ ധൃതിയോ വരുമ്പോൾ തൊപ്പി തന്നത്താൻ സ്പ്രിംഗു പാലെ മുകളിലേക്കു ചാടും. ചിലപ്പോൾ മീശയും ചില സക്കസ്സുകളൊക്കെ കാണിക്കാറുണ്ടു്. താൻ ആദ്യമായി ധരിച്ചതും തനിക്കു ഒരു ട്രെയിഡ്മാർക്കായി തീന്നതുമായ ആദ്യത്തെ ആ ഡ്രസ്സാണ് ചർലി അഭിനയാവസരങ്ങളിൽ ഇപ്പോഴും ധരിക്കുന്നതു്. ആ തൊപ്പിക്കും മീശയ്ക്കും ജിഹ്വാരോധാരണങ്ങൾ പലതും ഇതിനകം കഴിഞ്ഞിരിക്കുന്നു എങ്കിലും തൻെറ കീർത്തിക്കു നിദാനമായിത്തീന്ന ആ ഉപകരണങ്ങളെ ഉപേക്ഷിച്ചാൽ എന്തോ തരക്കേടുണ്ടെന്നുള്ള ഒരു വിശ്വാസം ചാർലിക്കുണ്ടു്. അതുമാത്രമല്ല, സാമാന്യജനങ്ങൾ അന്ധവിശ്വാസമെന്നു കരുതുന്ന പലതും ചാർലിക്കു വേദവാക്യങ്ങളാണ്. പഴയ കുതിരലാടം വഴിയിൽകിടന്നുകിട്ടുന്നതു് ഭാഗ്യലക്ഷണമായി ഇംഗ്ലീഷുകാരും അമേരിക്കരും കരുതാറുണ്ടു പക്ഷെ മിക്കവരും അതിനെ ഒരു അന്ധവിശ്വാസമായിട്ടേ കണക്കാക്കാറുള്ളു. ചാർലിക്ക് ഒരു കുതിരലാടം കിട്ടിയാൽ അദ്ദേഹം അന്നുമുഴുവൻ അതു കോട്ടിൻെറ ബട്ടൺഹോളിൽ തൂക്കിയിട്ടുകൊണ്ടു നടക്കും. അതു ദൂരെയെറിഞ്ഞുകളയുന്നതു് അത്യാഹിതത്തെ വിളിച്ചുവരുത്തുകയായിരിക്കുമെന്നാണ് ചാർലിയുടെ ഉത്തമവിശ്വാസം

സിനിമാനടനകലയിൽ ചാർലിക്കുണ്ടായ വിജയം ലോകോത്തരമായിരുന്നു. അന്നുമുതൽ ഇന്നുവരെ അതു് അസ്പൃഷ്ടമായി പരിലസിക്കുന്നു. 1918-ൽ ചാർലി സ്വന്തമായിട്ടു ഒരു കമ്പനി സ്ഥാപിച്ചു. അന്നുമുതൽ ചാർലിയുടെ ഖ്യാതിക്കു് ഒന്നുകൂടെ മാററുകൂടി. അദ്ദേഹത്തിൻശേഷം എത്രയോ നടന്മാർ—പുതിയഭാഷയിൽ പറഞ്ഞാൽ താരങ്ങൾ— ഉദിക്കയുംഅസ്തമിക്കയും ചെയ്തു! എന്നാൽ ചാർലിയാകട്ടെ സാർവ്വത്രികമായ കീർത്തിപ്രകാശപടലത്താൽ ആവൃതനായ ഇന്നും സിനിമാഗഗനത്തിൽപ്രശോഭിക്കുന്നു മററു സിനിമാവിദൂഷകന്മാരേക്കാൾ ചാർലിക്കുള്ള മാഹാത്മ്യം ഇതിനുപരി വ്യക്തമാക്കാം.

സാധാരണ ഒരു കമ്പനിയിൽ ഒരു വിനോദചിത്രം നിമ്മിക്കയാണെന്നിരിക്കട്ടെ. അതിൻെറ കഥയെഴുതുന്നതൊരാൾ. ആ കഥ സിനിമയ്ക്കുപയുക്തമാകത്തക്കവിധം 'സിനാറിയോ' ആക്കിയെഴുതുന്നതു മറെറാരാൾ. സന്ദർഭങ്ങൾ തുടർച്ചയായി അന്യോന്യബന്ധമുള്ളതായി കാണത്തക്കവിധം നടന്മാരെയും രംഗവിധാനങ്ങളെയും ക്രമപ്പെടുത്തുന്നതു മൂന്നാമതൊരാൾ. (സീക്വൻസ്) കഥയുടെ ഇടയ്ക്കു് സന്ദർഭാനുസരണം കൂട്ടിച്ചേർക്കേണ്ട ഫലിതങ്ങളും കോമാളിത്തരങ്ങളും കണ്ടുപിടിക്കുന്നതു വേറൊരാൾ. കഥ ഡയറക്ററുചെയ്യുന്നതു (അഭിനയം നിയന്ത്രിക്കുന്നതു്) പിന്നെയൊരാൾ. ശുദ്ധിപത്രം ചേക്കുന്നതുപോലെയോ, പ്രൂഫ് തിരുത്തുന്നതുപോലെയോ ഫിലിം മുഴുവനായശേഷം ചിലഭാഗങ്ങൾ വെട്ടിക്കളയുകയോ മററു ചിലയടങ്ങളിൽ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതു് (എഡിററിംഗ്) അപരൻ. ഇങ്ങിനെ അനേകം ആളുകളുടെ സാമർത്ഥ്യത്തിൻെറ സമ്മിളിതഫലമാണ് ഒരു ചലനചിത്രം. ആ ചിത്രങ്ങൾ കാണിക്കുമ്പോൾ ആദ്യമായി ഇവരുടെയെല്ലാം പേരുകൾ ക്യാററലാഗുപോലെ നമുക്കു കാണാം. ചാർലിയുടെ ചിത്രങ്ങളിൽ Written, directed and Produced by Charles Chaplin —എന്നാണ് കാണുക. അതായതു്, ആ ചിത്രത്തിൻെറ കഥ എഴുതിയതും, അഭിനയം നിയന്ത്രിച്ചതും, അതിൻെറ നിമ്മാണത്തിനു പണം മുടക്കിയതും എല്ലാം ചാൾസ് ചാപ്ലിൻതന്നെ. ചിത്രം നീങ്ങിത്തുടങ്ങുമ്പോൾ, അതിലെ പ്രധാനനടനും ചാർലിതന്നെയാണെന്നു കാണാം ചാർലിയെന്ന ഒററവ്യക്തിയുടെ സാമർത്ഥ്യമാണ് അദ്ദേഹത്തിൻെറ ചിത്രങ്ങളുടെ ദേഹവും ദേഹിയും.

ലോകത്തിലേക്കുവെച്ചു ഏററവും കീർത്തിയുള്ള 5 മഹാത്മക്കളുടെ പേരുകൾ ആവശ്യപ്പെട്ടുകൊണ്ടു ഒരു ഇംഗ്ലീഷുപത്രം ഒരിക്കൽ ഒരു പരസ്യം പ്രസിദ്ധംചെയ്തു. ഈ മാതിരി അഭിപ്രായങ്ങൾ തങ്ങളുടെ വായനക്കാരിൽനിന്നു വരുത്തി പ്രസിദ്ധംചെയ്യുന്നതു് വലിയ പത്രങ്ങളുടെ ഒരു പതിവാണ്. അവക്കു കിട്ടിയ ലിസ്ററുകളിൽ ഏററവും കൂടുതൽവോട്ടുലഭിച്ചതായിക്കണ്ട മഹാത്മാക്കൾ, ലെനിൻ, ബെർണാഡ്ഷാ, ആനിബെസൻറ്, മഹാത്മാഗാന്ധി, ചാർലിചാപ്ലിൻ എന്നിവരായിരുന്നു.

വിപ്ലവകാരിയായ ലെനിൻെറയും, യതിവര്യനായ ഗാന്ധിജിയുടെയും, തീക്ഷ്ണബുദ്ധിയായ സാഹിത്യകാരൻ ബർണാഡ്ഷായുടെയും കൂട്ടത്തിൽ സിനിമയിലെ കോമാളിവേഷക്കാരനായ ചാർലിക്കും ഒരുസ്ഥാനം ലോകർ കല്പിച്ചിരിക്കുന്നതു അത്ഭുതമായി തോന്നിയേക്കാം. ചാർലി ഒരു വെറുംകോമാളിവേഷംമാത്രമല്ല അദ്ദേഹത്തിൻെറ വിനോദകലാപ്രകടനത്തിനടിയിൽ വലിയ തത്വചിന്തകൾ അടങ്ങിയിരിക്കുന്നതായി — ലോകത്തിനു ചില സന്ദേശങ്ങൾ അവയിൽ നിഗൂഢങ്ങളായിരിക്കുന്നതായി — അദ്ദേഹത്തിൻെറ ആരാധകന്മാർ മനസ്സിലാക്കിയിരിക്കുന്നു.

ഡിക്കൻസ് എന്ന ഇംഗ്ലീഷ്നോവൽകത്താവിനെപ്പോലെ ചാർലിയും ദരിദ്രരുടെയും നിസ്സഹായന്മാരുടെയും കഥകളാണു അഭിനയത്തിനു തിരഞ്ഞെടുക്കാറുള്ളതു്. ചാർലി തിരഞ്ഞെടുത്തിരിക്കുന്ന വേഷംതന്നെ ഒരു അലഞ്ഞുനടക്കുന്നവൻെറ(tramp) മാതൃകയിലുള്ളതാണ്. ആ മാതിരി കഥകളിൽ ഉദിക്കുന്ന വിനോദം ഈഷൽ വ്യസനച്ഛായകലന്നതായിരിക്കും. ഒരാൾ മറിഞ്ഞുവീഴുമ്പോൾ നമുക്കുണ്ടാകുന്ന ചിരിയു

ടെ വിനോദത്തിനടിയിൽ വീഴുന്നവനോടു സ്വല്പം അനുകമ്പകൂടി കലർന്നിരിക്കുമല്ലൊ. അങ്ങനെ അനുകമ്പ കലർന്ന ഒരു ചിരിയാണു ചാർലിയുടെ കോമാളിത്തങ്ങളിൽനിന്നു ഉൽഭൂതമാകുന്നതു്. ദരിദ്രരോടു അനുകമ്പ തോന്നുന്നതിനു്, ആയിരം പ്രസംഗങ്ങളോ അത്രയും പുസ്തകങ്ങളോ നൽകുന്നതിൽ കൂടുതൽ പ്രേരണ ചാർലിയുടെ ഒററ ചലനചിത്രത്തിനു നൽകാൻ സാധിക്കുന്നുണ്ടു്. തൊഴിലാളികൾ അവരുടെ സ്വന്തമായിട്ടാണു ചാർലിയെ കരുതുന്നതു്.

Holiday Trip എന്ന കഥയിൽ, ഒരു വിനോദയാത്രയ്ക്കു ഭാവിക്കുന്ന ചാർലി തന്റെ രണ്ടു കുട്ടികളെ, ഓരോന്നിനെ ഓരോ കക്ഷത്തിലിട്ടി, എടുത്തുകൊണ്ടുവന്നു് സ്വന്തം കാറിലിരുത്തുന്നു കാറോ—ഒടിഞ്ഞു പറിഞ്ഞു് ജീർണ്ണിച്ച ഒരു പഴയ ഫോർഡ്. ചാർലിയുടെ ഭാര്യയും കയറി ഇരിക്കുന്നു. ചാർലി ഗൗരവത്തിൽ നടന്നുചെന്നു് അതു സ്റ്റാർട്ടുചെയ്യുന്നു. വണ്ടി ഭയങ്കരമായി കിടന്നിളകുന്നു. അകത്തിരിക്കുന്നവർ വീഴുകയും അവരുടെ എല്ലൊടിയാൻ തുടങ്ങുകയും ചെയ്യുന്നു ചാർലിയും കാറിൽ ചാടിക്കയറി - വാതിൽ തുറക്കാൻവയ്യാ —സ്റ്റീയറിംഗിൽ പിടികൂടുന്നു. വണ്ടിയുടെ അനക്കം ഉടൻ നിൽക്കുന്നു. വരുന്നതെല്ലാം വരട്ടെ, ഇതിൽക്കൂടുതലൊന്നുംവരാതിരുന്നാൽമതി; എന്നുള്ള മുഖഭാവത്തോടെ ചാർലി ഇറങ്ങി രണ്ടാമതും സ്റ്റാർട്ടുചെയ്യുന്നു. സ്റ്റീയറിംഗിൽ പിടികൂടുന്ന ഉടൻ അതു പഴയപടി നിൽക്കുന്നു. ഇങ്ങനെ അനേകം പ്രാവശ്യം തുടരുന്നു. സാധുവായ തൊഴിലാളിക്കും വിനോദയാത്രയ്ക്കാഗ്രഹമുണ്ടു് പക്ഷേ അവന്റെ സൗകര്യങ്ങൾ എത്ര പരിമിതം. ഉപകരണങ്ങൾ എത്ര അസമർത്ഥങ്ങൾ! എന്നാൽ ഇതിനിടയിൽ ചിരിക്കാതിരിക്കാൻ സാധിക്കുമോ? അതിനു നാടകക്കാർ നോട്ടീസിൽ പറയുന്നതുപോലെ, ജനിക്കാതിരിക്കണം.

ചാർലിയുടെ പ്രധാനപ്പെട്ട ചിത്രങ്ങളുടെ പേരുകളും അവ നിർമ്മിച്ച ആണ്ടുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| A dog's life | (1918) |
| Shoulder Arms | (1918) |
| The Kid | (1921) |
| The Idle Class | (1921) |
| Gold Rush | (1925) |
| The Circus | (1926) |
| City lights | (1932) |

ഇവയിലെല്ലാം പ്രധാന നടൻ ചാർലിയാണു്. ചാർലിയാൽ നിർമ്മിക്കപ്പെട്ടതും ചാർലി നടനായി പ്രവേശിക്കാത്തതുമായ ഒരു ഫിലിംഉണ്ടു്. A woman of Paris എന്നാണു് അതിന്റെ പേർ. അതു് ഡയറക്റ്റുചെയ്തതു് ചാർലിയാണു്. ഗൗരവംനിറഞ്ഞ ഒരു കഥയാണതു്. അതിന്റെ നിർമ്മാണത്തിൽ പ്രകടിപ്പിച്ചിട്ടുള്ള കലാവൈദഗ്ധ്യം വളരെ പ്രശംസനീയമായിട്ടുണ്ടെന്നാണു് നിരൂപകന്മാരുടെ അഭിപ്രായം.

സംസാരിക്കുന്ന ചിത്രങ്ങളോടു് (ടാക്കികൾ) ചാർലിക്കു വെറുപ്പാണു്. ചലനചിത്രങ്ങളിൽ അഭിനയിച്ചു വളരെ ഖ്യാതി സമ്പാദിച്ചിട്ടുള്ള പലരും ടാക്കികളിലും തത്തുല്യമായ ഖ്യാതി ആർജ്ജിച്ചിട്ടുണ്ടു്. പക്ഷേ താൻ ഒരു ചിത്രത്തിൽ സംസാരിക്കുന്നുള്ളതു് ചാർലിക്കു വിചാരിക്കാൻകൂടി വയ്യാ. City lights എന്ന പുതിയ ഫിലിമിൽ പല ശബ്ദങ്ങളും ചേർത്തിട്ടുണ്ടു്. ചാർലി അലഞ്ഞുനടക്കുന്ന വഴി ഒരു കടയുടെ തിണ്ണയിൽ കയറി നിൽക്കുന്നു. അപ്പോൾ ഒരു ഗ്രാമഫോൺ പ്ലേററു അയാൾ കേൾക്കുന്നു. അത്രയും ശബ്ദം ആ ഫിലിമിൽ ഉണ്ടു്. ചാർലി സംസാരിക്കയില്ലെന്നല്ലാതെ ഫിലിമിൽ ശബ്ദം പാടില്ലെന്നു് അദ്ദേഹത്തിനു് നിർബന്ധമില്ല. ആ ഫിലിമിൽതന്നെ ചാർലി അബദ്ധത്തിൽ ഒരു വിസിൽ വിഴുങ്ങുന്നു. പിന്നീടു ശ്വാസം വിടുന്നതെല്ലാം വിസിലിന്റെ ശബ്ദത്തിലാണു്.

സാമൂഹ്യജീവിതത്തിൽ മററുനടന്മാർക്കില്ലാത്തവിധം ഒരു ഉയർന്ന സ്ഥാനം ചാർലിക്കുണ്ടു്. ഒരു നാട്യകലാവിദഗ്ദ്ധൻ, വ്യവസായി, തത്വചിന്തകൻ, എന്നിങ്ങനെ പല തരത്തിലും ചാർലിക്കു് ഉയർന്ന സദസ്സുകളിൽ സ്ഥാനമുണ്ടു്. സകലരേയും പുച്ഛവും സകലരോടും മുള്ളുവാക്കും സകലത്തിനേയും ആക്ഷേപവും ആയി ഒരു ചെയിത്തിന്റെ പ്രതീതി പലർക്കും ഉളവാക്കുന്ന ബെർണാഡ്ഷായുടെ ഗൃഹത്തിലെ ഒരു മാന്യാതിഥിയായി ചാർലി പോയിട്ടുണ്ടു്. റൌണ്ടു് ടേബിൾകാൺഫറൻസുസംബന്ധിച്ചു് ലണ്ടനിൽ പോയ മഹാത്മാഗാന്ധി, അദ്ദേഹത്തിന്റെ ജോലിത്തിരക്കിനിടയിൽ ചാർലിയെ സന്ദർശിച്ചു. ചാർലിയും ഗാന്ധിജിയും കൂടി ഒരുമിച്ചിരിക്കുന്ന ഫോട്ടോയിൽ അവരുടെ വസ്ത്രങ്ങൾ അന്യോന്യം മാററിച്ചേർത്തു്, സൂട്ടിട്ട ഗാന്ധിജിയേയും, ഷാൾ പുതച്ച ചാർലിയേയും നിർമ്മിച്ച ഒരു ചിത്രകാരന്റെ വിദ്യ അക്കാലങ്ങളിൽ എല്ലാ പത്രങ്ങളിലും ചേർത്തിരുന്നതു് വായനക്കാർ ഓർമ്മിക്കുമല്ലൊ. പക്ഷേ അന്നു് ഗാന്ധിജി ഒരു കട്ടംകൈ പ്രവർത്തിച്ചു. ചാർലിയെ സന്ദർശിക്കാൻ പോയ വഴിക്കു്, “ചാർലിയെപ്പററി അങ്ങയുടെ അഭിപ്രായം എന്താണു്?” എന്നു ചോദിച്ച പത്രപ്രതിനിധിയോടു് “ആരാണു് ഈ ചാർലി?” എന്നു ഗാന്ധിജി ചോദിച്ചുവത്രെ. ചാർലിയെ ഇന്നദിവസം ഇത്രമണിക്കു കാണുമെന്നുള്ള ഗാന്ധിജിയുടെ പ്രോഗ്രാം പത്രങ്ങളിൽപോലും ഉണ്ടായിരുന്ന സ്ഥിതിക്കു് ആ മനുഷ്യനെ കാണാൻ പോകുമ്പോൾ പോലും അയാൾ ആരാണെന്നു ഗാന്ധിജിക്കറിഞ്ഞുകൂടായിരുന്നു എന്നുള്ളതു സംഭവ്യമാണോ? ആ ചോദ്യം ഗാന്ധിജിയുടെ ഒരു വലിയ പരസ്യ (advertisement hoax) ത്തട്ടിപ്പു്—(അതായതു വെറുതേ പേരുകേൾക്കാനുള്ള ഒരു സൂത്രപ്പണി) ആയിരുന്നുവെന്നു് ആയിടക്കു ഇംഗ്ലീഷുപത്രങ്ങൾ ഘോഷിക്കുകയുണ്ടായി. സി എഫ്. ആൻഡ്രൂസിനെയും ഗാന്ധിജി ചാർലിയെന്നാണു വിളിക്കുന്നതു്. ഇവരിൽ ഏതുചാർലിയെയാണു കാണാൻപോകുന്നതെന്നു ഗാന്ധിജി സംശയിച്ചു ചോദിച്ചതായിരിക്കണം ഈ ബഹളത്തിനു കാരണമായതു്.

ഇപ്രകാരമെല്ലാം പ്രസിദ്ധിയും മററു പല സൗഭാഗ്യങ്ങളും ചാർലിക്കുണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ വൈവാഹികജീവിതം തീരെ സുഖകരമായിരുന്നില്ല ഒരു സിനിമാനടിയായ മിൽഡ്രെഡ്ഹാരീസാണു് ആദ്യമായി അദ്ദേഹത്തിന്റെ പത്നീപദം സ്വീകരിച്ചതു്. അവർക്കുണ്ടായ ഒരു പുത്രൻ മരിച്ച ഉടൻ എന്തോ കാരണവശാൽ അവർ ദാമ്പത്യബന്ധം ഒഴിഞ്ഞു സ്വതന്ത്രരാവുകയാണുണ്ടായതു്. പിന്നീടു ലിററാഗ്രേ എന്ന വനിതയെ ചാർലി വിവാഹംചെയ്തു. അവർക്കു് രണ്ടുപുത്രന്മാരും ജാതരായി. പക്ഷെ ലിററാഗ്രേക്കു് തീരാത്ത ഒരു പരാതി ഉണ്ടായിക്കൊണ്ടിരുന്നു. ചാർലി സദാസമയവും തന്റെ ജോലിയായ നാട്യകലയിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടിരിക്കയാണെന്നും, തന്നെ അദ്ദേഹം അത്ര ഗൗനിക്കുന്നില്ലെന്നും, തന്നോടുള്ളതിൽ കൂടുതൽ പ്രണയം ചാർലിക്കു് സ്വന്തജോലിയോടാണെന്നും ആയിരുന്നു ആ പരാതി. ഇക്കാര്യം ഗൃഹസീമയെവിട്ടു് ഒടുവിൽ കോടതിയിലെ വിവാഹമോചനഹർജിയായി രൂപാന്തരപ്പെട്ടു. ആണ്ടുതോറും വലിയ ഒരു സംഖ്യ ചാർലിയോടു ചിലാവിനുവാങ്ങിച്ചുകൊണ്ടു ലിററാഗ്രേ രണ്ടുപുത്രന്മാരോടുംകൂടി ഇപ്പോഴും ഹോളിവുഡ്ഡിൽതന്നെ താമസിച്ചുവരുന്നു. അവർതമ്മിലുള്ള ‘വ്യവഹാരം’ അവിടെയും നിന്നില്ല. ചാർലിയുടെ പുത്രന്മാരെ സിനിമാനടന്മാരായി അയയ്ക്കുവാൻ ലിററാഗ്രേ മുതിർന്നു ‘ചാർലിയുടെ മക്കൾ’ എന്ന നിലയ്ക്കു് അവർക്കു സിനിമാലോകത്തിൽ കിട്ടുന്ന സ്ഥാനവും അവരെക്കൊണ്ടു ലിററാ സമ്പാദിക്കുന്ന പണവും തന്റെ പേരിനെ ‘എക്സ്പ്ലോയിററു്’ ചെയ്യുകയായിരിക്കുമെന്നും തന്റെ പുത്രന്മാരെക്കൊണ്ടു ജോലിചെയ്യിക്കാൻ ലിററായ്ക്കവകാശമില്ലെന്നും അതുകൊണ്ടു് അവളുടെ ആ ഉദ്യമത്തെ തടയണമെന്നും ചാർലി കോടതിയോടപേക്ഷിച്ചു 1933-ലാണു ആ കേസുണ്ടായതു്. അതു ചാർലിക്കനുകൂലമായി വിധിക്കയും ചെയ്തു.

ചാർലി സിനിമാലോകത്തിന്റെ മാത്രമല്ല, അമേരിക്കയുടെ മുഴവൻ ആരാധനാവിഗ്രഹമാണു്. അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡൻറുസ്ഥാനത്തിനു ഹൂവറിനോടൊ, റൂസ്‌വെൽട്ടിനോടോ ചാർലി മത്സരിച്ചിരുന്നെങ്കിൽ, ആ സ്ഥാനം ചാർലിക്കു ലഭിക്കുമായിരുന്നുവെന്നു ഒരമേരിക്കൻ സാഹിത്യകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ടു് അമേരിക്കയുമായി ഒരു യുദ്ധമുണ്ടാക്കണമെന്നു ആഗ്രഹിച്ച ജപ്പാനിലെ ചില വിപ്ലവകാരികൾ, അതിനു കാരണമുണ്ടാക്കാനായി ചാപ്ലിനെ വധിക്കണമെന്നു ഒരിക്കൽ നിശ്ചയിക്കയുണ്ടായി. അമേരിക്കരെ യുദ്ധോദ്യുക്തരാക്കുവാൻ അവരുടെ പ്രസിഡൻറിനെ വധിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദമായ പണി സുന്ദരനായ ആ കോമാളിവേഷക്കാരനെകാലന്നുക്കയയ്ക്കുകയാണെന്നു ആ ഘാതകന്മാർ നിശ്ചയിച്ചതിൽനിന്നു ചാപ്ലിനു് അമേരിക്കയുടെ ഇടയിലുള്ള സ്ഥാനം നിർണ്ണയിക്കാവുന്നതാണല്ലൊ.

അഞ്ചടി നാലിഞ്ചുപൊക്കമുള്ള ആ ചെറിയമനുഷ്യൻ ലോകത്തിനു നൽകിയിട്ടുള്ള ആനന്ദം, അദ്ദേഹത്തിന്റെ യശസ്സിനെ കല്പാന്തകാലംവരെ നിലനിർത്തുമെന്നുള്ളതിനു സംശയമില്ല. ഇപ്പോഴും ചാർലി ഏതോ പുതിയ ഒരു കഥ അഭിനയിച്ചുവരുന്നു എന്നാണു കേൾക്കുന്നതു്. സുന്ദരനായ ആ കോമാളി ഇനിയും അനേകം ചിത്രങ്ങൾ നിർമ്മിച്ചു നമ്മെ ആഹ്ലാദക്കടലിൽ ആറാടിക്കട്ടെ.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ജ്യോതിഷഗ്രന്ഥങ്ങൾ.

### ഹോരാശാസ്ത്രം.

ഹോരാഫലരത്നാവലി എന്ന കണ്ണശ്ശപ്പണിക്കരുടെ ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

അത്ഥബഹുലമായ ബൃഹജ്ജാതക (ഹോരാശാസ്ത്ര) ത്തിന്റെ സാരതരങ്ങളും രഹസ്യങ്ങളുമായ സൂക്ഷ്മഭാവങ്ങളെ ഇത്ര വിശദമായി വരിക്കുന്ന ഒരു ഉത്തമഭാഷാവ്യാഖ്യാനം അദ്യാപി അച്ചടിച്ചു കണ്ടിട്ടില്ല.

വില 8-ണ മാത്രം.

### ഹോരാശാസ്ത്രം (പാക്കററുബുക്ക്)

ജ്യോതിശ്ശാസ്ത്രവഴിയാംവണ്ണം അഭ്യസിച്ചിട്ടുള്ളവക്കു മാത്രമല്ല കിഞ്ചിജ്ജന്മാക്കുപോലും ഏററവും പ്രയോജനകരമായ ഒരു ഉത്തമഗ്രന്ഥം. വില അണ 3-മാത്രം.

### കേരളീയപ്രശ്നരത്നം.

വ്യാഖ്യാതാ, മഹോപാദ്ധ്യായൻ എൻ. രാമൻപിള്ള.

നഷ്ടജാതകം ഉണ്ടാക്കുന്നതിനും ത്രികാലഫലങ്ങളെ നിർണ്ണയിക്കുന്നതിനും മോഷണങ്ങളെ തെളിയിക്കുന്നതിനും ഏററവും ഉപയുക്തമായ ഈ ജ്യോതിഷഗ്രന്ഥം ലളിതമായ ഭാഷാവ്യാഖ്യാനത്തോടുകൂടി ഇതാ ആദ്യമായി മലയാളഭാഷയിൽ അവതരിച്ചിരിക്കുന്നു. വില 6-ണമാത്രം.

### ജാതകദശം (ഭാഷാവ്യാഖ്യാനം)

ലളിതമായ ഭാഷാവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധംചെയ്തിരിക്കുന്ന പ്രസ്തുതഗ്രന്ഥം ജ്യോതിശ്ശാസ്ത്രപടുക്കൾക്കും വിശിഷ്യാ ജ്യോതിശ്ശാസ്ത്രം അഭ്യസിക്കുന്നവക്കും ഏററവും ഉപയുക്തമായിരിക്കും എന്നതന്നെ നിസ്സംശയം പറയാവുന്നതാണ്. ഇതിൽ ശാപപരിഹാരചക്രങ്ങളും ചേർത്തിട്ടുണ്ട്.

വില അണ 10

### ജാതകപാരിജാതം.

(സാരപ്രദീപമെന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്)

ഹോരാ, സാവലി മുതലായ പ്രമാണഗ്രന്ഥങ്ങളുടെ സാരഭാഗങ്ങളെ സംഗ്രഹീകരിച്ചു വൈദ്യനാഥപണ്ഡിതർ നവഗ്രഹപ്രസാദാൽ രചിച്ചിട്ടുള്ളതാണ് ഈ ശാസ്ത്രഗ്രന്ഥം. വില രൂ 1.

### മുഹൂർത്തപദവി (ഭാഷാവ്യാഖ്യാനസഹിതം)

നിത്യദോഷങ്ങൾ, ഗുളികനാഴിക, ഗണ്ഡാന്തം, സാർപ്പമസ്തകം, കർത്തരീദോഷങ്ങൾ മുതലായവയെ വഴിയാംവണ്ണം അറിഞ്ഞു വിവാഹാദിമുഹൂർത്തങ്ങൾ നിശ്ചയിക്കുന്നതിന് ഏററവും ഉത്തമമായ ഭാഷാരീതിയിലുള്ള വ്യാഖ്യാനത്തോടുകൂടി ഇതാ മനോഹരമായി അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്നു. വില 10-അണ മാത്രം.

### ഭാഗ്യപ്രശ്നം.

അത്ഭുതകരമായ ഫലപ്രാപ്തിയെ ചെയ്യുന്ന ഒരു നൂതനപ്രസിദ്ധീകരണം.

നെപ്പോളിയൻ ബോണപ്പാർട്ടു് എന്നു ചരിത്രവിഖ്യാതനായ പാശ്ചാത്യമഹാപുരുഷൻ അതിപ്രധാനമായ ഒരു യുദ്ധഘട്ടത്തിൽ ചില പ്രത്യേകഉദ്ദേശങ്ങളോടുകൂടി എഴുതിയുണ്ടാക്കിയിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ ഒരു പ്രതി കൈവശമുണ്ടായിരുന്നാൽ അന്യാപേക്ഷ കൂടാതെ നമ്മുടെ ഭാവികാലസംഭവങ്ങളെ വളരെ സൂക്ഷ്മമായി ദർശിക്കുവാൻ സാധിക്കും. വില 8-ണ മാത്രം.

### നഷ്ടപ്രശ്നദീപിക.

കൊടുങ്ങല്ലൂർ വലിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ശിഷ്യൻ കെ. നീലകണ്ഠൻജ്യോത്സ്യൻ അവർകളാൽ വ്യാഖ്യാനിക്കപ്പെട്ട ഏററവും ഉപകാരപ്രദമായ ഒരു അപൂർവ്വ ജ്യോതിഷഗ്രന്ഥം. വില 8-ണ മാത്രം.

### മഹാമനുഷ്യാലയചന്ദ്രിക.

കൊട്ടാരം, ഭവനം മുതലായ നിവാസസ്ഥാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനനിർദ്ദേശം, സ്ഥാനത്തും അസ്ഥാനത്തും അവ പണിയിച്ചാലുണ്ടാകുന്ന ഗുണദോഷനിരൂപണം മുതലായി അവശ്യജ്ഞേയങ്ങളായ വിഷയങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. വില 8-അണ

### സഹദേവവിരചിതമായ ആരൂഢശാസ്ത്രം.

ഞങ്ങൾക്കു് ഈയിടെ ലഭിച്ച ഒരു അതിപ്രാചീനമായ താളിയോലഗ്രന്ഥത്തിൽനിന്നും മലയാളത്തിൽ തർജ്ജമ ചെയ്ത ഈ പുസ്തകം പ്രശ്നം അറിയേണ്ടവക്കു പ്രയാസം കൂടാതെയും അന്യസഹായം അപേക്ഷിക്കാതെയും സർവ്വോപരി ഉതകുന്ന ഒരു ദിവ്യഗ്രന്ഥമാണ്. ഈ പുസ്തകം ഉപയോഗിക്കേണ്ട മാർഗ്ഗം പ്രസ്താവനയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വില അണ 2 മാത്രം

കൂടാതെ ഭാഗവതം, ഭാരതം, രാമായണം ആദിയായ കിളിപ്പാട്ടുകൾ, പലമാതിരിയിലുള്ള ഗദ്യപുസ്തകങ്ങൾ, സംഗീതനാടകങ്ങൾ, ഊഞ്ഞാൽപ്പാട്ടുകൾ, തുള്ളക്കഥകൾ, ആട്ടക്കഥകൾ മുതലായ എല്ലാ പുസ്തകങ്ങളും വില്പനയ്ക്കു എപ്പോഴും തയ്യാറുണ്ട്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ ക്യാററ്ലാഗിന് അപേക്ഷിക്കുക.

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്ററുഡിയോവിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേററിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്ററുഡിയോ—കൊല്ലം.

# THE MALAYALA RAJYAM CHITRAVARIKA.

17th DEC. 1934.

Vol. VII No 15


# ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കെറ്റുകൾ ലഭിച്ച ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിസ്രുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്റെ മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണ് മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞ്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞ്, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്ക് കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു വില രൂപാ 2. (അഞ്ചൽക്കൂലി പുറമെ.)

## പിത്തകുലാന്തകൻ.

പിത്തരോഗികൾക്കു ഒരു വലിയ അനുഗ്രഹം



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളർച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പു, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ കുപ്പി ഒന്നുക്കു വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിന്റെ മുകളിലുണ്ടാകുന്ന രക്തദുഷ്ട്യവ്രണങ്ങളെയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേ ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശ് (തപാലിൽ ൧ അണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor G. Sanker.